VOL NO: 05 | ISSUE 42
www.nerpatham.com
mail@nerpatham.com
2021 OCTOBER 23 | ₹12

# നേർപഥം

വാരിക



# വെറുപ്പിന്റെ പ്രചാരണവും സൗഹൃദ പാഠങ്ങളും

വെറുപ്പിന്റെ വിതരണക്കാർക്ക് എന്നും നിഗൂഢമായ ലക്ഷ്യങ്ങളുണ്ട്. കേരളത്തിലെ സ്ഥിതിയും മറ്റൊന്നല്ല. എന്നാൽ മഹാമാരിയും പ്രളയവും തീർത്ത ദുരിതപ്പെയ്ത്തിൽ നിന്ന് നീന്തിക്കയറാൻ മലയാളിക്ക് തുണയായായത് ജാതി-മത ചിന്തകൾക്കതീതമായി അവർ കാത്തുസൂക്ഷിക്കുന്ന മാനവികതയെന്ന സൗഹൃദപാഠമാണ്.

- വീണ്ടും ദുരന്തത്തിന്റെ വെള്ളപ്പാച്ചിൽ

- ആരാധനകൾക്ക് ഒരാമുഖം
- ദാരുണമായ ചില സംഭവങ്ങൾ
- ഇസ്‌ലാം വിമർശനം അന്നും ഇന്നും

DISCOUNT UP TO
**20% OFF**

WISDOM BOOKS

### ഷാർജ അന്താരാഷ്ട്ര പുസ്തകമേളയിൽ
### പുറത്തിറങ്ങുന്നു.

# 'വഹാബീ നവോത്ഥാനം: വിമർശനങ്ങളും വസ്തുതയും'

– ഇ: യൂസുഫ് സാഹിബ് നദ്‌വി

അവതാരിക : ഡോ: ടി.ജമാൽ മുഹമ്മദ്.

ആമുഖം : ഡോ. അബ്ദുറഹ്മാൻ ആദൃശ്ശേരി

**INR: ₹800**

**പ്രകാശന ഓഫർ**
**₹ 600/-**

**890 PAGES (2-VOL)**

(ഒക്ടോബർ 31ന് മുമ്പ് പണമടച്ച് ബുക്ക് ചെയ്യുന്നവർക്ക്)

- മുഹമ്മദ് ബിൻ അബ്ദുൽ വഹാബ് (റ): ജീവിതം, ആദർശം, പ്രബോധനം
- എതിരാളികളുടെ കുപ്രചരണങ്ങൾ
- ഇമാം സഹ്സവാനി (റ) ആദർശ സംവാദത്തിന്റെ നായകൻ
- ബറേൽവിസം: ചരിത്രത്തിലെ ദുരൂഹതകൾ
- ശീഇകൾ ഇസ്‌ലാമിനോട് ചെയ്തത്
- ഹുജ്റത്തു ശരീഫയും ചില ചരിത്രങ്ങളും
- ഹുകൂമത്തേ ഇലാഹിയുടെ അപകട പരിണാമങ്ങൾ

+91 9207 525 244 എന്ന നമ്പറിലേക്ക് ₹600 Google Pay റസീപ്റ്റും അഡ്രസും അയക്കുക. പുസ്തകം നിങ്ങളുടെ വീട്ടിലെത്തും..!

0248

# നേർപഥം
വാരിക

2021 ഒക്ടോബർ 23
1442 റബിഉൽ അവ്വൽ 16
പുസ്തകം 05 / ലക്കം 42

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo



Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly








05
**മുഖമൊഴി**
വീണ്ടും ദുരന്തത്തിന്റെ വെള്ളപ്പാച്ചിൽ
എഡിറ്റർ

10
## വെറുപ്പിന്റെ പ്രചാരണവും സൗഹൃദ പാഠങ്ങളും
മുജീബ് ഒട്ടുമ്മൽ

04
**കവിത**
രണ്ടു കവിതകൾ
സുലൈമാൻ പെരുമുക്ക്

06
**വിവർത്തനം**
ആരാധനകൾക്ക് ഒരാമുഖം
ശമീർ മദീനി

17
**നമുക്ക് ചുറ്റും**
കാരണം തേടുമ്പോൾ
ടി.കെ അശ്റഫ്

18
**പുനർവായന**
ഹിദായത്ത്
വി.സി അഹ്മദ്കുട്ടി, മയ്യഴി

23
**ക്വുർആൻ ദർശനം**
അന്നജ്മ് (നക്ഷത്രം)
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

26
**ചരിത്രപഥം**
ദാരുണമായ ചില സംഭവങ്ങൾ
ഹുസൈൻ സലഫി, ഷാർജ

32
**ലേഖനം**
ഇസ്‌ലാം വിമർശനം അന്നും ഇന്നും
വി.വി ബഷീർ വടകര

34
**കാഴ്ച**
സമൃദ്ധിയിലേക്കുള്ള യാത്രകൾ
ഇബ്നു അലി എടത്തനാട്ടുകര

കവിത

സുലൈമാൻ പെരുമുക്ക്
mail@nerpatham.com

# രണ്ടു കവിതകൾ

## ചതി

അയാൾ എന്നെ
ചതിച്ചതിന്റെ
സൂചനയായി
സുഹൃത്തിനോട്
കണ്ണിറുക്കിയത്
ഞാൻ കണ്ടു
പക്ഷേ, അത്
ഞാൻ കണ്ടത്
അയാൾ കണ്ടില്ല;
കാരണം
അതിനുമുമ്പ്
എന്റെ കോങ്കണ്ണ്
അയാളെ ചതിച്ചിരുന്നു!

## നല്ല പാഠം

ആറ്റുനോറ്റുണ്ടായതാണ്,
തലയിലും വെച്ചില്ല
തറയിലും വെച്ചില്ല.
ഇന്നു
നടക്കാനായപ്പോൾ
അവൻ തിരിഞ്ഞു
നടന്നു!
ഇന്നലെയും
സ്വന്തം മക്കളെ
തള്ളക്കോഴി
കൊത്തിയാട്ടിയതു കണ്ട്
സങ്കടപ്പെട്ടതാണ്.

SCHOOL OF Qura'n

## സ്കൂൾ ഓഫ് ഖുർആൻ
### ബ്രാഞ്ചുകൾക്ക് അപേക്ഷ ക്ഷണിച്ചു

ജാമിഅ അൽ ഹിന്ദിന്റെ ആഭിമുഖ്യത്തിൽ വ്യതിരിക്തമായ കാഴ്ചപ്പാടോടുകൂടി രൂപകൽപന ചെയ്തതും 2014 മുതൽ വിജയകരമായി പ്രവർത്തിക്കുന്നതുമായ സ്കൂൾ ഓഫ് ഖുർആനിന്റെ പ്രാദേശിക സെന്ററുകൾക്ക് ഇപ്പോൾ അപേക്ഷിക്കാം.

ഒന്നാം ക്ലാസിൽ ആരംഭിച്ച് ബിരുദാനന്തര ബിരുദത്തോടെ കോഴ്സ് പൂർത്തീകരിക്കുന്ന തരത്തിൽ തയ്യാറാക്കിയ 17 വർഷത്തെ സമഗ്ര പഠന സംവിധാനമാണ് സ്കൂൾ ഓഫ് ഖുർആൻ.

2022 ജൂൺ ഒന്നിന് ആറര വയസ് കവിയാത്തവരും 22-23 അധ്യയന വർഷത്തിൽ സ്കൂളിൽ ഒന്നാം ക്ലാസിൽ ചേരുന്നവരുമായ വിദ്യാർഥി വിദ്യാർഥിനികൾക്കാണ് പ്രവേശനം നൽകുക.

ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും സെന്റർ വഴിയും ബാക്കിയുള്ള ദിവസങ്ങളിൽ ഓൺലൈനിലൂടെയുമാണ് പഠനം ക്രമീകരിച്ചിരിക്കുന്നത്.

അഞ്ചുവർഷം പ്രാദേശിക കേന്ദ്രങ്ങൾ വഴിയും അടുത്ത അഞ്ച് വർഷം റസിഡൻഷ്യൽ ക്യാമ്പസ് വഴിയുമാണ് ആദ്യ രണ്ട് ഘട്ടങ്ങൾ പൂർത്തിയാക്കുന്നത്.

ഖുർആൻ, ഇസ്ലാമിക് സ്റ്റഡീസ് എന്നിവയിൽ അവഗാഹം നേടുന്നതോടൊപ്പം സി.ബി.എസ്.ഇ സിലബസിൽ ഉന്നത വിജയം നേടാനും അഞ്ച് ഭാഷകൾ സ്വായത്തമാക്കാനും ഹാഫിളാവാനും കുട്ടികളെ പ്രാപ്തരാക്കുന്ന രീതിയിലാണ് കരിക്കുലത്തിലെ രണ്ടാം ഘട്ടം പ്ലാൻ ചെയ്തിട്ടുള്ളത്.

ഹയർ സെക്കണ്ടറി, ബിരുദം, ബിരുദാനന്തര ബിരുദം എന്നിവയോടൊപ്പം മത-സാമൂഹിക-രാഷ്ട്രീയ മേഖലകളിൽ തികഞ്ഞ കാഴ്ചപ്പാട് രൂപീകരിക്കുന്ന തരത്തിലാണ് ബാക്കിയുള്ള മൂന്ന് ഘട്ടങ്ങൾ.

നിങ്ങളുടെ ജില്ലയിലെ ഏതെങ്കിലും മണ്ഡലത്തിലോ ശാഖയിലോ സെന്റർ തുടങ്ങാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഗൂഗിൾ ഫോം വഴി അപേക്ഷ നൽകുക.

**റജിസ്ട്രേഷൻ ലിങ്ക്:** https://forms.gle/xFobkHpaiG2BoEd88
**വിശദ വിവരങ്ങൾക്ക്:** 9995588317, 9072646000
**അപേക്ഷ സ്വീകരിക്കുന്ന അവസാന തിയ്യതി:** നവംബർ 25

Office: School of Qur'an, Jamia Al-Hind
Al-Islamiyya, Jamia Campus, Mini Ootty - Oorakam
www.schoolofquran.in, mail@schoolofquran.in

മുഖമൊഴി

# വീണ്ടും ദുരന്തത്തിന്റെ വെള്ളപ്പാച്ചിൽ

**2018ലും** 2019ലും കേരളം ചരിത്രത്തിലെ അതിരൂക്ഷമായ പ്രളയ ദുരിതങ്ങളാണ് നേരിട്ടത്. ഒരിക്കലും വെള്ളം കയറില്ലെന്ന് വിശ്വസിച്ച പലയിടങ്ങളിലും ജലപ്രവാഹം ഇരമ്പിയെത്തി. മലകൾ ഇടിഞ്ഞിറങ്ങി. കണക്കാക്കാൻ പറ്റാത്തത്ര നാശനഷ്ടങ്ങളുണ്ടായി. ഉറ്റവരെ നഷ്ടപ്പെട്ടതു മൂലമുള്ള ദുഃഖവും സ്വരുക്കൂട്ടിയതൊക്കെയും ഒറ്റയടിക്കില്ലാതായതിന്റെ വേദനയും അനുഭവിക്കുന്നവരെ മലയാളികൾ ചേർത്തുപിടിച്ചു.

2020ൽ വ്യാപകമായ പ്രളയമുണ്ടായില്ലെങ്കിലും ഇടുക്കി ജില്ലയിലെ മൂന്നാർ രാജമല പെട്ടിമുടിയിൽ വൻദുരന്തമുണ്ടായി. തേയിലത്തോട്ടത്തിൽ ജോലിചെയ്യുന്ന തൊഴിലാളികൾ അന്തിയുറങ്ങിയ ലയങ്ങൾ ഉരുൾപൊട്ടലിൽ മണ്ണിനടിയിലായി. വനത്തിനുള്ളിൽ ഉണ്ടായ ശക്തമായ ഉരുൾപൊട്ടലിനെ തുടർന്ന് വലിയ പാറകളും വെള്ളവും മണ്ണും കുത്തിയൊലിച്ച് ആ താഴ്‌വരയെ മുഴുവൻ തുടച്ചുനീക്കി. ആറ് ലയങ്ങളിലായി ഉണ്ടായിരുന്ന എഴുപതോളം പേരാണ് ഈ ദുരന്തത്തിനിരയായത്.

ഈ വർഷം ഒക്ടോബറിലെത്തിയപ്പോൾ ഇനി ഏതായാലും പെരുമഴയ്ക്കും പ്രളയത്തിനും സാധ്യതയില്ലെന്നു നിനച്ചിരിക്കുമ്പോഴാണ് തെക്കൻ ജില്ലകളിൽ കനത്ത നാശനഷ്ടം വിതച്ചുകൊണ്ട് പ്രളയം കടന്നുവന്നിരിക്കുന്നത്. കരളലിയിക്കുന്ന കാഴ്ചകളാണ് ദൃശ്യമാധ്യമങ്ങൾ പുറത്തുവിട്ടുകൊണ്ടിരിക്കുന്നത്. ഒരു വീട് മരം കടപുഴകി വീഴുംപോലെ മണിമലയാറിലേക്ക് അപ്പാടെ വീണടിയുന്ന രംഗം ഭീതിയും സങ്കടവും ജനിപ്പിക്കുന്നതാണ്. പരസ്പരം കെട്ടുപ്പുണർന്ന് മണ്ണിനടിയിൽ മരിച്ചുകിടക്കുന്ന പിഞ്ചോമനകളുടെ അവസ്ഥയോർക്കുമ്പോൾ ആരുടെ കണ്ണുകളാണ് നിറയാതിരിക്കുക?

എന്തുകൊണ്ട് ഇത്തരത്തിൽ പ്രളയങ്ങൾ കേരളത്തിൽ ആവർത്തിച്ചുവരുന്നു? ഭൂമി, ജലം, അന്തരീക്ഷം, പർവതങ്ങൾ, ജീവജാലങ്ങൾ, സസ്യങ്ങൾ എന്നിങ്ങനെ ഭൂമിയിലുള്ള ഓരോ വസ്തുവും അല്ലാഹു സൃഷ്ടിച്ചിട്ടുള്ളത് വ്യക്തമായ അളവിന്റെയും അവയ്ക്കിടയിലെ പരസ്പര ബന്ധത്തിന്റെയും അടിസ്ഥാനത്തിലാണ്. നേരിയ അളവിലാണെങ്കിലും ഈ താളത്തിന് എന്തെങ്കിലും പിഴവ് വരുകയാണെങ്കിൽ അതിന്റെ അനന്തരഫലം പ്രവചനാതീതമായിരിക്കും.

കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഉരുൾപൊട്ടലിനും പ്രളയത്തിനും കാരണം പ്രകൃതിക്ഷോഭം മാത്രമല്ലെന്നും നിരുത്തരവാദപരമായ മനുഷ്യന്റെ പ്രവർത്തനഫലമാണതെന്നും പ്രസിദ്ധ പരിസ്ഥിതി ശാസ്ത്രജ്ഞനായ മാധവ് ഗാഡ്ഗിൽ കഴിഞ്ഞ പ്രളയകാലത്ത് അഭിപ്രായപ്പെട്ടിരുന്നു. ഭൂഗർഭ ജലം നിറഞ്ഞ പ്രദേശങ്ങളൊക്കെ നിരപ്പാക്കി. വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്ന വനനശീകരണം കാരണം വെള്ളം സൂക്ഷിച്ചുവെക്കാൻ സാധിക്കാതെ വരുന്നു. അത് ഉരുൾപൊട്ടലിന് വഴിയൊരുക്കുന്നു. കുന്നുകളിടിച്ചു നിരത്തിയത് കാരണം ഒഴുകിവരുന്ന വെള്ളമത്രയും നദികളിൽ എത്തുന്നു. ക്വാറികളുടെ അനിയന്ത്രിതമായ വിഭവചൂഷണം പരിസ്ഥിതിക്ക് വൻ ആഘാതമുണ്ടാക്കുന്നു. നദികളിലെ കനത്ത ജലപ്രവാഹം കാരണം ഡാമുകൾ തുറക്കേണ്ടിവരുന്നു. അപ്പോൾ ജനവാസ കേന്ദ്രങ്ങളിലേക്ക് നദികൾ കവിഞ്ഞൊഴുകുന്നു. ചുരുക്കിപ്പറഞ്ഞാൽ അമിതമായ പ്രകൃതി വിഭവ ചൂഷണത്തിന് ആക്കം കൂട്ടുന്ന വികലമായ വികസന നയങ്ങളുടെ സൃഷ്ടിയാണ് പ്രളയക്കെടുതികൾ.

ശാസ്ത്ര-സാങ്കേതിക രംഗങ്ങളിലെ നേട്ടങ്ങൾ ചൂണ്ടിക്കാട്ടി 'ദൈവമില്ല; ഉണ്ടെങ്കിൽ ആ ദൈവം തോറ്റിരിക്കുന്നു' എന്നൊക്കെ പരിഹസിക്കുന്ന യുക്തിവാദികൾക്കും നിരീശ്വരാവാദികൾക്കും പ്രളയം, ഭൂകമ്പം പോലുള്ള ദുരന്തങ്ങൾ കൃത്യമായ മറുപടി നൽകുന്നുണ്ട്. മനുഷ്യകഴിവുകളൊക്കെ നിഷ്ഫലമാകുന്ന നിമിഷം 'മുകളിൽ ഒരാളുണ്ട്' എന്ന ചിന്ത നിരീശ്വരവാദികയുടെ ഉള്ളിലുമുണരും എന്നതിൽ സംശയമില്ല; അവർ നിഷേധിച്ചാലും. നമ്മുടെ നിസ്സാരതയും ദുർബലതയും നാം തിരിച്ചറിയേണ്ടതുണ്ട്. ദുരയും ആർത്തിയും അഹന്തയും വെടിഞ്ഞ് വിനയാന്വിതരായി ജീവിതം നയിക്കേണ്ടതുണ്ട്. പ്രപഞ്ച സ്രഷ്ടാവ് സർവശക്തനാണെന്ന ബോധം നമ്മിലുണ്ടാകേണ്ടതുണ്ട്. അവന്റെ കൽപനാനിർദേശങ്ങൾക്കനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ ശ്രമിക്കുന്നവരാണ് ബുദ്ധിമാന്മാർ. അവരാണ് യഥാർഥ വിജയം പ്രാപിക്കുന്നവർ.

ശമീർ മദീനി
shameermadeeni@gmail.com

69 വിവർത്തനം



# ആരാധനകൾക്ക് ഒരാമുഖം

ഇബ്നുൽ ഖയ്യിം അൽജൗസി രചിച്ച
'അൽ വാബിലുസ്സ്വയ്യിബ്' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം

26

**അമ്പത്തിനാല്:** സദാസമയവും ദിക്റുമായി കഴിഞ്ഞുകൂടുന്നവർ പുഞ്ചിരിതൂകിക്കൊണ്ട് സന്തോഷത്തോടെ സ്വർഗത്തിൽ പ്രവേശിക്കും. അബുദ്ദർദാഅ് ﵁ പറയുന്നു: "അല്ലാഹുവിനെക്കുറിച്ചുള്ള പ്രകീർത്തനങ്ങൾ നാവിൽ സദാസമയവും പച്ചപിടിച്ചുനിൽക്കുന്നവർ ഓരോരുത്തരും പുഞ്ചിരിക്കുന്ന മുഖത്തോടെ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്" (ഇബ്നു അബീശൈബ തന്റെ 'മുസ്വന്നഫി'ലും അഹ്മദ് 'അസ്സുഹ്ദി'ലും അബൂനുഐം 'അൽഹിൽയ'യിലും ഉദ്ധരിച്ചത്).

**അമ്പത്തിയഞ്ച്:** ആരാധനാകർമങ്ങൾ എല്ലാംതന്നെ മതപരമാക്കപ്പെട്ടത് അല്ലാഹുവിനെക്കുറിച്ചുള്ള 'ദിക്ർ' നിലനിർത്തുന്നതിനു വേണ്ടിയാണ്. അഥവാ അവയുടെ ലക്ഷ്യം അല്ലാഹുവിന്റെ സ്മരണ കൈവരിക്കലാണ്.

അല്ലാഹു പറയുന്നു: "തീർച്ചയായും ഞാനാകുന്നു അല്ലാഹു. ഞാനല്ലാതെ ഒരു ദൈവവുമില്ല. അതിനാൽ എന്നെ നീ ആരാധിക്കുകയും എന്നെ ഓർമിക്കുന്നതിനായി നമസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക" (ക്വുർആൻ 20:14).

'അത് മുഖേന ഞാൻ നിന്നെ ഓർക്കാൻ വേണ്ടി' എന്നും 'നീ എന്നെ ഓർക്കാൻ വേണ്ടി' എന്നും രണ്ടു രൂപത്തിൽ ഇതിന് വിവരണം നൽകപ്പെട്ടിട്ടുണ്ട്. 'എന്നെ സ്മരിക്കുന്ന വേളയിൽ നീ നമസ്കരിക്കുക' എന്നും ഒരു വിശദീകരണമുണ്ട്. (തഹ്ദീബുസ്സുനൻ 6:180, മദാരിജുസ്സാലികീൻ 1:411, റൂഹുൽ മആനി 8:486) എന്നിവ നോക്കുക.

ഇവയിൽ ഏറ്റവും പ്രബലമായിട്ടുള്ളത് 'എന്നെ സ്മരിക്കുന്നതിനു വേണ്ടി നീ നമസ്കാരം നിലനിർത്തുക' എന്ന വിശദീകരണമാണ്. ഇതിന്റെ ഒരു അനുബന്ധമാണ് 'അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണയുള്ളപ്പോൾ അത് നിർവഹിക്കുക' എന്നത്. ഒരു അടിമ തന്റെ റബ്ബിനെ സ്മരിച്ചാലാണ് നമസ്കാരം നിർവഹിക്കുക. അപ്പോൾ അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണയാണ് അവിടെ ആദ്യമുണ്ടായത്. അല്ലാഹുവിനെക്കുറിച്ചുള്ള ഓർമ അത് മുഖേനയുണ്ടായി എന്നർഥം. ചുരുക്കത്തിൽ മൂന്ന് ആശയങ്ങളും ശരിതന്നെയാണ്.

അല്ലാഹു പറയുന്നു: "(നബിയേ,) വേദഗ്രന്ഥത്തിൽനിന്നും നിനക്ക് ബോധനം നൽകപ്പെട്ടത് ഓതിക്കേൾപിക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക. തീർച്ചയായും നമസ്കാരം നീചവൃത്തിയിൽനിന്നും നിഷിദ്ധകർമത്തിൽനിന്നും തടയുന്നു. അല്ലാഹുവെ ഓർമിക്കുക എന്നത് ഏറ്റവും മഹത്തായ കാര്യംതന്നെയാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതെന്തോ അത് അല്ലാഹു അറിയുന്നു" (ക്വുർആൻ 29:45).

ഇതിന്റെ വിശദീകരണങ്ങളായി വന്നതിൽ ഒന്ന് ഇപ്രകാരമാണ്: 'നിശ്ചയം നിങ്ങൾ നമസ്കാരത്തിലൂടെ അല്ലാഹുവിനെ സ്മരിക്കുകയാണ്. അല്ലാഹുവാകട്ടെ അവനെ സ്നേഹിക്കുന്നവരെ സ്മരിക്കുന്നു. അല്ലാഹു നിങ്ങളെ സ്മരിക്കുക എന്നതാണ് നിങ്ങൾ അല്ലാഹുവിനെ സ്മരിക്കുക എന്നതിനെക്കാൾ പ്രധാനം.' ഇബ്നു അബ്ബാസ്ﷺ, സൽമാൻﷺ, അബുദ്ദർദാഅ്ﷺ, ഇബ്നു മസ്ഊദ്ﷺ തുടങ്ങിയവരിൽനിന്നൊക്കെ ഇപ്രകാരം ഉദ്ധരിക്കപ്പെടുന്നുണ്ട്.

'അല്ലാഹുവിന്റെ ദിക്ർ ആണ് ഏറ്റവും വലുത്' എന്നതിന് അല്ലാഹുവിന്റെ തന്നെ മറ്റൊരു വചനമായ 'നിങ്ങൾ എന്നെ സ്മരിക്കുക; എങ്കിൽ ഞാൻ നിങ്ങളെയും ഓർക്കും' എന്ന സൂക്തംകൊണ്ടും വിശദീകരിക്കപ്പെട്ടിട്ടുണ്ട്. അപ്പോൾ അല്ലാഹു നിങ്ങളെ ഓർക്കുക എന്നതാണ് നിങ്ങൾ അവനെ ഓർക്കുന്നതിനെക്കാൾ മഹത്തരമായിട്ടുള്ളത്. (തഫ്സീറുത്ത്വബ്രി കാണുക).

ഇബ്നു സൈദും ക്വതാദയും പറയുന്നു: 'അതിന്റെ അർഥം; അല്ലാഹുവിനെ ദിക്ർ ചെയ്യലാണ് എല്ലാറ്റിനെക്കാളും മഹത്തരമായത്.' സൽമാൻﷺ ചോദിക്കപ്പെട്ടു: 'ഏത് കർമമാണ് ഏറ്റവും ശ്രേഷ്ഠം?' അദ്ദേഹം പറഞ്ഞു: 'താങ്കൾ ക്വുർആൻ വായിച്ചിട്ടില്ലേ? അല്ലാഹുവിനെ സ്മരിക്കലാണ് ഏറ്റവും വലുത്'(29:45) (ത്വബ്രി ഉദ്ധരിച്ചത്)

ഇതിന് ഉപോൽബലകമാണ് മുമ്പ് പറഞ്ഞ അബുദ്ദർദാഇന്റെ ഹദീഥ്: 'നിങ്ങളുടെ കർമങ്ങളിൽ ഏറ്റവും ഉത്തമമായതിനെക്കുറിച്ച് ഞാൻ നിങ്ങൾക്ക് അറിയിച്ചുതരട്ടെ; അതായത് നിങ്ങളുടെ രാജാധിരാജന്റെയടുക്കൽ ഏറ്റവും വിശിഷ്ഠമായതും സ്വർണവും വെള്ളിയും ചെലവഴിക്കുന്നതിനെക്കാൾ ഉത്തമമായതും...' (തിർമുദി, ഇബ്നുമാജ, അഹ്മദ്, ഹാകിം മുതലായവർ ഉദ്ധരിച്ചത്).

ശൈഖുൽ ഇസ്ലാം അബുൽഅബ്ബാസ് ഇബ്നുതൈമിയ്യ(റഹി) പറയാറുണ്ടായിരുന്നു: 'ഈ ആയിരത്തിന്റെ ശരിയായ വിവക്ഷ ഇതാണ്; നിശ്ചയം, നമസ്കാരത്തിൽ രണ്ട് പ്രധാന ലക്ഷ്യങ്ങളുണ്ട്. ഒന്ന് മറ്റൊന്നിനെക്കാൾ പ്രധാനമാണ്. തീർച്ചയായും നമസ്കാരം മ്ലേച്ഛവും ഏറ്റവും മോശപ്പെട്ടതുമായ കാര്യങ്ങളിൽനിന്നും തടയുന്നതാണ്. അപ്രകാരംതന്നെ അത് അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണയും പ്രകീർത്തനങ്ങളും അടങ്ങുന്നതാണ്. അതിലെ അല്ലാഹുവിനെക്കുറിച്ചുള്ള 'ദിക്ർ' ആണ് മ്ലേച്ഛവും മോശവുമായ കാര്യങ്ങളിൽനിന്നും അത് തടയുന്നു എന്നതിനെക്കാൾ മഹത്തരമായത്' (അൽഉബൂദിയ്യ, മജ്മൂഉ ഫതാവ എന്നിവ നോക്കുക).

ഇബ്നു അബിദ്ദുൻയാ പറയുന്നു: "ഇബ്നു അബ്ബാസിﷺനോട് 'ഏതു കർമമാണ് ഏറ്റവും ശ്രേഷ്ഠം' എന്ന് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിനെ സ്മരിക്കലാണ് ഏറ്റവും മഹത്തരം' (ഇബ്നു അബീശൈബ തന്റെ 'മുസ്വന്നഫി'ലും ബൈഹക്വി 'ശുഅബുൽ ഈമാനി'ലും ഉദ്ധരിച്ചത്).

നബിﷺ പറഞ്ഞതായി ആഇശﷺ

നിവേദനം ചെയ്യുന്നു: “നിശ്ചയമായും (ഹജ്ജിന്റെ ഭാഗമായി)കഅ്ബ ത്വവാഫ് ചെയ്യലും സഫാമർവകൾക്കിടയിൽ സഅ്‌യ് നിർവഹിക്കലും ജംറകളിൽ എറിയലും എല്ലാം നിശ്ചയിക്കപ്പെട്ടിട്ടുള്ളത് അല്ലാഹുവിനെക്കുറിച്ചുള്ള ദിക്ർ നിലനിർത്തുന്നതിന് വേണ്ടിയാണ്” (അബൂദാവൂദ്, തിർമുദി).

**അമ്പത്തിയാറ്:** ഏതൊരു കർമം ചെയ്യുന്നവരിലും ഏറ്റവും ശ്രേഷ്ഠർ ആ കർമിലത്തിലൂടെ അല്ലാഹുവിനെ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നവരാണ്. നോമ്പുകാരിൽ ഏറ്റവും ശ്രേഷ്ഠർ തങ്ങളുടെ നോമ്പിലൂടെ അല്ലാഹുവിനെ കൂടുതലായി സ്മരിക്കുന്നവരാണ്. ദാനധർമങ്ങൾ ചെയ്യുന്നവരിൽ ഏറ്റവും ഉത്തമർ അതിലൂടെ അല്ലാഹുവിനെ അധികമായി ഓർക്കുന്നവരാണ്. ഹജ്ജ് ചെയ്യുന്നവരുടെ കൂട്ടത്തിൽ ഏറ്റവും മഹത്ത്വമുള്ളവർ അല്ലാഹുവെ ധാരാളമായി പ്രകീർത്തിക്കുന്നവരാണ്. ഇങ്ങനെയാണ് മറ്റു കർമങ്ങളുടെയും സ്ഥിതി.

ഈ വിഷയത്തിൽ മുർസലായ ഒരു ഹദീഥ് ഇബ്നു അബിദ്ദുൻയാ ഉദ്ധരിക്കുന്നുണ്ട്. നബിﷺയോട് ഒരാൾ ചോദിച്ചു: ‘ഏത് പള്ളിയുടെ ആളുകളാണ് ഉത്തമർ?’ അവിടുന്ന് പറഞ്ഞു: ‘അവരിൽ കൂടുതലായി അല്ലാഹുവിനെ സ്മരിക്കുന്നവർ.’ വീണ്ടും ചോദിക്കപ്പെട്ടു: ‘ജനാസയെ അനുഗമിക്കുന്നവരിൽ ഉത്തമർ ആരാണ്?’ നബിﷺ പറഞ്ഞു: ‘അവരിൽ അല്ലാഹുവിനെ അധികമായി ഓർക്കുന്നവർ.’ പിന്നെയും ചോദിക്കപ്പെട്ടു: ‘ധർമസമരം നയിക്കുന്നവരിൽ ആരാണ് ഏറ്റവും ശ്രേഷ്ഠർ?’ അവിടുന്ന് പറഞ്ഞു: ‘അവരിൽ അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ അധികരിപ്പിച്ചവർ.’ ‘ഹജ്ജു ചെയ്യുന്നവരിൽ ഏറ്റവും ഉത്തമർ ആരാണ്’ എന്നു ചോദിച്ചപ്പോൾ നബിﷺ പറഞ്ഞു: ‘അവരിൽ കൂടുതലായി അല്ലാഹുവിനെ സ്മരിച്ചവർ.’ ‘രോഗികളെ സന്ദർശിക്കുന്നവരുടെ കൂട്ടത്തിൽ ആരാണ് ഏറ്റവും ശ്രേഷ്ഠർ’ എന്നു ചോദിച്ചപ്പോൾ നബി ﷺ പറഞ്ഞു: ‘അവരുടെ കൂട്ടത്തിൽ അല്ലാഹുവിനെ കൂടുതലായി ഓർക്കുന്നവർ.’ അബൂബക്കർ رضي الله عنه പറഞ്ഞു:‘അല്ലാഹുവിനെ സ്മരിക്കുന്ന ‘ദിക്റി’ന്റെ ആളുകൾ നന്മകളെല്ലാം കൊണ്ടുപോയി’ (ഇബ്നുൽമുബാറക് ‘അസ്സുഹ്ദി’ലും അബുൽ ക്വാസിമുൽ അസ്ബഹാനി ‘അത്തർഹീബു വത്തർഗീബി’ലും ബൈഹഖി ‘ശുഅബുൽ ഈമാനി’ലും മുർസലായി ഉദ്ധരിച്ചത്. സനദ് മുറിഞ്ഞുപോകാത്ത വിധത്തിലും നബിﷺയിൽനിന്ന് ഇമാം അഹ്മദും ത്വബ്റാനിയും ഉദ്ധരിക്കുന്നുണ്ട്. എന്നാൽ അതിന്റെ പരമ്പരയിലും വിമർശനവിധേയനായ വ്യക്തിയുണ്ട് -കുറിപ്പുകാരൻ).

ഉബൈദുബ്നു ഉമൈർ رضي الله عنه പറയുന്നു: ‘ഈ രാത്രിയിലെ പ്രയാസങ്ങൾ തരണം ചെയ്യാൻ നിങ്ങൾക്ക് സാധിക്കാതെ വരികയോ ധനം ചെലവഴിക്കാൻ നിങ്ങൾ ലുബ്ധത കാണിക്കുകയോ ശത്രുവിനെ നേരിടാൻ നിങ്ങൾ ഭീരുക്കളാവുകയോ ചെയ്താൽ ഉടൻ നിങ്ങൾ അല്ലാഹുവിനെക്കുറിച്ചുള്ള ദിക്റുകൾ അധികരിപ്പിച്ചുകൊള്ളുക’ (ഇബ്നു അബീശൈബ തന്റെ ‘മുസ്വന്നഫി’ലും അഹ്മദ് തന്റെ ‘അസ്സുഹ്ദി’ലും അബൂ നുഐം ‘അൽഹിൽയ’യിലും ഉദ്ധരിച്ചത്).

**അമ്പത്തിയേഴ്:** ദിക്ർ സ്ഥിരമായി നിർവഹിക്കുന്നത് മറ്റു ഐച്ഛിക കർമങ്ങൾക്ക് പകരവും അവയുടെ സ്ഥാനത്ത് നിൽക്കുന്നതുമാണ്. അവ ശരീരംകൊണ്ട് നിർവഹിക്കുന്ന കർമങ്ങളോ സമ്പത്തുകൊണ്ട് നിർവഹിക്കുന്നവയോ അതല്ലെങ്കിൽ ശരീരംകൊണ്ടും സമ്പത്തുകൊണ്ടും നിർവഹിക്കുന്ന ഐച്ഛികമായ ഹജ്ജ് പോലെയുള്ള കർമങ്ങളോ ആണെങ്കിലും സമമാണ്.

അബൂഹുറയ്റ رضي الله عنه നിവേദനം ചെയ്യുന്ന ഹദീഥിൽ വ്യക്തമായിത്തന്നെ അത് വന്നിട്ടുണ്ട്. മുഹാജിറുകളിലെ ദരിദ്രരായ ചിലർ നബിﷺയുടെ അടുക്കൽ വന്നിട്ട് പറഞ്ഞു: ‘അല്ലാഹുവിന്റെ റസൂലേ, സമ്പന്നരായ ആളുകൾ ഉന്നതമായ പദവികളെല്ലാം കൊണ്ടുപോയല്ലോ; സ്ഥിരാസ്വാദനങ്ങളുടെ സ്വർഗവും. കാരണം, ഞങ്ങൾ നമസ്കരിക്കുകയും നോമ്പനുഷ്ഠിക്കുകയുമൊക്കെ ചെയ്യുന്നതുപോലെ അവരും നമസ്കരിക്കുകയും നോമ്പനുഷ്ഠിക്കുകയും ചെയ്യുന്നു. എന്നാൽ ഞങ്ങളെക്കാൾ കൂടുതലായി അവരുടെ പക്കൽ സമ്പത്തുള്ളതിനാൽ അതുപയോഗിച്ച് അവർ ഹജ്ജും ഉംറയും ജിഹാദും നിർവഹിക്കുന്നു.’ അപ്പോൾ നബിﷺ പറഞ്ഞു: ‘ഞാൻ നിങ്ങൾക്കൊരു കാര്യം അറിയിച്ചുതരട്ടെ? അതുമുഖേന നിങ്ങൾക്ക് മുൻകടന്നവരോടൊപ്പമെത്താനും. നിങ്ങൾക്ക് ശേഷമുള്ളവരെ മുൻകടക്കാനും കഴിയും. നിങ്ങൾ ചെയ്യുന്നതുപോലെ ചെയ്യുന്നവരല്ലാത്ത ഒരാളും നിങ്ങളെക്കാൾ മഹത്ത്വമുള്ളവരായി ഉണ്ടാവുകയില്ല.’ അവർ പറഞ്ഞു: ‘അറിയിച്ചു തന്നാലും തിരുദൂതരേ.’ നബിﷺ പറഞ്ഞു: ‘നിങ്ങൾ ഓരോ നമസ്കാര ശേഷവും തസ്ബീഹും (പരിശുദ്ധിയെ

വാഴ്ത്തൽ അഥവാ പ്രകീർത്തനം ചെയ്യൽ), അല്ലാഹുവിനെ സ്തുതിക്കുന്ന സ്തോത്രകീർത്തനങ്ങളും അഥവാ 'അൽഹംദുലില്ലാഹി'യും അല്ലാഹുവിനെ വാഴ്ത്തുന്ന തക്ബീറുകളും അഥവാ 'അല്ലാഹു അക്ബറും' ചൊല്ലുക' (ബുഖാരി, മുസ്‌ലിം).

പാവപ്പെട്ട ഈ സ്വഹാബിമാർക്ക് ചെയ്യാൻ പറ്റാതിരുന്ന ഹജ്ജിനും ഉംറക്കും ജിഹാദിനും ഒക്കെ പകരമായി അവർക്ക് നിശ്ചയിച്ചുകൊടുത്തത് 'ദിക്‌റി'നെയാണ്. ഈ ദിക്‌റുകൾകൊണ്ട് ഇവർക്ക് മറ്റുള്ളവരെ മുൻകടക്കാൻ കഴിയുമെന്നും നബിﷺ അവരെ അറിയിച്ചു. എന്നാൽ സമ്പന്നരായ ആളുകൾ ഇതറിഞ്ഞപ്പോൾ അവരും ഇതെല്ലാം ചെയ്യാൻ തുടങ്ങി. അങ്ങനെ അവരുടെ ദാനധർമങ്ങൾക്കും സമ്പത്ത് ചെലവഴിച്ചുകൊണ്ടുള്ള ആരാധനകൾക്കും പുറമെ ഈ ദിക്‌റുകൾ കൊണ്ടും അവർ കർമങ്ങളധികരിപ്പിച്ചു. അതിലൂടെ ഈ രണ്ട് വിധത്തിലുള്ള മഹത്ത്വങ്ങളും അവർ കരസ്ഥമാക്കി. പാവപ്പെട്ടവർ ഇവരോട് മത്സരിക്കുകയായിരുന്നു. അവരും ഈ പുണ്യത്തിൽ പങ്കുചേർന്നപ്പോൾ നബിﷺയോട് അവർ വിവരം പറഞ്ഞു. ആ സമ്പന്നരായ ആളുകൾ ഞങ്ങൾക്ക് യാതൊരു ശേഷിയുമില്ലാത്ത കാര്യങ്ങൾകൊണ്ട് അതിജയിച്ചു മുന്നിട്ടു എന്നും പറഞ്ഞു. അപ്പോൾ നബിﷺപറഞ്ഞു: 'അത് അല്ലാഹുവിന്റെ പ്രത്യേകമായ ഔദാര്യമാകുന്നു. അവനുദ്ദേശിക്കുന്നവർക്ക് അവനത് നൽകുന്നു.'

അബ്ദുല്ലാഹിബ്നു ബുസ്‌റിന്റെ ഹദീഥിൽ പറയുന്നു: "ഒരു ഗ്രാമീണനായ വ്യക്തി വന്നുകൊണ്ട് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ഇസ്‌ലാമിന്റെ നിയമനിർദേശങ്ങളും മറ്റു കാര്യങ്ങളുമൊക്കെ എനിക്ക് വളരെ അധികമായി തോന്നുന്നു. അതിനാൽ എനിക്ക് മതിയായതും എല്ലാം ഉൾക്കൊള്ളുന്നതുമായ ഒരു കാര്യം എനിക്ക് അറിയിച്ചു തന്നാലും.' നബിﷺ പറഞ്ഞു: 'നീ അല്ലാഹുവിന് ദിക്ർ ചെയ്യുക.' അദ്ദേഹം ചോദിച്ചു: 'തിരുദൂതരേ, അത് മതിയോ?' നബിﷺ പറഞ്ഞു: 'അതെ, അത് താങ്കൾക്ക് ശ്രേഷ്ഠകരമാണ്' (അഹ്മദ്, തിർമുദി, ഇബ്നു മാജ, ഇബ്നു ഹിബ്ബാൻ, ഹാകിം തുടങ്ങിയവർ റിപ്പോർട്ട് ചെയ്തത്. എന്നാൽ ഇവിടെ പറയപ്പെട്ട രൂപത്തിൽ ഉദ്ധരിക്കുന്നത് ഇബ്നു അബീ ആസ്വ്ﷺ തന്റെ 'അൽ ആഹാദ് വൽ മസാനി' എന്ന ഗ്രന്ഥത്തിലാണ്- കുറിപ്പുകാരൻ).

ഗുണകാംക്ഷിയായ തിരുദൂതർﷺ അദ്ദേഹത്തിന് ഇസ്‌ലാമിക നിയമങ്ങളിലേക്ക് താൽപര്യം ജനിപ്പിക്കുന്ന ഒരു കാര്യമാണ് അറിയിച്ചുകൊടുത്തത്. അല്ലാഹുവിനെക്കുറിച്ചുള്ള 'ദിക്ർ' അയാൾ തന്റെ മുഖമുദ്രയാക്കിയാൽ അല്ലാഹുവിനെയും അല്ലാഹുവിനെ ഇഷ്ടപ്പെടുന്നവയെയും അയാൾക്ക് പ്രിയങ്കരമാവും. അപ്പോൾ പിന്നെ ഇസ്‌ലാമിന്റെ നിയമനിർദേശങ്ങൾ പിൻപറ്റി അല്ലാഹുവിലേക്ക് അടുക്കുക എന്നതിനെക്കാൾ പ്രിയങ്കരമായി അയാൾക്ക് വേറെ ഒന്നും ഉണ്ടാവുകയില്ല. അതിനാൽ അയാൾക്ക് ഇസ്‌ലാമിന്റെ വിധിവിലക്കുകളോട് ആഭിമുഖ്യമുണ്ടാകുന്നതും അതിനെ ആയാസകരമാക്കുന്നതുമായ ഒരു കാര്യമാണ് അറിയിച്ചുകൊടുത്തത്. അതായത് അല്ലാഹുവിനെക്കുറിച്ചുള്ള ദിക്ർ. ഇപ്പറഞ്ഞത് വിശദമാക്കുന്നതാണ് താഴെ വരുന്ന 58ാമത്തെ സംഗതി

**അൻപത്തിഎട്ട്:** നിശ്ചയം അല്ലാഹുവിനെക്കുറിച്ചുള്ള ദിക്ർ നന്മകൾ പ്രവർത്തിക്കാനുള്ള ഏറ്റവും വലിയ സഹായമാണ്. ദിക്ർ നന്മകളെ അല്ലാഹുവിന്റെ ദാസന്മാർക്ക് പ്രിയങ്കരമാക്കും. അവർക്ക് ലളിതവും ആസ്വാദ്യകരവുമാക്കും. തങ്ങളുടെ കൺകുളിർമയും സന്തോഷവും ആനന്ദവുമൊക്കെ അവയിലാക്കി ത്തീർക്കും. അങ്ങനെ അല്ലാഹുവിന് വഴിപ്പെട്ട് നന്മകളും ആരാധനകളും അനുഷ്ഠിക്കുന്നതിന് അവർക്ക് യാതൊരു ഭാരമോ പ്രയാസമോ ബുദ്ധിമുട്ടോ അനുഭവപ്പെടുകയില്ല. ദിക്‌റിൽനിന്നകന്ന് അശ്രദ്ധയിൽ കഴിയുന്നവരുടെ സ്ഥിതി നേരെ മറിച്ചായിരിക്കും. അനുഭവങ്ങൾ അതിന് സാക്ഷിയാണ്.

**അൻപത്തിയൊമ്പത്:** നിശ്ചയം, അല്ലാഹുവിനെക്കുറിച്ചുള്ള ദിക്ർ പ്രയാസങ്ങളെ ആയാസകരമാക്കും. ഞെരുക്കമുള്ളതിനെ ലളിതമാക്കും. ബുദ്ധിമുട്ടുകളെ ലഘൂകരിക്കും. പ്രയാസകരമായ ഏതൊരു കാര്യത്തിൽ അല്ലാഹുവിനെ സ്മരിച്ചുവോ തീർച്ചയായും അത് പ്രയാസരഹിതമാകുന്നതാണ്. ഞെരുക്കങ്ങളെയും ബുദ്ധിമുട്ടുകളെയും കാലുഷ്യങ്ങളെയും അത് നീക്കിക്കളയും

ഏതൊരു ദുരിതവും അതുമുഖേന വഴിമാറും. അപ്പോൾ അല്ലാഹുവിനെക്കുറിച്ചുള്ള ദിക്ർ ആണ് പ്രയാസത്തിന് ശേഷമുള്ള ആശ്വാസവും ഞെരുക്കത്തിന് പിന്നാലെയുള്ള എളുപ്പവും സങ്കടങ്ങളിൽ നിന്നും ദുഃഖങ്ങളിൽനിന്നുമുള്ള മോചനവും. താഴെ വരുന്ന കാര്യം അത് ഒന്നുകൂടി വിശദമാക്കുന്നതാണ്. **(തുടരും)**

മുജീബ് ഒട്ടുമ്മൽ
mujeeb.ottummal@gmail.com

കവർ സ്റ്റോറി




# വെറുപ്പിന്റെ പ്രചാരണവും സൗഹൃദ പാഠങ്ങളും

> വെറുപ്പിന്റെ വിതരണക്കാർക്ക് എന്നും നിഗൂഢമായ ലക്ഷ്യങ്ങളുണ്ട്. കേരളത്തിലെ സ്ഥിതിയും മറ്റൊന്നല്ല. എന്നാൽ മഹാമാരിയും പ്രളയവും തീർത്ത ദുരിതപ്പെയ്ത്തിൽ നിന്ന് നീന്തിക്കയറാൻ മലയാളിക്ക് തുണയായത് ജാതി-മത ചിന്തകൾക്കതീതമായി അവർ കാത്തുസൂക്ഷിക്കുന്ന മാനവികതയെന്ന സൗഹൃദപാഠമാണ്.

'അങ്ങയ്ക്ക് ഐശ്വര്യപൂർണമായ കോഴിക്കോട് തുറമുഖം കീഴ്പ്പെടുത്തണമെന്നാഗ്രഹമുണ്ടെങ്കിൽ മക്കയും കോഴിക്കോടും തമ്മിലുള്ള കച്ചവടബന്ധം ഇല്ലാതാക്കണം. അതിന് യുദ്ധത്തെക്കാൾ സമാധാനപരമായ നടപടികൾ കൈകൊള്ളണം. കോഴിക്കോട് തുറമുഖത്തുള്ള ഉൽപന്നങ്ങൾ മുഴുവനും ഞാൻ വാങ്ങാം. അങ്ങനെ മക്കയുമായുള്ള ഗതാഗതം അവസാനിപ്പിക്കാം.'

1506ൽ ഗുജറാത്തുമുതൽ കന്യാകുമാരിവരെയുള്ള പ്രദേശങ്ങളിൽ ഗവർണറായി കേരളത്തിലെത്തിയ അൽബുക്കർക്ക് സാമൂതിരി രാജാവിനെഴുതിയ സന്ദേശത്തിലെ വരികളാണ് നാം വായിച്ചത്. മുസ്‌ലിംകളും സാമൂതിരിയും തമ്മിലുള്ള സാഹോദര്യത്തിന്റെയും സൗഹാർദത്തിന്റെയും ബന്ധം തകർക്കാനുള്ള വെറുപ്പിന്റെ വിഷവിത്തെറിയുകയായിരുന്നു അൽബുക്കർക്ക്. കേരളത്തിലെ രാജാക്കൻമാരെ തമ്മിലടിപ്പിക്കാനും സാഹോദര്യം തകർക്കാനും ഇയാളുടെ കുതന്ത്രങ്ങൾക്ക് സാധിച്ചു. അന്ധമായ ഇതരമതവിദ്വേഷവും സ്വജന പക്ഷപാതവും അദ്ദേഹത്തെ വാസ്‌കോഡ ഗാമയെക്കാൾ സാഹസികനാക്കിയിരുന്നുവത്രെ! കേരള മുസ്‌ലിംകളുടെ അഭിവൃദ്ധിയുടെ മുമ്പിൽ കുന്തമുനയായി എന്നും എതിർത്തുനിന്നയാളായിരുന്നു അദ്ദേഹം. കൊച്ചിരാജാവും സാമൂതിരിയുമായി അയാൾ ഉണ്ടാക്കിയ ഉടമ്പടികളിൽ മുസ്‌ലിം വിദ്വേഷം തെളിഞ്ഞ് കാണുകയും ചെയ്തു.

കേരള സാഹോദര്യ പരിസരങ്ങളിൽ വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും പ്രചാരണങ്ങൾക്ക് കൊളോണിയൽ ശക്തികളുടെ അധിനിവേശ കാലത്തോളം പഴക്കമുണ്ട്. ഭിന്നിപ്പിച്ച് ഭരിക്കുകയെന്ന സിദ്ധാന്തത്തിലൂന്നിയ നയതന്ത്രനീക്കമാണ് അധിനിവേശ ശക്തികൾ നടത്തിയത്. അഭിനവ അൽബുക്കർക്ക് മാരുടെ വിദ്വേഷഭാഷണങ്ങളുടെ പ്രേരകവും മുസ്‌ലിം അഭിവൃദ്ധിതന്നെ. പാവനമായ 'ജിഹാദ്' എന്ന ശബ്ദത്തിലേക്ക് അരുതായ്മകൾ ചേർത്തുപറഞ്ഞാണ് മുസ്‌ലിംകളെ പ്രകോപിപ്പിക്കാനും വിഭാഗീയത വളർത്താനും വർഗീയശക്തികൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഉത്തരേന്ത്യയിൽ പടർന്നുപിടിച്ച വിദ്വേഷ രാഷ്ട്രീയത്തിന്റെ അടിവേരുകൾ മലയാളമണ്ണിൽ മുളച്ച് പൊങ്ങുന്നില്ലെന്ന തിരിച്ചറിവിൽനിന്ന് വെറുപ്പുൽപാദനയിടങ്ങൾ സൃഷ്ടിക്കാൻ കൊളോണിയൽ സംസ്‌കാരംപേറിയ കാവിരാഷ്ട്രീയം കരുക്കൾ നീക്കുകയാണ്. അക്രമോൽസുക പ്രത്യയശാസ്ത്രങ്ങളുടെയും വരേണ്യ വർഗ വാദങ്ങളുടെയും സാകല്യമായ ഫാഷിസം വിനാശകരമായ വിദ്വേഷ മനസ്സുകളെ രൂപപ്പെടുത്താൻ പഴുതുകൾ തേടുകയാണ്.

ഹിന്ദുസ്ഥാനിൽ മുസ്‌ലിംകൾ കാലുകുത്തിയ ആദ്യദുർദിനം മുതൽ ഇന്നുവരെയും ആ കവർച്ചക്കാരെയൊക്കെയും അടിച്ചോടിക്കാൻ ഹിന്ദുരാഷ്ട്രം ധീരയുദ്ധത്തിലേർപ്പെട്ടിരിക്കുകയാണെന്നും വംശ ചൈതന്യം ഉണർന്നിരിക്കുന്നുവെന്നും ഹിന്ദുത്വ രാഷ്ട്രീയത്തിന്റ ആചാര്യൻ ഗോൾവാൾക്കർ 'നാം അഥവാ നമ്മുടെ ദേശീയത നിർവചിക്കപ്പെടുന്നു' എന്ന പുസ്തകത്തിലൂടെ പ്രഖ്യാപിച്ചത് വംശീയ ഉൻമൂലനത്തിനായി വെറുപ്പിന്റെ പ്രത്യയശാസ്ത്രങ്ങൾക്ക് സൈദ്ധാന്തിക പിൻബലം നൽകുന്നതിന് വേണ്ടിയായിരുന്നു. എങ്കിലും ഉൽബുദ്ധ കേരളത്തിൽ ഇത്തരം വെറുപ്പുൽപാദന തന്ത്രങ്ങളൊന്നും നാളിതുവരെ വിലപോയില്ലെന്ന് മാത്രമല്ല നിയമനിർമാണ സഭകളിലൊരിപ്പിടംപോലും ലഭിക്കാതെ പുറത്തിരിക്കേണ്ടി വന്നു. ഈ സാഹചര്യത്തിലാണ് സമാനമായി ചിന്തിക്കുന്ന മറ്റു ന്യൂനപക്ഷ വിഭാഗങ്ങളിലെ പുഴുക്കുത്തുകളെ തേടിയിറങ്ങിയത്. മാനവസാഹോദര്യത്തിന്റെ ദീപ്തമായ സന്ദേശം പ്രസരിക്കേണ്ട നാവുകളിൽ നിന്ന് വിഷം വമിക്കുന്ന വിഭാഗീയതയുടെ പദക്കസർത്തുകൾ കേരളം വേദനയോടെയാണ് കേട്ടത്. ചാനലുകളിലെ അന്തിച്ചർച്ചകളിൽ ഗോൾവാൾക്കറിയൻ ചിന്താധാരയിൽ മസ്തിഷ്‌കഭ്രമം സംഭവിച്ചവർ നാർക്കോട്ടിക് പാതിരിയുടെ വചനങ്ങൾക്ക് പിൻബലമേകാൻ മൽസരിക്കുകയായിരുന്നു. കാവികളസത്തിലെ മാലിന്യങ്ങൾ ളോഹയിലേക്ക് പകർന്നുനൽകാൻ അന്തർധാര സജീവമായിരുന്നുവെന്ന് വേണം കരുതാൻ. സംഘപരിവാര രാഷ്ട്രീയം മതനിരപേക്ഷ സമൂഹത്തിൽ കൂടുതൽ മുറിവുകൾ സൃഷ്ടിക്കാനാണ് ശ്രമിക്കുന്നതെന്നത് തിരിച്ചറിയാതെപോകുന്നു. മതത്തെ രാഷ്ട്രീയ ലാഭത്തിനായി ഉപയോഗപ്പെടുത്തുന്ന സംഘ് രാഷ്ട്രീയം ന്യൂനപക്ഷ വേട്ടയാണ് ലക്ഷ്യംവെക്കുന്നതെന്ന യാഥാർഥ്യത്തിനുനേരെ പലരും കണ്ണടക്കുകയാണ്.

> **“ ഹിന്ദുസ്ഥാനിൽ മുസ്‌ലിംകൾ കാലുകുത്തിയ ആദ്യദുർദിനം മുതൽ ഇന്നുവരെയും ആ കവർച്ചക്കാരെയൊക്കെയും അടിച്ചോടിക്കാൻ ഹിന്ദുരാഷ്ട്രം ധീരയുദ്ധത്തിലേർപ്പെട്ടിരിക്കുകയാണെന്നും വംശ ചൈതന്യം ഉണർന്നിരിക്കുന്നുവെന്നും ഹിന്ദുത്വരാഷ്ട്രീയത്തിന്റ ആചാര്യൻ ഗോൾവാൾക്കർ 'നാം അഥവാ നമ്മുടെ ദേശീയത നിർവചിക്കപ്പെടുന്നു' എന്ന പുസ്തകത്തിലൂടെ പ്രഖ്യാപിച്ചത് വംശീയ ഉൻമൂലനത്തിനായി വെറുപ്പിന്റെ പ്രത്യയശാസ്ത്രങ്ങൾക്ക് സൈദ്ധാന്തിക പിൻബലം നൽകുന്നതിന് വേണ്ടിയായിരുന്നു. ”**

## ന്യൂനപക്ഷവേട്ടയാണ് സംഘ് ലക്ഷ്യം

കോഴിയെ പിടിച്ചു തിന്നാൻ സൂത്രമുപയോഗിച്ച കുറുക്കന്റെ സ്നേഹമാണ് സംഘപരിവാര രാഷ്ട്രീയത്തിന് ന്യൂനപക്ഷങ്ങളോടുള്ളതെന്ന ബോധം പലരും വിസ്മരിച്ചതായാണ് ചില അപശബ്ദങ്ങളിൽനിന്ന് തെളിയുന്നത്. സവർണ രാഷ്ട്രീയത്തിന്റെ ലക്ഷ്യംതന്നെ വംശീയ ഉൻമൂലനത്തിലൂടെയുള്ള വംശശുചീകരണമാണ്. അതാണവരുടെ ചരിത്രവും. ബ്രാഹ്മണ പൗരോഹിത്യത്തിന് ഭീഷണിയാണെന്ന് തോന്നുന്നവരെയെല്ലാം അടിച്ചമർത്തിയ ചരിത്രമാണ് അവർക്ക് പറയാനുള്ളത്. ബുദ്ധമതവും ജൈനമതവും തുടച്ചുനീക്കപ്പെട്ടത് സവർണ വ്യവസ്ഥിതിയുടെ സൈദ്ധാന്തികതയും കായികതയും ഒരുമിച്ച് ചേർന്നപ്പോഴാണ്. അഭിമന്യൂ, കിന്നരൻ, ഗോനന്ദൻ രാജാക്കൻമാരുടെ കാലത്താണ് കാശ്മീരിലെ ബുദ്ധവിഹാരങ്ങൾ നശിപ്പിക്കപ്പെട്ടതും ഭിക്ഷുക്കൾ അകാരണമായി കൊലചെയ്യപ്പെട്ടതും. സവർണ മിത്തിലെ ലോകാധിപതിയായ വിക്രമാദിത്യനും ബുദ്ധമത നിഷ്കാസനത്തിൽ പ്രസിദ്ധിയാർജിച്ചവനാണ്. സിലോണിലെ ശ്രീരാമ പാലംമുതൽ ഹിമാലയംവരെ ബുദ്ധമതക്കാരെ വധിക്കാൻ മടിക്കുന്നവർ വൃദ്ധൻമാരായാലും യുവാക്കളായാലും കൊല്ലപ്പെടേണ്ടതാണെന്നാണ് സുധാവനെന്ന രാജാവിന്റ കൽപന. അതെ! ഭൂതകാലത്തിന്റെ വൈകൃതങ്ങളെ സൂക്ഷ്മമായി ദർശിച്ച് അതിലെ ഭീകരമായ ദർശനങ്ങൾക്ക് ചുവടുപിടിച്ചാണ് സംഘപരിവാരങ്ങൾ നിലനിൽക്കുന്നത്.

ഇങ്ങനെ സവർണതയുടെ സംസ്കാരങ്ങളിൽ അടയിരിക്കുന്ന സംഘരാഷ്ട്രീയത്തിൽനിന്ന് നിർഭയത്വവും സുരക്ഷിതത്വവും പ്രതീക്ഷിക്കാമെന്ന ചില ക്രിസ്ത്യൻ ബിഷപ്പുമാരുടെ വ്യാമോഹമാണ് ഏറെ അത്ഭുതപ്പെടുത്തുന്നത്. മാനവ സാഹോദര്യത്തിന്റെ കേരളപരിസരങ്ങളിൽ മാതൃകാപരവും ഊഷ്മളവുമായ സൗഹൃദ ബന്ധങ്ങൾക്ക് കത്തിവെച്ച് വെറുപ്പ് വിതക്കാൻ എങ്ങനെ സാധിക്കുന്നുവെന്ന് ചോദിക്കേണ്ടിവരുന്നു. ഇത് വിനാശത്തിലേക്കുള്ള ചുവടുവയ്പാണ്. അനന്തരഫലം സംഘർഷഭരിതമായ സാമൂഹിക സാഹചര്യം രൂപപ്പെടുമെന്നതാണ്. സമാധാനജീവിതം ദിവാസ്വപ്നമായി പരിണമിക്കും. അതിലുമപ്പുറം മലയാള മണ്ണിന്റെ ഉൽബുദ്ധതയിലും വിവേകത്തിലും അസൂയപ്പെടുന്നവരുടെ കുതന്ത്രങ്ങൾക്ക് മണ്ണ് പാകപ്പെടും. ആധുനികതയോട് മത്സരിക്കാൻ പ്രാപ്തമായ തലമുറയുടെ സൃഷ്ടിക്കായി മികവുറ്റ വിദ്യാഭ്യാസത്തിന്റ പ്രായോഗിക നയങ്ങളെ മറപ്പിച്ചുകളയും. അജ്ഞതയിലൂടെ മാത്രം വളരാൻ സഹായിക്കുന്ന വിദ്വേഷ രാഷ്ട്രീയത്തിന്റ വേരുകൾ മലയാളമണ്ണിൽ ആഴ്ന്നിറങ്ങി അതിന്റെ വിശുദ്ധിയിൽ കളങ്കം ചാർത്തും.

## സംഘീപ്രേമത്തിന്റ അനന്തരഫലങ്ങൾ

സംഘപരിവാര രാഷ്ട്രീയത്തിന്റെ കുതന്ത്രങ്ങളിൽ പെട്ട ബിഷപ്പിന്റ വർഗീയ വിഷം വമിക്കുന്ന വാചകങ്ങൾ മലയാളി മനസ്സുകളെ നൊമ്പരപ്പെടുത്തിയിരിക്കുകയാണല്ലോ. സംഘപരിവാരങ്ങളോടുള്ള പ്രണയാതുരമായ മനസ്സ് പേറി നടക്കുന്നവർ തിരിച്ചറിയേണ്ട ചില യാഥാർഥ്യങ്ങളുണ്ട്. ന്യൂനപക്ഷങ്ങളിലെ മുസ്‌ലിം സമുദായത്തെ മാത്രമല്ല സവർണ ഫാഷിസം ലക്ഷ്യമാക്കുന്നത്. ആര്യമേധാവിത്വത്തിനായി വംശ ശുചീകരണമാണവരുടെ സ്വപ്നം. അതിൽ നിഷ്കാസിതരാകുന്നത് മുസ്‌ലിംകൾ മാത്രമല്ല. ക്രിസ്ത്യാനികളും ജൂതരും പാർസികളും ഈഴവരും ബുദ്ധരും ജൈനരും കമ്യൂണിസ്റ്റുകാരും അവർണരും മതമുള്ളവരും ഇല്ലാത്തവരുമെല്ലാമാണ്. ആര്യരക്തം സിരകളിലൂടെ ഒഴുകുന്നുവെന്ന് അവരുൽഘോഷിക്കുന്നവരല്ലാത്തവർക്കെല്ലാം അപരത്വം കൽപിച്ചുനൽകി ഹിറ്റ്ലിസ്റ്റ് തയ്യാറാക്കി അടയാളമിട്ട് അവർ അവസരങ്ങൾ



ക്കായി കാത്തിരിക്കുകയാണ്. ഇസ്‌ലാം വെറുപ്പിന്റെ സാമ്രാജ്യത്വ പ്രചാരണം മനസ്സിൽ കട്ടപിടിച്ച അപ്പോസ്തലൻമാരുടെ നീരസം പ്രകടിപ്പിക്കൽ നിണദാഹം തീർക്കാനുള്ള കൊതിയോടെ കാത്തിരിക്കുന്ന രക്തരക്ഷസ്സുകൾക്കായി തല നീട്ടിക്കൊടുത്തുകൊണ്ടാണെന്നുള്ളതാണ് വസ്തുത. അധികാരമുപയോഗിച്ച് മുസ്‌ലിം വേട്ടക്കിറങ്ങിയ ഫാഷിസം നിരപരാധികളായ യുവതയെ കൽതുറുങ്കിലടച്ചും ആൾക്കൂട്ടകൊലപാതകങ്ങളിലൂടെ വെറുപ്പിന്റ പ്രത്യയശാസ്ത്രത്താൽ മസ്തിഷ്കജ്വര ബാധയേറ്റ സാധാരണക്കാരന്റെ പങ്കാളിത്തം ഉറപ്പുവരുത്തിയും സംഹാര താണ്ഡവമാടുമ്പോഴും, ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ ക്രൂരമായ പീഡനങ്ങൾക്ക് ദളിത് സമൂഹം ഇരയാകുമ്പോഴും ക്രിസ്ത്യൻ സമൂഹം അവരുടെ കരാളഹസ്തങ്ങളിൽ നിന്ന് രക്ഷപ്പെട്ടവരാണെന്ന് പറയാൻ വിദ്വേഷ പ്രചാരകർക്ക് സാധിക്കുമോ? സമീപകാലത്ത് അരങ്ങേറിയ പീഡനങ്ങൾ എണ്ണമറ്റതാണ്.

സംഘപരിവാര ഭരണത്തിന് കീഴിൽ രാജ്യത്തിന്റ മതനിരപേക്ഷതയും ന്യൂനപക്ഷ സുരക്ഷയും എത്രത്തോളം അപകടത്തിലായിരിക്കുന്നുവെന്ന് ഇനിയും മനസ്സിലാക്കാത്തവരാണോ ഇവർ? ക്രിസ്മസും പെരുന്നാളും ദേശീയ സംസ്കാരത്തിന് യോജിച്ച ആഘോഷങ്ങളല്ലെന്നും അതെല്ലാം പാശ്ചാത്യമാണെന്നും ആക്ഷേപിച്ച് സംഘപരിവാർ രാജ്യവ്യാപകമായി അക്രമങ്ങളഴിച്ചുവിട്ടത് ഓർക്കുന്നുണ്ടോ? ഉത്തർപ്രദേശിലെ ഝാൻസിയിൽ കന്യാസ്ത്രീകൾക്ക് നേരെ ഉണ്ടായ ആക്രമണങ്ങൾ എങ്ങനെ വിസ്മരിക്കാനാകും? അവിടെ ഹിന്ദുത്വ ഭീകരവാദികളിൽനിന്ന് രക്ഷപ്പെടാൻ കന്യാസ്ത്രികൾക്ക് സഭാവസ്ത്രം പോലും ഉപേക്ഷിക്കേണ്ടിവന്നു. ട്രെയിനിൽ യാത്ര ചെയ്യുന്ന കന്യാസ്ത്രീകളെയും അവരുടെ കൂടെ ഉണ്ടായിരുന്നവരെയും മതപരിവർത്തനമാരോപിച്ചാണ് എബിവിപി പ്രവർത്തകർ ആക്രമിച്ചത്. തിരുഹൃദയ സന്യാസി സമൂഹത്തിന്റെ ഭാഗമായ ഡൽഹി പ്രൊവിൻസിലെ കന്യാസ്ത്രീകളാണ് അക്രമങ്ങൾക്കിരയായതെന്നറിയുമ്പോഴാണ് ന്യൂനപക്ഷ പ്രേമത്തിന്റ ആഴം മനസ്സിലാകുന്നത്. മതപരിവർത്തനമാരോപിച്ച് ഉത്തർപ്രദേശിലും മധ്യപ്രദേശിലും മുസ്‌ലിംകൾക്കെതിരെയെന്ന പോലെ ക്രിസ്ത്യാനികൾക്കെതിരെയും അക്രമങ്ങളഴിച്ചുവിടുന്നത് പതിവാക്കിയിട്ടുണ്ട്. നിയമവാഴ്ച ഉറപ്പാക്കാൻ ബാധ്യസ്ഥരായ പോലീസ് സേനയുടെ ഒത്താശയോടെയാണ് അക്രമങ്ങളധികവും അഴിച്ചുവിടുന്നതെന്നത് ഗൗരവമർഹിക്കുന്നതാണ്. ഭരണകൂട സംവിധാനത്തിലൂടെ ഗുജറാത്തിൽ മുസ്‌ലിംകൾ വംശഹത്യക്കിരയായതിന് നാസി വംശീയ ഉൻമൂലനങ്ങളോട് സമാനതയുണ്ടെന്നറിയുമ്പോൾ കാര്യങ്ങൾ എത്ര ഭീകരമാണ്! ഒറീസയിൽവെച്ച് പുരോഹിതനും ആതുരശുശ്രൂഷകനുമായ ഗ്രഹാം സ്റ്റെയിൻസിനെയും രണ്ട് കുട്ടികളെയും ചുട്ടുകൊന്ന നിഷ്ഠൂരതയും വിസ്മരിക്കാനാവില്ല. കന്ദമഹലിൽ ക്രിസ്ത്യാനികൾക്കും പള്ളികൾക്കും നേരെ നടന്ന അക്രമ പരമ്പര രാജ്യത്തെ ഞെട്ടിച്ചതാണ്. രാജസ്ഥാനിലെ പ്രതാപ്ഗഡ് ജില്ലയിലും ക്രിസ്ത്യൻ വിശ്വാസികൾക്കെതിരെ സംഘപരിവാരങ്ങളുടെ അഴിഞ്ഞാട്ടം തുടരുകയാണ്.

**"മാനവ സാഹോദര്യത്തിന്റെ കേരളപരിസരങ്ങളിൽ മാതൃകാപരവും ഊഷ്മളവുമായ സൗഹൃദ ബന്ധങ്ങൾക്ക് കത്തിവെച്ച് വെറുപ്പ് വിതക്കാൻ എങ്ങനെ സാധിക്കുന്നുവെന്ന് ക്രിസ്ത്യൻ ബിഷപ്പുമാരോട് ചോദിക്കേണ്ടി വരുന്നു. ഇത് വിനാശത്തിലേക്കുള്ള ചുവടുവയ്പാണ്. അനന്തരഫലം സംഘർഷഭരിതമായ സാമൂഹിക സാഹചര്യം രൂപപ്പെടുമെന്നതാണ്. സമാധാനജീവിതം ദിവാസ്വപ്നമായി പരിണമിക്കും. അതിലുമപ്പുറം മലയാള മണ്ണിന്റെ ഉൽബുദ്ധതയിലും വിവേകത്തിലും അസൂയപ്പെടുന്നവരുടെ കുതന്ത്രങ്ങൾക്ക് മണ്ണ് പാകപ്പെടും. ആധുനികതയോട് മത്സരിക്കാൻ പ്രാപ്തമായ തലമുറയുടെ സൃഷ്ടിക്കായി മികവുറ്റ വിദ്യാഭ്യാസത്തിന്റ പ്രായോഗിക നയങ്ങളെ മറപ്പിച്ചുകളയും. അജ്ഞതയിലൂടെ മാത്രം വളരാൻ സഹായിക്കുന്ന വിദ്വേഷ രാഷ്ട്രീയത്തിന്റ വേരുകൾ മലയാളമണ്ണിൽ ആഴ്ന്നിറങ്ങി അതിന്റെ വിശുദ്ധിയിൽ കളങ്കം ചാർത്തും."**

ഇന്ത്യയുടെ മതസഹിഷ്ണുതാ പാരമ്പര്യത്തിനും പ്രതിഛായക്കും കളങ്കമുണ്ടാക്കുന്ന ഇത്തരം ക്രൂര ചെയ്തികൾക്ക് അധികാരികളും നിയമപാലകരും കൂട്ടുനിന്ന് അരക്ഷിതാവസ്ഥ സൃഷ്ടിക്കുകയാണ്. ഭരണഘടന ഉറപ്പുനൽകുന്ന വ്യക്തിസ്വാതന്ത്ര്യം ഹനിക്കുന്നതിനെതിരെ രാജ്യസ്നേഹികൾ ഉണർന്ന് പ്രവർക്കേണ്ടതുണ്ട്. ഇ

ന്ത്യയുടെ ബഹുസ്വരതയും ജനാധിപത്യവും കാത്തുസൂക്ഷിക്കേണ്ടതിന് ഓരോ പൗരനും ബാധ്യസ്ഥനാണ്. അതിനാൽ 'ഹിന്ദു യുവവാഹിനി'യും 'ആന്റി റോമിയോ' സ്ക്വാഡുകളും ഉണ്ടാക്കി ക്രിസ്ത്യാനികൾക്കും മുസ്ലിംകൾക്കും നേരെ ഹിന്ദുത്വവാദികൾ നടത്തിയ ആക്രമണങ്ങളെ കാണാതെ പാവനമായ 'ജിഹാദ്' എന്ന പദത്തോടൊപ്പം പ്രണയവും ലഹരിയും ചേർത്തു പറഞ്ഞ് ഒരു സമുദായത്തെ അപരവൽക്കരിക്കാൻ കൂട്ടുനിൽക്കുന്നത് സാംസ്കാരിക കേരളത്തിന് അപമാനവും നാണക്കേടുമാണെന്ന് പറയാതിരിക്കാൻ നിർവാഹമില്ല.

### കേരളത്തിന്റെ സൗഹൃദ പാഠങ്ങൾ

കേരളത്തിന്റ സൗഹൃദാന്തരീക്ഷം നിലനിർത്താൻ എല്ലാ വിഭാഗങ്ങളുടെയും ശ്രമം അനിവാര്യമാണ്. പ്രകോപിപ്പിച്ച് വൈകാരികതയ്ക്ക് ചൂടപിടിപ്പിച്ച് സമാധാനം കെടുത്തുന്ന ഇരുട്ടിന്റെ ശക്തികൾക്കെതിരെ ജാഗ്രത പുലർത്തേണ്ടതുണ്ട്. മുസ്ലിം സമുദായം നാളിതുവരെയും സമാധാനവും സൗഹൃദവും സദാസമയങ്ങളിലും കാത്തുസൂക്ഷിച്ചിട്ടുണ്ട്. പുരാതന കേരളത്തിലെ സാഹചര്യങ്ങളെ അനാവരണം ചെയ്തുകൊണ്ട് 'തുഹ്ഫതുൽ മുജാഹിദീൻ' എന്ന ഗ്രന്ഥത്തിൽ സൈനുദ്ദീൻ മഖ്ദൂം ഇങ്ങനെ വിശദീകരിക്കുന്നുണ്ട്: "രാജ്യഭരണത്തിൽ സമാധാനപരമായ ഒരന്തരീക്ഷം സൃഷ്ടിക്കുന്നതിനും മുസ്ലിംകൾ എപ്പോഴും ഭരണകർത്താക്കൾക്ക് സഹായകമായി നിന്നു. രാഷ്ട്രീയ കാര്യങ്ങളിൽ ഇടപെടാൻ തയ്യാറാക്കത്തക്ക സ്വാധീനശക്തിയുണ്ടായിരുന്ന മുസ്ലിം സമുദായം എങ്ങനെയാണ് കേരളത്തിലെ മറ്റു സമുദായങ്ങളുമായി ഇടപഴകിയിരുന്നത് എന്ന് കാണാം. കേരളത്തിലെ പുരാതനാചാരങ്ങൾ മാനിച്ചിരുന്നത് കൊണ്ട് സമാധാനപരമായ ജീവിതം നയിക്കാൻ മുസ്ലിംകൾക്ക് കഴിഞ്ഞു. നാടുവാഴികളും അവരുടെ സൈന്യവും അവിശ്വാസികളായിരുന്നുവെങ്കിലും അവർ മുസ്ലിംകളുടെ ആചാരാനുഷ്ഠാനങ്ങളോട് സഹിഷ്ണുത കാണിച്ചു. ഈ സൗഹൃദം മുസ്ലിംകൾ മാന്യമായി പുലർത്തിയിരുന്നു."

സാമൂതിരിയും മുസ്ലിംകളും പുലർത്തിയിരുന്ന ബന്ധത്തെപ്പറ്റി ചരിത്രകാരൻമാർ അവരുടെ പഠനാർഹമായ ലേഖനങ്ങളിൽ ധാരാളം പ്രതിപാദിച്ചതായി കാണാം. സാമൂതിരിവംശത്തിന്റെ ചരിത്രമെഴുതാൻ നിയുക്തമായ പ്രൊഫസർ കെ.സി കൃഷ്ണയ്യർ അദ്ദേഹത്തിന്റെ 'കോഴിക്കോട്ടെ സാമൂതിരിമാർ' എന്ന ഗ്രന്ഥത്തിലും സാമൂതിരി ഭരണകാലത്തെ യുദ്ധങ്ങളെപ്പറ്റി ഗവേഷണം നടത്തിയ പ്രൊ.ഒ.കെ നമ്പ്യാർ തയ്യാറാക്കിയ 'പറങ്കി കൊള്ളക്കാരും ഇന്ത്യൻ പടയാളികളും' എന്ന ഗ്രന്ഥത്തിലും സാമൂതിരി ഭരണകാലത്തെ മുസ്ലിം ജനതയുടെ ധീരോദാത്തതയെയും പരോക്ഷമായി അവർ കേരള ഭരണത്തിന് നൽകിയ സഹായങ്ങളേയുമാണ് സവിസ്തരം പ്രതിപാദിച്ചിരിക്കുന്നത്.

ത്യാഗോജ്ജ്വലമായ ഇന്ത്യയുടെ സ്വാതന്ത്ര്യസമര പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയവരുടെ മുൻനിരയിലും തികഞ്ഞ ദേശീയ ബോധത്തോടെയും മൈത്രിബന്ധങ്ങളിലും അടിയുറച്ച് നിന്ന മുസ്ലിം നേതാക്കൾ ഉണ്ടായിരുന്നു. കെ.മാധവൻ നായർ, കെ. കേളപ്പൻ, കെ. പി കേളു മേനോൻ, അമ്പലപ്പാട്ട് കരുണാകരമേനോൻ, പി അച്ചുതൻ എന്നിവരോടൊപ്പം മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബും പൊൻമാടത്ത് മൊയ്തീൻകോയയും ഇ. മൊയ്തു മൗലവിയും കട്ടിലശ്ശേരി മുഹമ്മദ് മൗലവിയും കോൺഗ്രസിന്റ നേതൃനിരയിലിരുന്ന് സ്വാതന്ത്ര്യ പോരാട്ടങ്ങൾക്ക് ശക്തിപകർന്നു. മലബാർ സമരത്തിന് നേതൃത്വം കൊടുത്തിരുന്ന വാരിയൻ കുന്നത്ത് കുഞ്ഞഹമ്മദ് ഹാജി തന്റെ അധികാരാതിർത്തിയിലുള്ള പ്രദേശങ്ങളിൽ ഹിന്ദുക്കൾക്ക് യാതൊരുതരത്തിലുള്ള ഉപദ്രവവും ഉണ്ടാകുവാൻ പാടില്ലെന്ന കർശനമായ നിർദേശം നൽകിയിരുന്നു. പുൽപറ്റയിലെ ജൻമിയും അധികാരിയുമായിരുന്ന കണാരൻ നായരുടെ ഭാര്യ ചിരുതേവി അമ്മയെ



തട്ടിക്കൊണ്ട് വന്നതിന്റെ പേരിൽ മൂന്ന് മുസ്‌ലിംകളെ വധിച്ച സംഭവം ശ്രദ്ധേയമായിരുന്നു. മലബാർ സമരത്തിന്റ നാളുകളിൽ ആ പ്രദേശങ്ങളിൽ സമാധാനം പുനഃസ്ഥാപിക്കാൻ അക്ഷീണം പ്രയത്നിച്ച എം പി നാരായണ മേനോനെ വെള്ളപ്പട്ടാളം അറസ്റ്റ് ചെയ്തത് ഖിലാഫത്ത് സമരക്കാരെ സഹായിച്ചെന്നാരോപിച്ചായിരുന്നു. വേദനകളിൽ പങ്കാളികളായും രാജ്യത്തിന്റ മോചനത്തിനായി സാഹോദര്യത്തോടെ ഒന്നിച്ചുനിന്നും ഉജ്ജ്വലമായ സൗഹൃദഗാഥ രചിച്ച മഹാത്യാഗീവര്യൻമാർ രൂപപ്പെടുത്തിയ മലയാള മണ്ണിനെ വർഗീയതയുടെ വിളനിലമാക്കാൻ ഇരുട്ടിന്റെ ശക്തികൾ പണിയെടുക്കുന്നതിന്റ പ്രകടമായ തെളിവാണ് ബിഷപ്പുമാരുടെ പ്രസ്താവനകൾ. മുസ്‌ലിം-ക്രൈസ്തവ സാഹോദര്യത്തിനും മലയാള മണ്ണ് ധാരാളം സാക്ഷിയായിട്ടുണ്ട്. നിവർത്തന പ്രക്ഷോഭം അതിനേറ്റവും നല്ല ഉദാഹരണമാണ്. 1932ൽ തിരുവിതാംകൂറിൽ ഒരു ബൈക്കാമറൽ നിയമസഭ രൂപീകരിക്കപ്പെട്ടിരുന്നു. ഇതിനെ തുടർന്ന് ശ്രീമൂലം നിയമസഭ അധോസഭയായും പുതുതായി രൂപീകരിച്ച ശ്രീ ചിത്തിര സ്റ്റേറ്റ് കൗൺസിൽ ഉപരിസഭയെന്നും അറിയപ്പെട്ടു. പ്രസ്തുത നിയമസഭാ പരിഷ്കരണ നിയമ പ്രകാരം അന്നത്തെ പ്രബല സമുദായങ്ങളായ ഈഴവ, ക്രിസ്ത്യൻ, മുസ്‌ലിം വിഭാഗങ്ങൾക്ക് നിയമനിർമാണ സഭയിൽ ജനസംഖ്യാനുപാതികമായി പ്രാധിനിത്യം വളരെ കുറവായിരുന്നു. എല്ലാവർക്കും മതിയായ പ്രാതിനിധ്യം നൽകണമെന്ന ആവശ്യവുമായി സംയുക്ത രാഷ്ട്രീയ സമിതിയെന്ന സംഘടന രൂപീകരിച്ചു. സി.കേശവൻ, ടി.എം വർഗീസ് മുഖ്യ സംഘാടകരായി നേതൃത്വം നൽകിയപ്പോൾ മുസ്‌ലിം സമുദായവും പ്രധാന പങ്ക് നിർവഹിച്ചു. ആ കാലത്ത് നടന്ന സിവിൽ നിയമലംഘന സമരത്തിലും ഹിന്ദു, ക്രൈസ്തവ, മുസ്‌ലിം സഹകരണത്തോടെയുള്ള മുന്നേറ്റം കാണാം.

സാഹോദര്യത്തിന്റ അത്ഭുത ഗാഥ രചിച്ച മലയാള മണ്ണിലേക്ക് പകയും വിദ്വേഷവും പ്രചരിപ്പിച്ച് മുതലെടുക്കാൻ ശ്രമിക്കുന്നവർക്കെതിരെ ഐക്യപ്പെടാൻ സമുദായങ്ങൾക്ക് സാധിക്കണം. എല്ലാ വിഭാഗങ്ങൾക്കും ഭരണപങ്കാളിത്തം ഉറപ്പുവരുത്താനുള്ള സംവരണതത്വം ഇല്ലായ്മ ചെയ്ത് രാജ്യത്തെ ന്യൂനപക്ഷങ്ങളെ അരക്ഷിതാവസ്ഥയിൽ തളച്ചിടാൻ ശ്രമിക്കുന്ന അധികാരികൾക്കെതിരെ മറ്റൊരു നിവർത്തന പ്രക്ഷോഭത്തിന് സമയമായിരിക്കുന്നു. ഇത് തിരിച്ചറിഞ്ഞ് സാഹോദര്യത്തിലൂന്നിയ പ്രവർത്തനങ്ങളുമായി മുന്നേറേണ്ടിയിരുന്ന സഹോദര സമുദായങ്ങളിൽ വെറുപ്പിന്റെ വിഷവിത്തെറിയുന്നവർക്കെതിരെ ഐക്യപ്പെടണം. സമാധാനവും സൗഹൃദവും തകർക്കുന്ന പ്രസ്താവനകൾക്കെതിരെ ജാഗ്രത പുലർത്താൻ സാംസ്കാരിക ഔന്നത്യം അവകാശപ്പെടാവുന്ന മലയാള മണ്ണിന് സാധിക്കണം. അതിലൂടെ കേരളത്തിന്റ എല്ലാ മുക്കുമൂലകളിലും സമാധാനത്തിന്റ പ്രകാശത്തിന്റെ പൊൻകിരണങ്ങൾ ശോഭിക്കണം.

**സാഹോദര്യത്തിന്റ അത്ഭുത ഗാഥ രചിച്ച മലയാള മണ്ണിലേക്ക് പകയും വിദ്വേഷവും പ്രചരിപ്പിച്ച് മുതലെടുക്കാൻ ശ്രമിക്കുന്നവർക്കെതിരെ ഐക്യപ്പെടാൻ സമുദായങ്ങൾക്ക് സാധിക്കണം. എല്ലാ വിഭാഗങ്ങൾക്കും ഭരണപങ്കാളിത്തം ഉറപ്പുവരുത്താനുള്ള സംവരണതത്വം ഇല്ലായ്മ ചെയ്ത് രാജ്യത്തെ ന്യൂനപക്ഷങ്ങളെ അരക്ഷിതാവസ്ഥയിൽ തളച്ചിടാൻ ശ്രമിക്കുന്ന അധികാരികൾക്കെതിരെ മറ്റൊരു നിവർത്തന പ്രക്ഷോഭത്തിന് സമയമായിരിക്കുന്നു. ഇത് തിരിച്ചറിഞ്ഞ് സാഹോദര്യത്തിലൂന്നിയ പ്രവർത്തനങ്ങളുമായി മുന്നേറേണ്ടിയിരുന്ന സഹോദര സമുദായങ്ങളിൽ വെറുപ്പിന്റെ വിഷവിത്തെറിയുന്നവർക്കെതിരെ ഐക്യപ്പെടണം. സമാധാനവും സൗഹൃദവും തകർക്കുന്ന പ്രസ്താവനകൾക്കെതിരെ ജാഗ്രത പുലർത്താൻ സാംസ്കാരിക ഔന്നത്യം അവകാശപ്പെടാവുന്ന മലയാള മണ്ണിന് സാധിക്കണം. അതിലൂടെ കേരളത്തിന്റ എല്ലാ മുക്കുമൂലകളിലും സമാധാനത്തിന്റ പ്രകാശത്തിന്റെ പൊൻകിരണങ്ങൾ ശോഭിക്കണം.**

### സന്താപത്തിലും അവരൊന്നാണ്

2018 ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ തെക്ക് പടിഞ്ഞാറൻ കാലവർഷ കാലത്ത് ഉയർന്ന അളവിൽ മഴ പെയ്തതിന്റ ഫലമായി കേരളത്തിൽ അതിരൂക്ഷമായ പ്രളയമുണ്ടായി. ശക്തമായ ഉരുൾപൊട്ടലും വെള്ളം ക്രമാതീതമായി ഉയർന്നതും കാരണമായി 480ലധികമാളുകൾ മരണപ്പെടുകയും 14.5 ലക്ഷം ആളുകൾ ദുരിതാശ്വാസ ക്യാമ്പുകളൽ അഭയം തേടുകയും ചെ

യ്തു. രക്ഷാപ്രവർത്തനം ദ്രുതഗതിയിൽ നടന്നു. സർക്കാർ- സർക്കാരേതര സംവിധാനങ്ങൾ ക്രിയാത്മകമായി പ്രവർത്തിച്ചതിന്റ ഫലമായി ദുരന്തത്തിന്റ തീവ്രതയ്ക്ക് അൽപം കുറവ് വന്നു. കേരളമണ്ണിലെ പ്രളയം ബാധിക്കാത്ത പ്രദേശങ്ങളിലെ യുവാക്കളുടെ ചിട്ടയാർന്ന പ്രവർത്തനങ്ങൾ ധാരാളം കുടുംബങ്ങളുടെ പുനരധിവാസത്തിന് കാരണമായിട്ടുണ്ടായിരുന്നു. ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ഭക്ഷണങ്ങളും അവശ്യവസ്തുക്കളും എത്തിച്ച് കൊടുക്കുന്നതിൽ നാം കണ്ട മലയാളി യുവതയുടെ ശൗര്യം എത്ര ശ്ലാഘിച്ചാലും അധികമാകില്ല.

അർധ പട്ടിണിയിലും പരിവട്ടങ്ങളിലുമായി ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ പ്രയാസപ്പെടുന്ന കുടിലുകളിലെ അമ്മമാരും ഉമ്മമാരും പോലും ഭക്ഷണമുണ്ടാക്കുന്നതിലും അത് അർഹരിലേക്കെത്തിച്ച് കൊടുക്കുന്നതിലും കാണിച്ച ഉൽസാഹം മനുഷ്യത്വം മരവിച്ചിട്ടില്ലാത്ത നന്മയുടെ മനസ്സുകളാണ് കേരള ഭൂമിക്ക് സുന്ദര വർണമേകുന്നതെന്ന് വിളിച്ചോതുന്നു. മത്സ്യത്തൊഴിലാളികൾ ബോട്ടുകളിറക്കി രക്ഷാ സേനയെക്കാപ്പം പ്രവർത്തനങ്ങളിൽ നിരതമായതും അഭിമാനത്തോടെയല്ലാതെ ഓർക്കാനാവില്ല. പ്രളയാനന്തരം തകർന്നുപോയ വീടുകളും ചെളികേറിയ ഭവനങ്ങളും ആരാധനാലയങ്ങളും ശുചീകരിച്ച് ഉപയോഗപ്രദമാക്കാനും മനുഷ്യർ ഉൽസാഹിച്ചു. ആവശ്യമായ ഉപകരണങ്ങളും സഞ്ചരിക്കാനുള്ള വാഹനവും സ്വന്തമായിട്ടില്ലെങ്കിലും പരസ്പരം ഏറ്റെടുത്തുകൊണ്ടാണ് രക്ഷാപ്രവർത്തനങ്ങളിൽ പലരും നിരതമായത്. ദുരിതമനുഭവിച്ചവരിലെ ജാതിയോ മതമോ വർണമോ വർഗമോ നോക്കിയായിരുന്നില്ല അവരെ രക്ഷാതുരുത്തുകളിലേക്ക് കൈപിടിച്ചുയർത്തിയത്. വിശപ്പടക്കാൻ ഭക്ഷണം വിളമ്പിയപ്പോഴും പക്ഷഭേദങ്ങൾ കാണിച്ചില്ല. തണുപ്പകറ്റാൻ കമ്പിളിപ്പുതപ്പുകളും വസ്ത്രങ്ങളും എത്തിച്ച് നൽകുമ്പോഴും ആശയധാരകളെക്കുറിച്ച് അന്വേഷണമുണ്ടായില്ല. ജലനിരപ്പുയർന്നപ്പോൾ വീടകങ്ങളിൽ പെട്ടുപോയവരെ തോണികളിൽ കയറ്റി സുരക്ഷിതസ്ഥാനങ്ങളിൽ എത്തിക്കുമ്പോൾ വേഷവിധാനത്തിലെ വൈവിധ്യം ശ്രദ്ധിക്കാൻ നിന്നിട്ടില്ല.



2019ൽ ഉണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും കിടപ്പാടം നഷ്ടപ്പെട്ടവരുടെ ദുരിതവും കേരളത്തിന്റ മറ്റൊരു നോവായിരുന്നു. മരണപ്പെട്ടവരുടെ നിരാലംബരായ കുടുംബങ്ങൾക്ക് സഹായഹസ്തവുമായി കടന്നുവന്നവരുടെ മനസ്സുകളിലും മാനവസാഹോദര്യത്തിന്റെ ഉദാത്തമായ ചിന്തകളായിരുന്നു. ഭവനരഹിതരായവർക്ക് വീട് നിർമിച്ചുകൊടുക്കാൻ തയ്യാറായവരും സ്ഥലം നൽകിയവരുമെല്ലാം വിഭാഗീയതയുടെ അടിവേര് പിഴുതെടുത്തുകൊണ്ടാണ് കർമനിരതമായത്. ദുരിതങ്ങളിലകപ്പെട്ടവർക്കായി സ്വന്തം കച്ചവടസ്ഥാപനം തുറന്ന് സൗജന്യമായി ആവശ്യാനുസരണം സാധനങ്ങളെടുക്കാൻ അവസരമൊരുക്കിയവരുടെ വിശാല മനസ്സിലും ഇതര മതവിദ്വേഷത്തിന്റെ ഒരംശം പോലുമുണ്ടായിരുന്നില്ല.

ഈ വർഷവും നിർഭാഗ്യകരമായ പ്രളയം കോട്ടയം, ഇടുക്കി പോലുള്ള തെക്കൻ ജില്ലകളിലെ വിവിധ പ്രദേശങ്ങളിലുണ്ടായപ്പോഴും കേരളത്തിന്റ മനസ്സ് പിടക്കുകയാണ്. ഒരു കുടുംബത്തിലെ കുഞ്ഞുങ്ങളടക്കം അഞ്ച് പേരുടെ മരണം കണ്ണുകളെ ഈറനണിയിക്കുന്നു. വിയർപ്പൊഴുക്കി അധ്വാനിച്ച് ജീവിതാഭിലാഷമായി പടുത്തുയർത്തിയ വീടുകൾ വെള്ളത്തിന്റ കുത്തൊഴിക്കിൽ കടപുഴകി വീഴുന്നത് വിതുമ്പലോടെയല്ലാതെ നോക്കി നിൽക്കാനാവില്ല.

കരുണാർദ്രമായ മനസ്സുള്ള ഒരാളെയും ഈ കാഴ്ചകൾ വേദനിപ്പിക്കാതിരിക്കില്ല. ഇതര മതവിദ്വേഷം മനസ്സിനെ വികലമാക്കിയവർക്കത് അസാധ്യവുമാണ്. കഴിഞ്ഞ പ്രളയത്തിലുള്ളതാണെങ്കിലും സമൂഹ മാധ്യമങ്ങളിലൂടെ പ്രചരിക്കുന്ന, വെള്ളം നിറഞ്ഞ് നിൽക്കുന്ന ബിഷപ്പ് ഹൗസിന്റയും പാതി നനഞ്ഞ ബിഷപ്പിന്റെ ളോഹയുടെയും ഫോട്ടോകൾ വെറുപ്പിന്റെ പ്രയോക്താക്കൾക്ക് മാനസിക പരിവർത്തനത്തിനും തിരിച്ചറിവിന്റ വാതായനം തുറക്കപ്പെടാനും ഒരു കാരണമാകുമെന്ന് പ്രത്യാശിക്കാം.

ടി.കെ.അശ്റഫ്
tkashraf100@gmail.com



# കാരണം തേടുമ്പോൾ

വെള്ളപ്പൊക്കവും ഉരുൾപൊട്ടലും ആളുകൾ മണ്ണിനടിയിലായതും വീടുകൾ ഒലിച്ചുപോയതുമൊക്കെയാണിപ്പോൾ എല്ലാവരുടെയും സംസാര വിഷയം. തീർച്ചയായും സങ്കടകരമായ കാര്യങ്ങളാണ് ഇടുക്കിയിലും കോട്ടയത്തുമൊക്കെ സംഭവിച്ചിരിക്കുന്നത്.

ജാഗ്രതകൊണ്ട് അപകടത്തിൽനിന്ന് രക്ഷപ്പെട്ടവർ, മുന്നോട്ട് പോകല്ലേ എന്ന് ആളുകൾ വിളിച്ചുപറഞ്ഞിട്ടും കാർ മുന്നോട്ടെടുത്തതിനാൽ ജീവൻ നഷ്ടപ്പെട്ട യുവാവും യുവതിയും, നീണ്ട വർഷങ്ങൾ പാടുപെട്ട് പണിചെയ്ത് പടുത്തുയർത്തിയതെല്ലാം പ്രളയജലം നക്കിത്തുടച്ചത് നിസ്സഹായരായി നോക്കി നിൽക്കേണ്ടി വന്നവർ. സമ്പത്തും സൗകര്യങ്ങളും വേണ്ടുവോളമുണ്ടായിട്ടും ഒന്നുമില്ലാത്ത അവസ്ഥയിൽ ദുരിതാശ്വാസ കേന്ദ്രത്തിൽ കഴിയേണ്ടിവന്നവർ, വീടും പുരയിടവും മാത്രമല്ല നീണ്ടവർഷങ്ങളിലെഅധ്വാനഫലം മുഴുവനും വെള്ളപ്പാച്ചിലിൽ നഷ്ടപ്പെട്ടവർ, മണ്ണിനടിയിൽ നിന്ന് ഇനിയും കണ്ടെടുക്കാൻ സാധിച്ചിട്ടില്ലാത്ത സ്വന്തക്കാരെ ഓർത്ത് വിലപിക്കുന്നവർ...

അവരെ സഹായിക്കലും ആശ്വാസം പകരലും നമ്മുടെ ബാധ്യതയാണ്. കഴിഞ്ഞ വർഷങ്ങളിലെ പ്രളയ ദുരന്തങ്ങളിൽ മലയാളികൾ കാണിച്ച അതുല്യമായ സഹായമനസ്ഥിതിയും ത്യാഗവും ലോകം കണ്ടതാണ്. ഇത്തവണയും അതിൽ മാറ്റമൊന്നുമുണ്ടാകാൻ പോകുന്നില്ല.

എന്താണ് വെള്ളപ്പൊക്കത്തിന് കാരണം? ഉരുൾപൊട്ടൽ! ഉരുൾപൊട്ടിയത് അതിതീവ്രമഴ കാരണം. അതിതീവ്രമഴയുണ്ടാകാൻ കാരണം ലഘു മേഘവിസ്ഫോടനം! അറബിക്കടലിലും ബംഗാൾ ഉൾക്കടലിലുമുണ്ടായ ന്യൂനമർദമാണ് അതിന്റെ പിന്നിലുള്ള കാരണമെന്ന് വാനനിരീക്ഷകർ വിശദീകരിക്കുന്നു.

അപ്പോൾ ന്യൂനമർദത്തിന്റെ കാരണമോ? അതിനും ശാസ്ത്രീയമായ വിശദീകരണമുണ്ടാവാം. അങ്ങനെ കണ്ടെത്തിയ കാരണത്തിന്റെ കാരണക്കാരനോ? അങ്ങനെ ചോദിച്ചാൽ അത് അന്ധവിശ്വാസികളുടെ ചോദ്യമായാണ് പലരും ചിത്രീകരിക്കുക. ശാസ്ത്രത്തിനും നമ്മുടെ പഞ്ചേന്ദ്രിയങ്ങൾക്കുമപ്പുറം ചില യാഥാർഥ്യങ്ങൾ ഉണ്ടെന്ന് തിരിച്ചറിയാൻ ഇത്തരം ഘട്ടത്തിലും മനുഷ്യൻ തയ്യാറായില്ലെങ്കിൽ അതാണ് ഏറ്റവും വലിയ ദുരന്തം.

പഞ്ചേന്ദ്രിയങ്ങൾക്കതീതമായ കാര്യങ്ങൾ പഠിപ്പിക്കുന്നതിനാണ് പ്രവാചകന്മാർ നിയോഗിക്കപ്പെട്ടതും വേദഗ്രന്ഥങ്ങൾ അവതരിച്ചതും. അതിലെ അന്തിമ വേദഗ്രന്ഥമാണ് വിശുദ്ധ ക്വുർആൻ. മാനവതയുടെ മാർഗദർശിയാണത്. മനുഷ്യന്റെ ജീവിതലക്ഷ്യം എന്തായിരിക്കണമെന്ന് ക്വുർആൻ പറഞ്ഞുതരുന്നുണ്ട്. നാം ജാഗ്രത കാണിച്ചാലും കാണിച്ചില്ലെങ്കിലും വരാനുള്ള ദുരന്തങ്ങളെ തട്ടിമാറ്റാനാകില്ല. അതിനർഥം വരുംപോലെ വരട്ടെ എന്നു കരുതി ഒന്നും ചെയ്യാതിരിക്കലല്ല. സാധ്യമാകുന്നതെല്ലാം നാം ചെയ്യണം. ദൈവത്തിന്റെ വിധിയെ തടുക്കാൻ ആർക്കും സാധ്യമല്ല.

മനുഷ്യ ജീവിതം നശ്വരമാണ്. ശാശ്വത ജീവിതം പരലോകത്താണ്. ഇവിടെ നാം എത്ര ഉരുക്കുകോട്ടകൾ കൊണ്ട് പ്രതിരോധിച്ചാലും നിമിഷങ്ങൾകൊണ്ട് അതെല്ലാം തകർന്നടിയുമെന്നതിന്റെ നേർക്കാഴ്ചയാണ് നാം കാണുന്നത്. അനശ്വരമായ മരണാനന്തര ജീവിതത്തിലേക്കുള്ള പാഥേയമാണ് നാം ഈ കുറഞ്ഞ ആയുസ്സിനകം ഒരുക്കേണ്ടത്. അതിൽ നിന്ന് അശ്രദ്ധമാകുമ്പോൾ പല രീതിയിലുള്ള ഓർമപ്പെടുത്തലുകൾ നമുക്ക് വന്നുകൊണ്ടിരിക്കും. അതിൽനിന്ന് തിരിച്ചറിവുകൾ നേടി മുന്നോട്ടു പോകുന്നതാണ് ബുദ്ധിമാന്മാരുടെ ലക്ഷണം.

വി.സി അഹ്മദ്കുട്ടി, മയ്യഴി
mail@nerpatham.com





# ഹിദായത്ത്

മലയാള ഭാഷയിൽ, 'മാർഗദർശനം' എന്ന് മിക്കവാറും വിവർത്തനം ചെയ്യാറുള്ള അറബി പദമാണ് 'ഹിദായത്ത്.' കുറഞ്ഞത് 17 പ്രാവശ്യം ദിവസേന ഓരോ മുസ്‌ലിമും തന്റെ നാഥനോട് കനിഞ്ഞേകുവാൻ അപേക്ഷിക്കുന്ന ഒരു സുപ്രധാന കാര്യമാണ് ഹിദായത്ത്. കേവലം മാർഗദർശനം എന്നു മാത്രം ഇവിടെ വിവർത്തനം ചെയ്യുമ്പോൾ വിപുലമായ അർഥമുള്ള ഈ അറബിപദം പൂർണമായി നിർവചിക്കപ്പെടുന്നില്ലെന്നതാണ് വാസ്തവം. വിശുദ്ധ ക്വുർആനിൽ നാം പരിശോധിക്കുന്നതായാൽ ഹിദായത്ത് 4 വിധത്തിലുള്ളതായിക്കാണാം.

1) മനുഷ്യരടക്കമുള്ള സർവ ജീവജാലങ്ങൾക്കും അല്ലാഹു നൽകുന്ന ഹിദായത്താണ് അവയിലൊന്ന്. ഓരോ ജീവിക്കും അതിന്റെ ആഹാരം തുടങ്ങിയുള്ള ജീവിതാവശ്യങ്ങൾ പൂർത്തിയാക്കുവാൻ നൽകപ്പെടുന്ന മാർഗദർശനമാണ് ഈ ഹിദായത്തുകൊണ്ട് വിശുദ്ധ ക്വുർആനിൽ വിവക്ഷിക്കുന്നത്. വിശുദ്ധ ക്വുർആനിൽ മൂസാ നബിയുടെയും ഫിർഔനിന്റെയും മധ്യെ നടന്ന സംഭാഷണം വിവരിക്കുന്നത് നോക്കുക: "ഫിർഔൻ ചോദിച്ചു: ആരാണ് മൂസേ നിങ്ങൾ രണ്ടു പേരുടെയും നാഥൻ? മൂസാനബി പറഞ്ഞു. ഓരോ വസ്തുവിനും അതിന്റെ പ്രകൃതി നൽകുകയും പിന്നീട് അതിനു മാർഗദർശനം നൽകുകയും ചെയ്തവനാണ് ഞങ്ങളുടെ നാഥൻ" (ത്വാഹാ). തേനീച്ചക്ക് അതിന്റെ ആഹാരം തേടിപ്പിടിക്കാൻ അല്ലാഹു നൽകുന്ന മാർഗദർശനത്തെ സംബന്ധിച്ച് വിശുദ്ധ ക്വുർആൻ ഇങ്ങനെ വിവരിക്കുന്നു: "നിന്റെ നാഥൻ തേനീച്ചക്ക് ബോധനം നൽകി; പർവതങ്ങളിലും വൃക്ഷങ്ങളിലും അവർ പടുത്തുയർത്തുന്ന കെട്ടിടങ്ങളിലും കൂടുണ്ടാക്കുക. എന്നിട്ട് നാനാവിധ പഴങ്ങളിൽനിന്നും ഭക്ഷിക്കുക" (നഹ്ൽ).

ആശാരി ആശാരിപ്പണിയും തട്ടാൻ തട്ടാൻപണിയും കർഷകൻ കൃഷിപ്പണിയും വൈദ്യൻ ചികിത്സയും എല്ലാം ചെയ്യുന്നത് ഈ മാർഗദർശനത്തിന്റെ ഫലമായിട്ടാണ്. സുലൈമാൻ നബിയും സൈന്യവും ഉറുമ്പിന്റെ താഴ്‌വരയിൽ എത്താറായപ്പോൾ ഒരു ഉറുമ്പ് തന്റെ സഹജീവികളെ ഉപദേശിച്ചതും ഇതേ മാർഗദർശനത്തിന്റെ ഫലമായിരുന്നു. പരുന്ത് പറക്കുമ്പോൾ അച്ചിക്കോഴി അതിന്റെ കുഞ്ഞുങ്ങൾക്ക് മുന്നറിയിപ്പു നൽകുന്നതും തൽഫലമായി കുഞ്ഞുങ്ങൾ മുൻകൂട്ടിയുള്ള യാതൊരു അധ്യാപനവും കൂടാതെ തന്നെ തള്ളയുടെ ചിറകിനുള്ളിൽ പതുങ്ങിയൊളിക്കുന്നതും ഇതേ മാർഗദർശനത്തിന്റെ ഫലമായിട്ടാണ്. മനുഷ്യശിശുക്കൾക്ക് ഏറ്റവും ദുർബലമായ അവസ്ഥയിൽ മാതാക്കളുടെ മാർവിടത്തിൽനിന്ന് പാൽകുടിക്കാൻ മാർഗദർൾശനം ചെയ്ക വഴി അല്ലാഹു നൽകിയ അനുഗ്രഹത്തെ വിശുദ്ധ ക്വുർആനിൽ ഇങ്ങനെ അനുസ്മരിപ്പിക്കുന്നു: "നാം മനുഷ്യന് രണ്ടു കണ്ണും ഒരു നാവും രണ്ടു ചുണ്ടും ഉണ്ടാക്കിക്കൊടുത്തില്ലേ? രണ്ടു മലകളിലേക്ക് (നജ്ദയ്ൻ) അവന് മാർഗദർശനം നൽകുകയും ചെയ്തു" (ക്വുർആൻ).

(ഇവിടെ മൂലത്തിലുള്ളത് 'നജ്ദ്' എന്നാണ്. മിക്ക മുഫസ്സിറുകളും ഇവിടെ അർഥം കൊടുത്തത് വ്യക്തമായിക്കാണത്തക്കവണ്ണം തെളിഞ്ഞ നിലയിൽ ഉയർന്നുകിടക്കുന്ന വഴി എന്നാണ്. അത് നേർമാർഗവും ദുർമാർഗവും ആണെന്ന് അവർ വിശദീകരിക്കുന്നു. ലേഖകൻ പറഞ്ഞ അർഥവും ചിലർ പറഞ്ഞിട്ടുണ്ട്- പത്രാധിപർ).

> **സുലൈമാൻ നബിയും സൈന്യവും ഉറുമ്പിന്റെ താഴ്‌വരയിൽ എത്താറായപ്പോൾ ഒരു ഉറുമ്പ് തന്റെ സഹജീവികളെ ഉപദേശിച്ചതും അല്ലാഹുവിന്റെ മാർഗദർശനത്തിന്റെ ഫലമായിരുന്നു. പരുന്ത് പറക്കുമ്പോൾ അച്ചിക്കോഴി അതിന്റെ കുഞ്ഞുങ്ങൾക്ക് മുന്നറിയിപ്പു നൽകുന്നതും തൽഫലമായി കുഞ്ഞുങ്ങൾ മുൻകൂട്ടിയുള്ള യാതൊരു അധ്യാപനവും കൂടാതെ തന്നെ തള്ളയുടെ ചിറകിനുള്ളിൽ പതുങ്ങിയൊളിക്കുന്നതും ഇതേ മാർഗദർശനത്തിന്റെ ഫലമായിട്ടാണ്. മനുഷ്യശിശുക്കൾക്ക് ഏറ്റവും ദുർബലമായ അവസ്ഥയിൽ യാതൊരു മുന്നറിവുമില്ലാതെ മാതാക്കളുടെ മാർവിടത്തിൽനിന്ന് പാൽകുടിക്കാൻ മാർഗദർൾശനം ചെയ്ക വഴി അല്ലാഹു നൽകിയ അനുഗ്രഹത്തെ വിശുദ്ധ ക്വുർആനിൽ അനുസ്മരിപ്പിക്കുന്നുണ്ട്.**

പറവജാതികൾ പറക്കുന്നതും ഇഴജന്തുക്കൾ ഇഴയുന്നതുമെല്ലാം നാഥൻ നൽകിയ ഈ മാർഗദർശനത്തിന്റെ ഫലമായിട്ടാണ്. സർവ ചരാചരങ്ങളും അവയുടെ പ്രകൃതിക്കനുയോജ്യമായ ഇര തേടിപ്പിടിക്കുന്നത് അല്ലാഹുവിന്റെ ഈ അനുഗ്രഹത്താൽ മാത്രമാകുന്നു. അല്ലായിരുന്നുവെങ്കിൽ തേനുള്ളിടത്ത് തേനീച്ചക്കോ പഞ്ചസാരയുള്ളേടത്ത് ഉറുമ്പിനോ രക്തമുള്ളേടത്ത് മൂട്ടക്കോ ചെന്നെത്താൻ സാധ്യമാകുമായിരുന്നില്ല.

രണ്ടാമത്തെ ഹിദായത്ത് മനുഷ്യവർഗത്തിനാകമാനം പൊതുവെയുള്ളതാണ്. ആ ഹിദായത്ത് മറ്റു ജീവികൾക്കൊന്നും നൽകപ്പെട്ടിട്ടില്ല. അതത്രെ അവന്റെ വിവേചന ബുദ്ധി, അഥവാ നല്ലതിനെയും ചീത്തയെയും വേർതിരിച്ചറിയാനുള്ള കഴിവ്. മനുഷ്യന്റെ ഈ സവിശേഷതയെ ഒറ്റവാക്കിൽ മനസ്സാക്ഷി എന്ന പദംകൊണ്ട് നമുക്ക് നിർവചിക്കാം. ഈ ഹിദായത്തിനെ സംബന്ധിച്ച് വിശുദ്ധ ക്വുർ

ആനിൽ പലേടങ്ങളിലും പ്രസ്താവി ച്ചതായി കാണാം. “മനുഷ്യാത്മാവിനെയും അതിന്റെ അന്യൂനാവസ്ഥയെയും; അതിന്റെ ധിക്കാരവും സൂക്ഷ്മതയും സംബന്ധിച്ച് അതിന് നൽകിയ ബോധനത്തെയുംകൊണ്ട് സത്യം' (വി.ക്വു). “നിശ്ചയമായും നാം അവന്ന് വഴി കാണിച്ചുകൊടുത്തു. അവൻ കൃതജ്ഞനോ കൃതഘ്നനോ എന്തായാലും” (വി.ക്വു).

ഇതേ മാർഗദർശനത്തിന്റെ അടിസ്ഥാനത്തിലാണ് മരണാനന്തര ജീവിതത്തിൽ മനുഷ്യന് ശിക്ഷയോ രക്ഷയോ ലഭിക്കുന്നത്. എന്തുകൊണ്ടെന്നാൽ മനുഷ്യന്റെ ഈ വിവേചനബുദ്ധി, അല്ലെങ്കിൽ മനസ്സാക്ഷി ദൈവം അവനിൽ നിക്ഷേപിച്ചിട്ടുള്ള ഒരു അമാനത്താകുന്നു. വിശുദ്ധ ക്വുർആൻ പറയുന്നത് നോക്കുക: “അമാനത്ത് ആകാശങ്ങൾക്കും ഭൂമിക്കും പർവതങ്ങൾക്കും നാം സമർപ്പിച്ചു. അപ്പോൾ അവയെല്ലാം അത് ചുമക്കാൻ വിസമ്മതിക്കുകയും അതിനെപ്പറ്റി ഭയപ്പെടുകയും ചെയ്തു. മനുഷ്യൻ അതു ചുമന്നു. നിശ്ചയമായും അവൻ അക്രമിയും മൂഢനുമാണ്. കപടവിശ്വാസികളെയും കപട വിശ്വാസിനികളെയും ബഹുദൈവ വിശ്വാസികളെയും ബഹുദൈവവിശ്വാസിനികളെയും ശിക്ഷിക്കുവാനും സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും കനിഞ്ഞനുഗ്രഹിക്കുവാനും (ഇതു കാരണമായി) . അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു'' (വി.ക്വു).

മൂന്നാമത്തെ ഹിദായത്ത് പ്രവാചകത്വമാണ്. അഥവാ പ്രവാചകന്മാർക്ക് ദൈവം നൽകുന്ന ദിവ്യബോധനമാണ്. പരിമിതമായ കഴിവുകളോടുകൂടിയും ദുർബലനായിട്ടുമാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്' (വി.ക്വു). അവന്റെ സർവ കഴിവുകളും ഒരതിരുവരെ മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. അവന്റെ പഞ്ചേന്ദ്രിയങ്ങളെല്ലാംതന്നെ അവയുടെ കഴിവിൽ പരിമിതമാണ്. ഒരതിരിന്നപ്പുറമോ ഇപ്പുറമോ കാണാനോ കേൾക്കാനോ മണക്കാനോ അവന് സാധ്യമല്ല. വളർന്നുകൊണ്ടിരിക്കുന്ന ഒരു ജീവിയുടെയോ വൃക്ഷത്തിന്റെയോ അവന്റെതന്നെയോ വളർച്ചയുടെ പ്രക്രിയ അവനു കാണാൻ സാധ്യമല്ല. പിന്നെ ഇതരജീവികൾക്കില്ലാത്ത ഒരു സവിശേഷത രണ്ടാം ഹിദായത്തുകൊണ്ടു നാം നിർവചിച്ച അവന്റെ വിവേചനശക്തിയാണ്; അഥവാ അവന്റെ വിശേഷബുദ്ധിയാണ്. അതാകട്ടെ സ്വയം പര്യാപ്തമല്ലതാനും. മനുഷ്യന്റെ ബഹുമുഖങ്ങളായ ജീവിതമണ്ഡലങ്ങളിൽ അവൻ കൈക്കൊള്ളേണ്ട നിലപാടു നിർദേശിക്കാൻ മാത്രം കഴിവ് ബുദ്ധിക്കില്ലെന്നത് വളരെ വ്യക്തമാണ്. ബുദ്ധിയെ മാത്രം ആസ്പദമാക്കി മനുഷ്യന് തന്നെസ്സംബന്ധിച്ചോ തന്റെ ജീവിതലക്ഷ്യത്തെ സംബന്ധിച്ചോ പ്രപഞ്ചത്തിൽ തനിക്കുള്ള ശരിയായ പരിപാടിയെ സംബന്ധിച്ചോ ശരിയായ ഒരു നിഗമനത്തിൽ എത്തിച്ചേരാൻ സാധ്യമല്ലെന്നു സോക്രട്ടീസ് തുടങ്ങി കാറൽ മാർക്സ് വരെയുള്ള ബുദ്ധിമാന്മാരുടെ നിരീക്ഷണങ്ങളും തൽഫലമായി ആ ചിന്തകന്മാർ എത്തിച്ചേന്നിട്ടുള്ള നിഗമനങ്ങളിലെ പരസ്പരവൈരുധ്യവും ചരിത്രത്തിന്റെ താളുകളിലൂടെ മനുഷ്യവർഗത്തിന്റെ മുമ്പാകെ തുറന്നു പ്രഖ്യാപിക്കുന്നു. മനുഷ്യനാകട്ടെ തന്റെ സ്വന്തം തീരുമാനമനുസരിച്ചു വന്നവനോ തന്റെ തീരുമാനമനുസരിച്ചു ലോകത്തുനിന്നു വേർപെടുന്നവനോ അല്ല. മാത്രമല്ല അവന്റെ ഈലോക ജീവിതകാലത്ത് ഉപജീവനാർഥം തന്റെ മാതാവിന്റെ മാർവിടത്തുള്ള പാൽ തുടങ്ങി മരണം വരെ അവനാവശ്യം വരുന്ന സർവ വസ്തുക്കളും ഇവിടെ സജ്ജീകൃതമായിട്ടുള്ളതും അവന്റെയോ അവന്റെ മാതാപിതാക്കളുടേയോ പരിശ്രമഫലമായിട്ടല്ല. പ്രകൃത്യാ സമൂഹജീവിയായ മനുഷ്യൻ സമൂഹത്തിൽ തന്റെ ജീവിതത്തിന്റെ വിവിധ ദശകളിൽ വ്യത്യസ്തങ്ങളായ നിലപാടുകൾ വരിക്കേണ്ടതുമുണ്ട്. ഒരു കാലത്ത് അവൻ വിദ്യാർഥിയാ



ണെങ്കിൽ മറ്റൊരു കാലത്ത് അധ്യാപകനായിരിക്കും. ഒരുകാലത്തു മകനും മറ്റൊരു കാലത്തു ഭർത്താവും അപ്പനും എന്നുവേണ്ടാ, തന്റെ ജീവിതത്തിന്റെ വിവിധദശകളിൽ പല രംഗങ്ങളിലും പല നിലപാടാണ് അവനു സമാജത്തിൽ ഉണ്ടായിരിക്കുക. ഈ വിവിധങ്ങളായ മണ്ഡലങ്ങളിൽ മനുഷ്യൻ അവൻ നിർവഹിക്കേണ്ട ബാധ്യതകളും അവനു ലഭിക്കേണ്ട അവകാശങ്ങളും നിർണയിക്കാനോ നിർദേശിക്കാനോ അവന്റെ ബുദ്ധിയോ അവന്റെ സഹജീവികളുടെ ബുദ്ധിയോ ശക്തമല്ലാത്തതു നിമിത്തം അവനു പ്രസ്തുത കാര്യങ്ങളിൽ തന്റെ നാഥങ്കൽനിന്നുള്ള മാർഗദർശനത്തിന്റെ ആവശ്യകത അനിവാര്യമായും നേരിടുന്നു.

ഈ മാർഗർശനം അഥവാ ഹിദായത്ത് ദൈവം മനുഷ്യരിൽ ഓരോ വ്യക്തിക്കും വെവ്വേറെ നേരിട്ട് നൽകയല്ല ചെയ്യുന്നത്. അടിസ്ഥാനപരമായി മനുഷ്യരുടെയെല്ലാം പ്രകൃതി ഒന്നാകയാൽ അവർക്കെല്ലാം കൂടി ഒരു പ്രവാചകൻ മുഖേന ഹിദായത്ത് നൽകുകയാണ് അല്ലാഹു ചെയ്തിട്ടുള്ളത്. അല്ലാഹു പറയുന്നതു നോക്കുക: "അല്ലാഹു അദൃശ്യകാര്യങ്ങൾ നിങ്ങൾക്ക് പ്രത്യക്ഷമാക്കുകയില്ല. പക്ഷേ, അല്ലാഹു അവന്റെ ദൂതന്മാരിൽനിന്നാണ് അവനുദ്ദേശിക്കുന്നവരെ (ആ കാര്യത്തിനായി) തിരഞ്ഞെടുക്കുന്നത്" (വി.ക്വു.). സൂറഃ അൻആമിൽ പല പ്രവാചകന്മാരുടെയും പേർ പറഞ്ഞതിനുശേഷം അല്ലാഹു പറയുന്നു: "ഇവരാണ് അല്ലാഹു ഹിദായത്തു നൽകിയവർ; അവരുടെ സന്മാർഗത്തെ പിൻപറ്റുക" (വി.ക്വു). അതേപറ്റി സൂറത്തു മർയമിലും ഇബ്‌റാഹീം, മൂസാ തുടങ്ങിയ പല പ്രവാചകന്മാരെ സംബന്ധിച്ചും പ്രസ്താവിച്ചതിനു ശേഷം അല്ലാഹു പറയുന്നതു നോക്കുക: 'ഇവർ നാം അനുഗ്രഹിച്ചിട്ടുള്ള പ്രവാചകന്മാരാണ്. ആദമിന്റെ സന്താന പരമ്പരയിൽ നിന്നും നാം നൂഹിന്റെ കൂടെ കപ്പലിൽ കയറ്റിയവരിൽനിന്നും, ഇബ്‌റാഹീമിന്റെയും ഇസ്‌റാഈലിന്റെയും സന്താനങ്ങളിൽനിന്നുമുള്ളവരാണ്. ഇവർ നാം തിരഞ്ഞെടുത്തവരും നാം ഹിദായത്തു നൽകിയിട്ടുള്ളവരുമാണ്" (വി.ക്വു.)

ഈ പ്രവാചകന്മാരും ഇവർക്കു പുറമെ ക്വുർആനിൽ പേർ വിവരിച്ചിട്ടില്ലാത്ത മറ്റനേകം പ്രവാചകന്മാരും പല കാലങ്ങളിലായി ഈ ലോകത്തു പല ദേശങ്ങളിൽ നിയോഗിക്കപ്പെട്ടവരാണ്. പക്ഷേ, അവർക്കെല്ലാം നിർദേശിക്കപ്പെട്ട മതം ഒരേ ഒരു മതമാണ്. കാല, സ്ഥല വ്യത്യാസങ്ങളെ കണക്കിലെടുത്തു ശാഖാപരമായ കാര്യങ്ങളിൽ അൽപസ്വൽപം വ്യത്യാസമുണ്ടായിരുന്നുവെന്നുമാത്രം. വിശുദ്ധ ക്വുർആൻ പ്രസ്താവിക്കുന്നതു നോക്കുക: "പറയുക: ഞങ്ങൾ അല്ലാഹുവിലും ഞങ്ങൾക്കവതീർണമായതിലും ഇബ്‌റാഹീമിനും ഇസ്മാഈലിനും ഇസ്ഹാക്വിനും അസ്ബാത്തിനും അവതീർണമായതിലും; മൂസാക്കും ഈസാക്കും നൽകപ്പെട്ടതിലും മറ്റെല്ലാ പ്രവാചകന്മാർക്കും തങ്ങളുടെ നാഥനിൽനിന്നു നൽകപ്പെട്ടതിലും വിശ്വസിക്കുന്നു. അവരിൽ ആരുടെയിടയിലും ഞങ്ങൾ വ്യത്യാസപ്പെടുത്തുന്നില്ല. ഞങ്ങൾ അല്ലാഹുവിന് ആത്മാർപ്പണം ചെയ്തവരാകുന്നു" (വി.ക്വു). പ്രവാചക ചങ്ങലയിലെ അവസാനത്തെ കണ്ണിയായ മുഹമ്മദ് നബിﷺക്കു നൽകപ്പെട്ട ഹിദായത്ത് ലോകത്തിനാകമാനമുള്ളതും ലോകാവസാനംവരേക്കുമുള്ളതുമാകുന്നു.

> **പരിമിതമായ കഴിവുകളോടുകൂടിയും ദുർബലനായിട്ടുമാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അവന്റെ സർവ കഴിവുകളും ഒരതിരുവരെ മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. അവന്റെ പഞ്ചേന്ദ്രിയങ്ങളെല്ലാംതന്നെ അവയുടെ കഴിവിൽ പരിമിതമാണ്. ഒരതിരിന്നപ്പുറമോ ഇപ്പുറമോ കാണാനോ കേൾക്കാനോ മണക്കാനോ അവന് സാധ്യമല്ല. വളർന്നുകൊണ്ടിരിക്കുന്ന ഒരു ജീവിയുടെയോ വൃക്ഷത്തിന്റെയോ അവന്റെതന്നെയോ വളർച്ചയുടെ പ്രക്രിയ അവനു കാണാൻ സാധ്യമല്ല. പിന്നെ ഇതരജീവികൾക്കില്ലാത്ത ഒരു സവിശേഷത രണ്ടാം ഹിദായത്തുകൊണ്ടു നിർവചിച്ച അവന്റെ വിവേചനശക്തിയാണ്; അഥവാ വിശേഷബുദ്ധിയാണ്. അതാകട്ടെ സ്വയം പര്യാപ്തമല്ലതാനും.**

മനുഷ്യന്റെ ജന്മസിദ്ധമായ പഞ്ചേന്ദ്രിയങ്ങളും നല്ലതും തീയതും വേർതിരിച്ചറിയാനുള്ള വിശേഷബുദ്ധിയും എല്ലാ മനുഷ്യർക്കും പൊതുവായുള്ള ഗുണങ്ങളാണല്ലോ. അതേപ്രകാരം തന്നെ പ്രവാചകന്മാർവഴിക്കുള്ള മാർഗദർശനവും മാനവസമുദായത്തിന് അതിന്റെ നാഥനിൽനിന്നുമുള്ള പൊതു സംഭാവനതന്നെയാണ്. പ്രവാചകത്വം മുഖേന ലഭിക്കുന്ന മാർഗദർശനം വഴിയായി യാതൊരു സന്ദേഹത്തിനും ഇടയില്ലാത്തവിധം 'സൻമാർഗം ദുർ



മാർഗത്തിൽനിന്നും വ്യതിരിക്തമായി നിലകൊള്ളുന്നു"(വി.ഖു.). എന്നിരുന്നിട്ടും സന്മാർഗം അവലംബിക്കുന്ന കാര്യത്തിൽ മനുഷ്യർ ഒരേ നിലക്കാരല്ലെന്നുള്ളതാണു വാസ്തവം. അവരിൽ സൽകർമകാരികളുണ്ട്, ദുഷ്കർമകാരികളുമുണ്ട്; ഉൽകൃഷ്ടരുമുണ്ട്, നികൃഷ്ടരുമുണ്ട്. മനുഷ്യരുടെ ഈ വ്യത്യസ്ത നിലപാട് അന്ത്യപ്രവാചകന്റെ അനുയായികളിലെന്നപോലെ തന്നെ മുൻ പ്രവാചകരുടെ അനുയായികളിലും കാണാവുന്നതാണ്. വേദക്കാരെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നത് 'അവരെല്ലാം സമന്മാരല്ല. രാത്രിസമയങ്ങളിൽ ദിവ്യവാക്യങ്ങൾ പാരായണം ചെ യ്തുകൊണ്ട് നിന്നും സാഷ്ടാംഗം ചെയ്തും ആരാധന ചെയ്യുന്ന ഒരു സമൂഹം വേദക്കാരിലുണ്ട്' (വി.ഖു.) എന്നാണല്ലോ. കാലദേശവ്യത്യാസമന്യെ മനുഷ്യവർഗത്തിൽ സജ്ജനങ്ങളെയും ദുർജനങ്ങളെയും എന്നും കാണാവുന്നതാണ്. ആദ്യമനുഷ്യനായ ആദ(عليه السلام)മിന്റെ രണ്ടു സന്താനങ്ങളുടെ നിലപാടും രണ്ടു വിധത്തിലായിരുന്നുവെന്നു വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നുണ്ട്. ഒരു മാതാപിതാക്കളുടെ രണ്ടു സന്താനങ്ങൾ രണ്ടുവ്യത്യസ്ത മാർഗങ്ങൾ-സന്മാർഗവും ദുർമാർഗവും- അവലംബിക്കുന്നത് എന്തുകൊ ണ്ടാണ്? സാഹചര്യങ്ങളുടെ വ്യത്യാസമാണെന്നാണ് ഉത്തരമെങ്കിൽ ഹാബീലിന്റെയും ഖാബീലിന്റെയും സാഹചര്യങ്ങൾ വ്യത്യസ്തമായിരിക്കാൻ തരമില്ലല്ലോ. അതേപോലെത്തന്നെ ഒരേ സാഹചര്യത്തിൽ വളരുന്ന ജ്യേഷ്ഠാനുജന്മാരെ ധർമദൃഷ്ട്യാ വ്യത്യസ്ത പാന്ഥാവിലൂടെ ചരിക്കുന്നതായി ധാരാളം കാണാവുന്നതാണ്. വാസ്തവമെന്തെന്നാൽ സന്മാർഗിയായി ജീവിതം നയിക്കാൻ സന്മാർഗത്തെപ്പറ്റിയുള്ള ജ്ഞാനം മാത്രം പോരാ. പ്രത്യുത സന്മാർഗത്തോടു പ്രതിപത്തിയും ദുർമാർഗത്തോടു വെറുപ്പും ഉണ്ടായാൽ മാത്രമെ മനുഷ്യൻ സന്മാർഗം സ്വീകരിക്കുകയും ദുർമാർഗം വർജിക്കുകയും ചെയ്യുകയുള്ളൂ. ഈ നിലപാട് അവനിൽ സംജാതമാകുന്നത് മുൻ വിവരിച്ച അല്ലാഹുവിന്റെ ഹിദായത്തുകൾ മൂന്നിനുമുപരിയായി അല്ലാഹു നൽകുന്ന നാലാമത്തെ ഹിദായത്തിന്റെ ഫലമായിട്ടാകുന്നു.

ഈ കാര്യം വിശുദ്ധ ഖുർആൻ വിവരിക്കുന്നതു നോക്കുക: "പക്ഷേ, അല്ലാഹു സത്യവിശ്വാസത്തെ നിങ്ങൾക്ക് ഇഷ്ടമുള്ളതാക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ അതിനെ കൗതുകകരമാക്കുകയും അവിശ്വാസം, തോന്ന്യാസം, ധിക്കാരം എന്നിവയെ നിങ്ങൾക്ക് വെറുക്കപ്പെട്ടതാക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെയുള്ളവരത്രെ സന്മാർഗം പ്രാപിച്ചവർ. അല്ലാഹുവിങ്കൽനിന്നുമുള്ള അനുഗ്രഹവും ഔദാര്യവു വുമായിട്ടത്രെ ഇത്" (വി.ഖു.).

ഈ ഹിദായത്തു നൽകുന്നവൻ അല്ലാഹു ഏകൻ മാത്രമാണ്. മുർസലായ നബിക്കോ മുഖർറബായ മലക്കിനോ സാധ്യമല്ല ഈ ഹിദായത്ത് മനുഷ്യന്ന് നൽകുവാൻ. 'നീ ഇഷ്ടപ്പെടുന്നവനു ഹിദായത്തു നൽകുവാൻ നിനക്ക് സാധ്യമല്ല' എന്ന് വിശുദ്ധ ഖുർ നിൽ തിരുനബിയോടു പറഞ്ഞിട്ടുള്ളത് ഈ ഹിദായത്തിനെ സംബന്ധിച്ചാകുന്നു. 'നിശ്ചയമായും നീ നേരായ മാർഗത്തിലേക്ക് ഹിദായത്ത് ചെയ്യുന്നു' എന്നു വിശുദ്ധ ഖുർആനിൽ നബിയോടു പറഞ്ഞിട്ടുള്ളത് മാർഗദർശനം ചെയ്യുക എന്ന അർഥത്തിലുള്ള, മേൽവിവരിച്ച മൂന്നാമത്തെ അർഥത്തിലാകുന്നു. മൂന്നാമത്തെയും നാലാമത്തെയും അർഥങ്ങൾ വിശുദ്ധ ഖുർആനിൽ വേർതിരിച്ചു മനസ്സിലാക്കാത്തവർ ആശയക്കുഴപ്പത്തിലാവാറുണ്ട്. അല്ലാഹു നമുക്ക് ഹിദായത്ത് നൽകുമാറാകട്ടെ.

**(സൽസബീൽ ത്രൈമാസിക, 1971 ഓഗസ്റ്റ് ലക്കത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ലേഖനം)**

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 53, ഭാഗം 2

# അന്നജ്മ് (നക്ഷത്രം)

(മക്കയിൽ അവതരിച്ചത്)

أَفَرَءَيْتُمُ ٱللَّـٰتَ وَٱلْعُزَّىٰ ﴿١٩﴾
وَمَنَوٰةَ ٱلثَّالِثَةَ ٱلْأُخْرَىٰٓ ﴿٢٠﴾
أَلَكُمُ ٱلذَّكَرُ وَلَهُ ٱلْأُنثَىٰ ﴿٢١﴾
تِلْكَ إِذًا قِسْمَةٌ ضِيزَىٰٓ ﴿٢٢﴾
إِنْ هِىَ إِلَّآ أَسْمَآءٌ سَمَّيْتُمُوهَآ أَنتُمْ وَءَابَآؤُكُم
مَّآ أَنزَلَ ٱللَّهُ بِهَا مِن سُلْطَـٰنٍ ۚ إِن يَتَّبِعُونَ إِلَّا ٱلظَّنَّ وَمَا
تَهْوَى ٱلْأَنفُسُ ۖ وَلَقَدْ جَآءَهُم مِّن رَّبِّهِمُ ٱلْهُدَىٰٓ ﴿٢٣﴾
أَمْ لِلْإِنسَـٰنِ مَا تَمَنَّىٰ ﴿٢٤﴾
فَلِلَّهِ ٱلْـَٔاخِرَةُ وَٱلْأُولَىٰ ﴿٢٥﴾
۞ وَكَم مِّن مَّلَكٍ فِى ٱلسَّمَـٰوَٰتِ لَا تُغْنِى شَفَـٰعَتُهُمْ شَيْـًٔا
إِلَّا مِنۢ بَعْدِ أَن يَأْذَنَ ٱللَّهُ لِمَن يَشَآءُ وَيَرْضَىٰٓ ﴿٢٦﴾
إِنَّ ٱلَّذِينَ لَا يُؤْمِنُونَ بِٱلْـَٔاخِرَةِ لَيُسَمُّونَ
ٱلْمَلَـٰٓئِكَةَ تَسْمِيَةَ ٱلْأُنثَىٰ ﴿٢٧﴾
وَمَا لَهُم بِهِۦ مِنْ عِلْمٍ ۖ إِن يَتَّبِعُونَ إِلَّا
ٱلظَّنَّ ۖ وَإِنَّ ٱلظَّنَّ لَا يُغْنِى مِنَ ٱلْحَقِّ شَيْـًٔا ﴿٢٨﴾

19. ലാത്തയെയും ഉസ്സയെയും പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ?

20. വേറെ മൂന്നാമതായുള്ള മനാത്തയെ പറ്റിയും

21. (സന്താനമായി) നിങ്ങൾക്ക് ആണും അല്ലാഹുവിന് പെണ്ണുമാണെന്നോ?

22. എങ്കിൽ അത് നീതിയില്ലാത്ത ഒരു ഓഹരി വെക്കൽ തന്നെ.

23. നിങ്ങളും നിങ്ങളുടെ പിതാക്കളും നാമകരണം ചെയ്ത ചില പേരുകളല്ലാതെ മറ്റൊന്നുമല്ല അവ (ദേവതകൾ.) അവയെപ്പറ്റി അല്ലാഹു യാതൊരു പ്രമാണവും ഇറക്കിത്തന്നിട്ടില്ല. ഊഹത്തെയും മനസ്സുകൾ ഇച്ഛിക്കുന്നതിനെയും മാത്രമാണ് അവർ പിന്തുടരുന്നത്. അവർക്ക് തങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് സൻമാർഗം വന്നിട്ടുണ്ട് താനും.

24. അതല്ല, മനുഷ്യന് അവൻ മോഹിച്ചതാണോ ലഭിക്കുന്നത്?

25. എന്നാൽ അല്ലാഹുവിന്നാകുന്നു ഇഹലോകവും പരലോകവും.

26. ആകാശങ്ങളിൽ എത്ര മലക്കുകളാണുള്ളത്! അവരുടെ ശുപാർശ യാതൊരു പ്രയോജനവും ചെയ്യുകയില്ല; അല്ലാഹു അവൻ ഉദ്ദേശിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്നവർക്ക് (ശുപാർശയ്ക്ക്) അനുവാദം നൽകിയതിന്റെ ശേഷമല്ലാതെ.

27. തീർച്ചയായും പരലോകത്തിൽ വിശ്വസിക്കാത്തവർ മലക്കുകൾക്ക് പേരിടുന്നത് സ്ത്രീ നാമങ്ങളാകുന്നു.

28. അവർക്ക് അതിനെപറ്റി യാതൊരു അറിവുമില്ല. അവർ ഊഹത്തെ മാത്രമാകുന്നു പിന്തുടരുന്നത്. തീർച്ചയായും ഊഹം സത്യത്തെ സംബന്ധിച്ചേടത്തോളം ഒട്ടും പ്രയോജനം ചെയ്യുകയില്ല.

فَأَعْرِضْ عَن مَّن تَوَلَّىٰ عَن ذِكْرِنَا
وَلَمْ يُرِدْ إِلَّا ٱلْحَيَوٰةَ ٱلدُّنْيَا ﴿٢٩﴾
ذَٰلِكَ مَبْلَغُهُم مِّنَ ٱلْعِلْمِ ۚ إِنَّ رَبَّكَ هُوَ أَعْلَمُ
بِمَن ضَلَّ عَن سَبِيلِهِۦ وَهُوَ أَعْلَمُ بِمَنِ ٱهْتَدَىٰ ﴿٣٠﴾

29. ആകയാൽ നമ്മുടെ സ്മരണ വിട്ടു തിരിഞ്ഞുകളയുകയും ഐഹികജീവിതം മാത്രം ലക്ഷ്യമാക്കുകയും ചെയ്തവരിൽ നിന്ന് നീ തിരിഞ്ഞുകളയുക.

30. അറിവിൽനിന്ന് അവർ ആകെ എത്തിയിട്ടുള്ളത് അത്രത്തോളമാകുന്നു. തീർച്ചയായും നിന്റെ രക്ഷിതാവാകുന്നു അവൻറെ മാർഗത്തിൽ നിന്ന് തെറ്റിപ്പോയവരെപ്പറ്റി കൂടുതൽ അറിവുള്ളവൻ. സൻമാർഗം പ്രാപിച്ചവരെ പറ്റി കൂടുതൽ അറിവുള്ളവനും അവൻ തന്നെയാകുന്നു.

19-20.നബിﷺ കൊണ്ടുവന്നത് സന്മാർഗവും സത്യമതവുമാണെന്നും അല്ലാഹുവിനെ മാത്രമെ ആരാധിക്കാവു എന്നും പറഞ്ഞപ്പോൾ തന്നെ ഉപകാരമോ ഉപദ്രവമോ ചെയ്യാത്ത സമ്പൂർണ ഗുണവിശേഷങ്ങളില്ലാത്തവയെ ആരാധിക്കുന്ന ബഹുദൈവവിശ്വാസികളുടെ നിരർഥകതയും വ്യക്തമാക്കുന്നു. അവരുടെ ആരാധ്യർ കേവലം അർഥമില്ലാത്ത ചില നാമങ്ങൾ മാത്രമാണെന്നും അതാകട്ടെ വഴിപിഴച്ച വിഡ്ഢികളായ അവരുടെ പിതാക്കൾ നാമകരണം ചെയ്തതുമാണെന്നും പറയുന്നു. അവരർഹിക്കാത്ത തെറ്റായ ചില പേരുകൾ അവർ പുതുതായുണ്ടാക്കിയതാണത്. വഴിപിഴച്ച അവരും മറ്റുള്ളവരും വഞ്ചിതരാവുകയും ചെയ്തു. അതിനാൽ ഈ ദൈവങ്ങൾ ചെറിയൊരംശംപോലും ആരാധനയ്ക്ക് അർഹതയില്ലാത്തവരാണ്.

അവർ അല്ലാഹുവിന്നുണ്ടാക്കിയ സമന്മാർക്ക് അവൻ നൽകിയ നാമങ്ങൾ ചില പ്രത്യേക വിശേഷണങ്ങളിൽനിന്നുള്ളതാണെന്നും അവർ തെറ്റായി വാദിക്കുന്നു. اللات (ലാത്ത) എന്നത് الإله ആരാധനക്കർഹൻ എന്നതിൽ നിന്ന് വന്നതാണെന്നും, العزى (ഉസ്സാ) എന്നത് العزيز (പ്രതാപശാലി) എന്നതിൽ നിന്നാണെന്നും مناة മനാത്ത് എന്നത് منان (കാരുണ്യം ചെയ്യുന്നവൻ) എന്നതിൽ നിന്നാണെന്നും പറയുന്നു. ഇത് അല്ലാഹുവിന്റെ നാമങ്ങളെ നിഷേധിക്കലാണ്. ശിർക്ക് ചെയ്യലുമാണ്. ഇവയെല്ലാം സ്വതന്ത്ര അർഥങ്ങളുള്ള പദങ്ങളാണ്. ഈ പറഞ്ഞ വ്യാഖ്യാനങ്ങളെല്ലാം തെറ്റാണെന്ന് ചെറിയ ബുദ്ധിയുള്ളവർക്കുപോലും മനസ്സിലാകും.

21. (നിങ്ങൾക്ക് ആണും അല്ലാഹുവിന് പെണ്ണുമാണെന്നോ?). നിങ്ങളുടെ സങ്കൽപ പ്രകാരം അല്ലാഹുവിന് പെൺമക്കളെയും നിങ്ങൾക്ക് ആൺമക്കളെയും നിങ്ങളേർപ്പെടുത്തുന്നു.

22. (എങ്കിൽ അത് നീതിയല്ലാത്ത ഒരു ഓഹരിവെക്കൽ തന്നെ). അക്രമപരവും അനീതി പരവുമായത്. സ്രഷ്ടാവിനെക്കാളും സൃഷ്ടിക്ക് മഹത്വം കൽപിക്കുന്ന ഈ വിഭജനത്തെക്കാൾ അനീതി പരമായി മറ്റെന്തുണ്ട്? ഈ ജൽപനങ്ങളിൽനിന്നെല്ലാം അല്ലാഹു ഏറെ ഉന്നതനാകുന്നു.

23. (നിങ്ങളും നിങ്ങളുടെ പിതാക്കളും നാമകരണം ചെയ്ത ചില പേരുകളല്ലാതെ മറ്റൊന്നുമല്ല. അവയെപ്പറ്റി അല്ലാഹു യാതൊരു പ്രമാണവും ഇറക്കിത്തന്നിട്ടില്ല). നിങ്ങളുടെ ഈ അഭിപ്രായങ്ങൾ ശരിയാണെന്നതിന് അല്ലാഹു യാതൊരു പ്രമാണങ്ങളും ഇറക്കിയിട്ടില്ല. അല്ലാഹു പ്രമാണം ഇറക്കാത്തതെല്ലാം നിരർഥകവും തെറ്റും മതമായി സ്വീകരിക്കാൻ കൊള്ളാത്തതുമാണ്. അവർ സ്വന്തം കാര്യങ്ങളിൽ തന്നെ പ്രമാണമല്ലാത്തത് പിൻപറ്റാത്തവരാണ്. അവരുടെ അജ്ഞതയും തെറ്റായ ധാരണകളുമാണ് ഇതറിയിക്കുന്നത്. അവരുടെ താൽപര്യങ്ങൾക്ക് പറ്റുന്ന ശിർക്ക് ബിദ്അത്തുകളാണ് അവരുടെ മനസ്സ് ആഗ്രഹിക്കുന്നത്. അറിവും സന്മാർഗവും നഷ്ടപ്പെട്ടവർ ഊഹങ്ങളെ പിൻപറ്റാൻ നിർബന്ധിതരാകുന്നതാണ് അവരുടെ അവസ്ഥ. (അവർക്ക് അവരുടെ രക്ഷിതാവിങ്കൽനിന്ന് സന്മാർഗം വന്നിട്ടുണ്ടുതാനും). ഒരുഅടിമയ്ക്ക് ആവശ്യമുള്ള എല്ലാം, പ്രവാചകത്വം, ഏകദൈവവിശ്വാസം തുടങ്ങിയ സന്മാർഗത്തിനുതകുന്നത്, അതെല്ലാം ഉദ്ദേശ്യം വ്യക്തമാക്കുന്ന തെളിവുകളോടെ വ്യക്തവും സമ്പൂർണവുമായി വിശദീകരിക്കുകയുണ്ടായിട്ടുണ്ട്. അവർക്കും മറ്റുള്ളവർക്കും പിൻപറ്റാവുന്ന തെളിവുകളും പ്രമാണങ്ങളും നിലനിർത്തുകയും ചെയ്തു. വ്യക്തമായ തെളിവുകൾക്കും പ്രമാണങ്ങൾക്കും ശേഷം യാതൊരു ഒഴിവ് കഴിവും തെളിവും ഒരാൾക്കും ശേഷിക്കുകയില്ല. ഊഹങ്ങളെ പിൻപറ്റാൻ തന്നെയാണ് അവർക്കുദ്ദേശ്യമെങ്കിൽ അതിന്റെ പര്യവസാനം ശാശ്വത കഷ്ടപ്പാടും നിത്യശിക്ഷയുമായിരിക്കും. ഈ അവസ്ഥയിൽ ആകുന്നത് ഏറ്റവും വലിയ ബുദ്ധിശൂന്യതയും അക്രമവുമാണ്.

24. അതോടൊപ്പം അവർ വ്യാമോഹങ്ങൾ വെച്ചുപുലർത്തുകയും സ്വയം വഞ്ചിതരാവുകയും ചെയ്യുന്നു. അതുകൊണ്ടാണ് അവർ വ്യാമോഹിക്കുന്നത് അവർക്ക് ലഭിക്കുമെന്ന വാദത്തെ അല്ലാഹു നിരാകരിക്കുന്നത്. അത് കളവാണെന്നുമുണർത്തുന്നു (അതല്ല, മനുഷ്യന് അവൻ മോഹിച്ചതാണോ ലഭിക്കുന്നത്. എന്നാൽ അല്ലാഹുവിന്നാകുന്നു പരലോകവും ഇഹലോകവും). ആ രണ്ട് ലോകത്തും അവൻ ഉദ്ദേശിക്കുന്നത് നൽകുകയും നൽകാതി

രിക്കുകയും ചെയ്യുന്നു. കാര്യങ്ങൾ അവരുടെ മോഹങ്ങൾക്കനുസരിച്ചോ അവരുടെ മനസ്സിന്റെ ഇച്ഛകൾക്കനുസരിച്ചോ അല്ല.

26. അല്ലാഹുവിന് പുറമെ തന്റെ അടിമകളായ മലക്കുകളെയും മറ്റും ആരാധിക്കുന്നവരെ എതിർക്കുകയാണിവിടെ. അവർ തങ്ങൾക്ക് ഉപകാരം ചെയ്യുമെന്നും ഉയിർത്തെഴുന്നേൽപു നാളിൽ ശുപാർശ ചെയ്യുമെന്നും അവർ വാദിക്കുന്നു (ആകാശങ്ങളിൽ എത്ര മലക്കുകളാണുള്ളത്). അല്ലാഹുവിന്റെ സാമീപ്യം സിദ്ധിക്കുന്നവരായ മലക്കുകളും അവരിൽ ആദരണീയരായവരും. (അവരുടെ ശുപാർശയാതൊരു പ്രയോജനവും ചെയ്യുകയില്ല) അവരെ പ്രാർഥിക്കുന്നവർക്കും അവരിൽ ബന്ധം സ്ഥാപിക്കുന്നവർക്കും ആഗ്രഹിക്കുന്നവർക്കുമൊന്നും ഒരു പ്രയോജനവും ലഭിക്കില്ല. (അല്ലാഹു അവൻ ഉദ്ദേശിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്നവർക്ക് ശുപാർശക്ക് അനുവാദം നൽകിയതിന്റെ ശേഷമല്ലാതെ). ശുപാർശ സ്വീകരിക്കപ്പെടാൻ രണ്ട് നിബന്ധനകൾ അനിവാര്യമാണ്. ശുപ്രാർശയ്ക്ക് അല്ലാഹുവിന്റെ അനുമതി വേണം. രണ്ട്, ശുപാർശ ചെയ്യപ്പെടുന്ന വ്യക്തിയെ അല്ലാഹു തൃപ്തിപ്പെടണം. അല്ലാഹുവിന് വേണ്ടിയുള്ള നിഷ്കളങ്ക പ്രവർത്തനമല്ലാതെ അല്ലാഹു സ്വീകരിക്കുകയില്ല എന്നത് അംഗീകരിക്കപ്പെട്ടതും അറിയപ്പെട്ടതുമാണ്. മതനിയമങ്ങളോട് യോജിക്കുന്നതുമായിരിക്കണം. അപ്പോൾ ബഹുദൈവ വിശ്വാസികൾക്ക് ശുപാർശകന്മാരുടെ ശുപാർശക്ക് യാതൊരു അർഹതയുമില്ല. അവർ പരമകാരുണികന്റെ അനുഗ്രഹത്തെ അവർക്കുമേൽ തടസ്സപ്പെടുത്തിയിരിക്കുന്നു.

27. അല്ലാഹുവിൽ പങ്ക് ചേർക്കുന്നവർ അവന്റെ ദൂതനെ കളവാക്കുന്നവരാണ്; പരലോകത്തിൽ വിശ്വസിക്കാത്തവരും. പരലോകത്തിൽ വിശ്വാസം ഇല്ലാത്തതുകൊണ്ടുതന്നെ അല്ലാഹുവിനും അവന്റെ ദൂതനും എതിരായ വാക്കിലും പ്രവൃത്തിയിലും അവർ ധൈര്യം കാണിക്കുന്നു. അതുകൊണ്ടാണ് അവർ പറഞ്ഞത്: 'മലക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണ്' എന്ന്. സന്താനോദ്പാദനത്തിൽനിന്നും തങ്ങളുടെ രക്ഷിതാവിനെ അവർ പരിശുദ്ധപ്പെടുത്തിയില്ല. മലക്കുകളെ സ്ത്രീകളെന്ന് നാമകരണം ചെയ്യുന്നതിലൂടെ മലക്കുകളെയും അവർ ആദരിച്ചില്ല. അല്ലാഹുവിനെക്കുറിച്ചോ, അവന്റെ ദൂതനെക്കുറിച്ചോ അവർക്കറിയില്ലെന്നതാണ് അവസ്ഥ. ബുദ്ധിയും പ്രകൃതിയും അതംഗീകരിക്കുന്നുമില്ല. മറിച്ച്, എല്ലാ അറിവുകളും അവരുടെ വാക്കുകൾക്കെതിരാണ്. ഇണയിൽനിന്നും സന്താനങ്ങളിൽനിന്നും അല്ലാഹു പരമ പരിശുദ്ധനാണ്. അവൻ ഒരുവനും ഏകനുമാണ്. അവൻ ഒറ്റയും പരാശ്രയമുക്തനുമാണ്. അവൻ പിതാവോ, പുത്രനോ അല്ല. അവന് തുല്യനായി ഒരാളുമില്ല. മലക്കുകൾ ആദരണീയരും അവനിലേക്ക് അടുത്തവരും അവന് സേവനങ്ങൾ ചെയ്യുന്നവരുമാകുന്നു.

لَّا يَعْصُونَ ٱللَّهَ مَآ أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ

"അല്ലാഹു അവരോട് കല്പിച്ച കാര്യത്തിൽ അവനോടവർ അനുസരണക്കേട് കാണിക്കുകയില്ല. അവരോട് കൽപിക്കപ്പെടുന്നത് എന്തും അവർ പ്രവർത്തിക്കുകയും ചെയ്യും" (66:6).

28. ആ ചീത്ത വാക്കിനെയാണ് മുശ്രിക്കുകൾ പിന്തുടരുന്നത്. അത് സത്യത്തെ സംബ ന്ധിച്ചിടത്തോളം ഒട്ടും പ്രയോജനം ചെയ്യാത്ത ഊഹമാണത്. സത്യമാവട്ടെ വ്യക്തമായ തെളിവുകൾകൊണ്ടും തെളിവുകളാൽ ലഭിക്കുന്ന ദൃഢബോധ്യംകൊണ്ടും തന്നെ ഉണ്ടാവുന്നതാണ്.

29. ഇവിടെ പരാമർശിക്കപ്പെട്ട സമ്പ്രദായങ്ങൾ ഇതൊക്കെത്തന്നെയാണ്. സത്യത്തെ പിൻപറ്റണമെന്ന ലക്ഷ്യം അവർക്കില്ല. അവരുടെ ലക്ഷ്യവും ഉദ്ദേശ്യവുമെല്ലാം അവരുടെ മനസ്സുകൾ മാത്രമാണ്. അല്ലാഹുവിന്റെ ഉദ്ബോധനങ്ങളിൽനിന്ന് തിരിഞ്ഞുകളയുന്നവനെ അവഗണിക്കാനാണ് അല്ലാഹു പ്രവാചകനോട് കൽപിക്കുന്നത്. മഹത്തായ ക്വുർആനും വിജ്ഞാനപൂർണമായ ഉദ്ബോധനവുമാണ് ദിക്ർ എന്നത്. ഉപകാരപ്രദമായ അറിവിനെ അവർ അവഗണിച്ചു. ഇഹലോകജീവിതം മാത്രമാണവന്റെ ലക്ഷ്യം. ഓരോരുത്തനും തന്റെ ലക്ഷ്യത്തിനുവേണ്ടി മാത്രമെ പ്രവർത്തിക്കൂ എന്നത് അംഗീകൃതമായ ഒന്നാണ്. ഇവരുടെ പരിശ്രമം ഇഹലോകജീവിതത്തിലും അതിന്റെ ആസ്വാദനങ്ങളിലും അതെങ്ങനെയെങ്കിലും നേടിയെടുക്കണമെന്നതിലും പരിമിതമാണ്. ഏത് വഴിയാണോ അവർക്ക് സൗകര്യപ്പെട്ടത് അതിലവർ മുന്നേറും.

30. (അവരിൽനിന്ന് അവർ എത്തിയിട്ടുള്ളത് അത്രത്തോളമാകുന്നു). ഇതാണവരുടെ പരമാവധി അറിവും ലക്ഷ്യവും. എന്നാൽ പരലോകത്തിൽ വിശ്വസിക്കുകയും അതിനെ സത്യപ്പെടുത്തുകയും ചെയ്യുന്നവരാകട്ടെ അവരാകുന്നു ബുദ്ധിമാന്മാർ. പരലോക ഭവനമാണ് അവരുടെ ലക്ഷ്യവും ഉദ്ദേശ്യവും. അവരുടെ അറിവാകട്ടെ, ഉത്തമവും ഉന്നതവുമാണ്. അത് ക്വുർആനിൽനിന്നും പ്രവാചകചര്യയിൽനിന്നുമുള്ളതാണ്. സന്മാർഗത്തിന് അർഹതപ്പെട്ടവനെ അല്ലാഹു അറിയുകയും അവനെ സന്മാർഗത്തിലാക്കുകയും ചെയ്യുന്നു. എന്നാൽ സന്മാർഗത്തിന് അർഹതയില്ലാത്തവനെ അവനിലേക്ക് ഏൽപിച്ചുകൊടുക്കുകയും അല്ലാഹു കൈവിടുകയും അവൻ മാർഗം തെറ്റിയവനാവുകയും ചെയ്യുന്നു. അതാണ് അല്ലാഹു പറഞ്ഞത്: (തീർച്ചയായും തന്റെ രക്ഷിതാവാകുന്നു അവന്റെ മാർഗത്തിൽനിന്ന് തെറ്റിപ്പോയവരെപ്പറ്റി കൂടുതൽ അറിവുള്ളവൻ. സന്മാർഗംപ്രാപിച്ചവരെപ്പറ്റി കൂടുതൽ അറിവുള്ളവനും അവൻ തന്നെയാകുന്നു. അവന്റെ ഔദാര്യത്തെ അതിനേറ്റവും യോജിച്ച സ്ഥാനത്ത് അവൻ വെക്കുന്നു).

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം



# ദാരുണമായ ചില സംഭവങ്ങൾ

മുഹമ്മദ് നബിﷺ 43

ഉഹ്ദ് യുദ്ധത്തിന് ശേഷം പ്രവാചക ജീവിതത്തിൽ ഉണ്ടായ പ്രസിദ്ധമായ മറ്റൊരു സംഭവമായിരുന്നു ഖന്തക് യുദ്ധം. എന്നാൽ ഉഹ്ദ് യുദ്ധത്തിന്റെയും ഖന്തക് യുദ്ധത്തിന്റെയും ഇടയിൽ വിഷമകരമായ പല സാഹചര്യങ്ങളെയും മുസ്‌ലിംകൾക്ക് അഭിമുഖീകരിക്കേണ്ടതായി വന്നിട്ടുണ്ടായിരുന്നു. അതിൽ പ്രധാനപ്പെട്ട രണ്ട് ദാരുണ സംഭവങ്ങളായിരുന്നു റജീഅ്, ബിഅ്റു മഊന എന്നീ സ്ഥലങ്ങളിൽവെച്ച് ഉണ്ടായത്. ഈ രണ്ട് സംഭവങ്ങളും അങ്ങേയറ്റം സങ്കടകരവും ഖേദകരവുമായ സംഭവങ്ങളായിരുന്നു. പ്രവാചകനോടുള്ള ശത്രുക്കളുടെ വിശ്വാസവഞ്ചനയുടെയും കരാർ ലംഘനത്തിന്റെയും വ്യക്തമായ ഉദാഹരണങ്ങളുമായിരുന്നു ഇവ.

**റജീഅ് സംഭവം**

റസൂൽﷺ പത്തോളം വരുന്ന ഒരു സംഘത്തെ ഒരിടത്തേക്ക് അയക്കുകയുണ്ടായി. അവരുടെ തലവനായി ബദ്റിൽ പങ്കെടുത്ത ആസിം ഇബ്നു ഥാബിത്ﷺനെയാണ് നബിﷺ നിശ്ചയിച്ചത്. അങ്ങനെ ഈ സംഘം യാത്ര പുറപ്പെട്ടു. ലക്ഷ്യസ്ഥാനത്ത് എത്തുന്നതിന് മുമ്പായി ശത്രുക്കൾ അവരെ വലയം ചെയ്തു. കുതന്ത്രത്തിലൂടെയാണ് ശത്രുക്കൾ ഇവരോട്, അല്ലെങ്കിൽ നബിﷺനോട് ഈ ചതി കാണിച്ചത്. അവരിൽനിന്ന് രക്ഷ ലഭിക്കാനായി ഒരിടത്ത് അവർ അഭയംതേടി. നൂറോളം വരുന്ന വിദഗ്ധരായ അമ്പെയ്ത്തുകാരായിരുന്നു അവരെ വളഞ്ഞിരുന്നത്.

ശത്രുക്കളിൽനിന്ന് രക്ഷ കിട്ടാനായി മുകളിലേക്ക് അഭയംതേടി കയറിയ വിശ്വാസികളോട് ഈ മുശ്രിക്കുകൾ പറഞ്ഞു: "നിങ്ങളോട് (ഞങ്ങൾക്ക് ഒരു) കരാറുണ്ട്. നിങ്ങൾ ഞങ്ങളിലേക്ക് ഇറങ്ങ വരികയാണെങ്കിൽ നിങ്ങളിലെ ഒരാളെയും ഞങ്ങൾ വധിക്കുന്നതല്ല.' അപ്പോൾ ആസിംﷺ പറഞ്ഞു: 'എന്നാൽ, ഒരു അവിശ്വാസിയുടെ സംരക്ഷണത്തിൽ ഞാൻ (നിങ്ങളിലേക്ക്) ഇറങ്ങിവരില്ല. (ശേഷം അദ്ദേഹം പ്രാർഥിച്ചു:) അല്ലാഹുവേ, ഞങ്ങളെക്കുറിച്ച് നിന്റെ റസൂലിന് നീ അറിയിച്ച് കൊടുക്കേണമേ.' അങ്ങനെ അമ്പെയ്ത് ആസിംﷺ ഉൾപ്പെടെ ഏഴുപേരെ അവർ വധിക്കുന്നതുവരെ അവർ ഇവരോട് യുദ്ധം ചെയ്തു. ഖുബയ്ബുംﷺ സയ്ദുംﷺ മറ്റൊരു സ്വഹാബിയും ബാക്കിയായി. അങ്ങനെ ഇവർക്കും (ബാക്കിയായവർക്കും) അവർ കരാറും ഉറപ്പും നൽകി. അപ്പോൾ അവർ ഇവരിലേക്ക് ഇറങ്ങി...'(സീറതുന്നബിവിയ്യ, ഇബ്നുകഥീർ).

താഴെ ഇറങ്ങിയാൽ നിങ്ങളെ ഞങ്ങൾ വധിക്കില്ലെന്നും നിങ്ങൾക്ക് സംരക്ഷണം നൽകുമെന്നും ആ അവിശ്വാസികൾ സ്വഹാബിമാർക്ക് ഉറപ്പ് നൽകി. എന്നാൽ അതൊരു കുതന്ത്രമായിരുന്നു. ആസിംﷺ അത് നിരസിച്ചു. അല്ലാഹുവിന്റെ റസൂലിന്റെ നിർദേശപ്രകാരമാണല്ലോ ഈ മഹാന്മാർ ഇറങ്ങിപ്പുറപ്പെട്ടത്. നബിﷺ ഈ വിവരം അറിയുന്നുമില്ല. നബിﷺയെ വിവരം അറിയിക്കണം. 'നബിയേ, ഞങ്ങളെ കാണുന്നില്ലേ, ഞങ്ങളുടെ വിഷമം അവിടുന്ന് അറിയുന്നില്ലേ' എന്ന് വിളിച്ച് ചോദിച്ചാൽ അവിടുന്ന് കേൾക്കുകയോ അറിയുകയോ ചെയ്യില്ലല്ലോ. അങ്ങനെ തേടാനും ഇസ്ലാം പഠിപ്പിക്കുന്നില്ല. അത്തരം തേട്ടം അല്ലാഹുവിനോടേ പാടുള്ളൂ. അതിനാൽ അവർ അല്ലാഹുവിനോട് പ്രാർഥിച്ചു. അവസാനം ശത്രുക്കൾ അവരോട് പോരാടി. ആസിംﷺ അടക്കമുള്ള ഏഴ് പേരെ അവർ വധിച്ചു. മൂന്നുപേർ മാത്രം ബാക്കിയായി. അവരോട് ശത്രുക്കൾ നേരത്തേതുപോലെ കരാർ ചെയ്തു. കരാർ അംഗീകരിച്ച് അവർ മൂവരും താഴെയിറങ്ങി. മൂവരെയും തങ്ങളുടെ പിടിയിൽ കിട്ടിയ തക്കത്തിൽ അവർ കയറിനാൽ വരിഞ്ഞു കെട്ടി. ആ സമയത്ത് മൂന്നാമനായ ആ സ്വഹാബി പറഞ്ഞു: 'ഇതുതന്നെയാണ് നിങ്ങളുടെ ചതിയുടെ ഒന്നാമത്തെ ഉദാഹരണം. അല്ലാഹുവാണ സത്യം, നിങ്ങളോട് ഞാൻ സഹവസിക്കില്ല.' അപ്പോൾ അവർ അദ്ദേഹത്തെ കൊന്നു. പിന്നീട് ഖുബയ്ബുംﷺ സയ്ദുംﷺ ബാക്കിയായി.

ഇരുവരെയും അവർ മർദിച്ച് അവശരാക്കി. ശേഷം ഇരുവരെയും മക്കയിലേക്ക് കൊണ്ടുപോയി. അവരെ

> **മക്കാ മുശ്രിക്കുകൾ പവിത്രമായി കണ്ടിരുന്ന സ്ഥലമായിരുന്നു ഹറം. അവിടെവെച്ച് രക്തം ചിന്തുന്നത് അവർക്ക് ഇഷ്ടമായിരുന്നില്ല. ഒരു കൊലയാളി ഹറമിൽ അഭയം തേടിയാൽ പോലും അയാളെ അവർ അവിടെ വെച്ച് വധിക്കാറില്ലായിരുന്നു. അവിടെനിന്നും പുറത്തേക്ക് എത്തിച്ചതിന് ശേഷമായിരുന്നു വധിച്ചിരുന്നത്. ഖുബയ്ബിﷺനെ പാർപ്പിച്ചിരുന്നത് ഹറമിന്റെ പരിസരത്തായതിനാൽ അദ്ദേഹത്തെവധിക്കുന്നതിനായി അവർ ഹറമിൽനിന്നും പുറത്തേക്ക് കൊണ്ടുപോകാൻ തീരുമാനിച്ചു. ഹറമിന് പുറത്തുള്ള തൻഈം എന്ന സ്ഥലത്തേക്കാണ് അവർ കൊണ്ടുപോയത്. അവിടെയാണ് 'ആഇശ മസ്ജിദ്' എന്ന പേരിലുള്ള പള്ളി സ്ഥിതിചെയ്യുന്നത്. ആഇശﷺ ഉംറക്കായി വന്ന സമയത്ത് അത് നിർവഹിക്കാൻ പറ്റാത്ത സാഹചര്യം ഉണ്ടായി. അതിനാൽ രണ്ടാമതും ഇഹ്റാമിൽ പ്രവേശിക്കേണ്ടതായി വന്നു. ആ സമയത്ത് ഹറമിൽ നിന്നും പുറത്തേക്ക് വരികയും ഈ പറയുന്ന സ്ഥലത്തുവെച്ച് ഇഹ്റാമിൽ പ്രവേശിക്കുകയും ചെയ്തു. പിന്നീട് അവർ ഉംറ നിർവഹിക്കുകയും ചെയ്തു.**

വിൽക്കലായിരുന്നു അവരുടെ ലക്ഷ്യം. കാരണം, അവരെ വിൽപനക്ക് വെച്ചാൽ നല്ല വില കിട്ടും. അതിനും ഒരു കാരണമുണ്ട്. ബദ്ർ യുദ്ധത്തിൽ ക്വുറയ്ശി പ്രമുഖരെ കീഴ്പെടുത്തിയ പ്രധാനികളിൽ പെട്ടവരായിരുന്നു ഇരുവരും. അതിന്റെ ദേഷ്യം അവരിൽ ഉണ്ടായിരിക്കുമെന്നത് തീർച്ചയാണല്ലോ. ബനുൽഹാരിഥുകാർ ഖുബയ്ബിﷺനെ വാങ്ങി. അദ്ദേഹമായിരുന്നു ഹാരിഥിനെ ബദ്റിൽ വധിച്ചത്. അവർ അദ്ദേഹത്തെ കാത്തിരിക്കുകയായിരുന്നു. ആ അവസരമാണ് ഇപ്പോൾ ഒത്തിണങ്ങിയത്. അത് അവർ തീർത്തും മുതലെടുത്തു. അവർ അദ്ദേഹത്തെ ബന്ധിയാക്കി. ഖുബയ്ബ്ﷺ അവരുടെ തടവിൽ കഴിഞ്ഞു. സയ്ദിﷺനെയും ഇതുപോലെ മക്കക്കാർക്ക് നല്ല വിലയ്ക്ക് വിറ്റു.

ഖുബയ്ബിനെ തടവിൽ പാർപ്പിച്ച ഹാരിഥ് കുടുംബം ധാരാളം പീഡിപ്പിച്ചു. വധിക്കാൻ താൽപര്യമുണ്ടായിരുന്നെങ്കിലും അവരുടെ വെറുപ്പും കോപവും നിമിത്തം വൈകിപ്പിച്ചു. അത്രയും നാൾ പീഡനം തുടർത്തുകയും ചെയ്തു.

അറേബ്യൻ മുശ്രിക്കുകൾ പോലും ആദരിച്ചിരുന്ന ചില മാസങ്ങളും സ്ഥലങ്ങളും ഉണ്ടായിരുന്നു. യുദ്ധം നിഷിദ്ധമാക്കപ്പെട്ട നാല് മാസങ്ങളായ മുഹർറം, റജബ്, ദുൽക്വഅ്ദ, ദുൽഹിജ്ജ തുടങ്ങിയവ അവരും ആദരപൂർവം കണ്ട മാസങ്ങളായിരുന്നു. ഈ മാസങ്ങളിൽ യുദ്ധം ചെയ്യുന്നതും രക്തം ചിന്തുന്നതും അവർ വെറുത്തിരുന്നു. അങ്ങനെ ഖുബയ്ബിﷺനെ വധിക്കുവാനായി അവർ ഈ മാസങ്ങളിലല്ലാത്ത ദിവസം കാത്തിരുന്നു. അവർ നിശ്ചയിച്ച ദിവസം അടുത്തു.

'ഒരു ബന്ധിയായ മനുഷ്യനോട് ഇത്ര ക്രൂരമായിട്ടാണോ നിങ്ങൾ പെരുമാറുന്നത്' എന്ന അവരോടുള്ള അദ്ദേഹത്തിന്റെ ചോദ്യം അവരിൽ ഞെട്ടലുണ്ടാക്കി എന്നാണ് ചരിത്രം രേഖപ്പെടുത്തുന്നത്. അതിന് ശേഷം അദ്ദേഹത്തെ അവർ വധിക്കും വരെ മാന്യമായിട്ടായിരുന്നു പെരുമാറിയിരുന്നത് എന്നും കാണാവുന്നതാണ്. തന്നെ വീക്ഷിക്കാനായി ഏൽപിക്കപ്പെട്ട ആളോട് അദ്ദേഹം മൂന്ന് കാര്യങ്ങൾ ആവശ്യപ്പെട്ടിരുന്നു. 'എനിക്ക് ദാഹമുള്ള സമയത്ത് ശുദ്ധജലം മാത്രമെ തരാവൂ, നിഷിദ്ധമായ യാതൊന്നും എന്നെക്കൊണ്ട് കുടിപ്പിക്കരുത്' എന്നതായിരുന്നു അതിൽ ഒന്ന്. 'വിഗ്രഹങ്ങൾക്കായി അറുത്തത് എന്നെ തീറ്റിക്കരുത്' എന്നതായിരുന്നു രണ്ടാമത്തെ ആവശ്യം. 'എന്നെ വധിക്കാനായി നിങ്ങൾ തീരുമാനിക്കുന്ന സമയം ആയാൽ നിങ്ങൾ എന്നെ അറിയിക്കുക' എന്നതായിരുന്നു മൂന്നാമത്തെത്.

ഖുബയ്ബിﷺനെ വധിക്കുവാനുള്ള സമയം അടുത്തിരിക്കുന്നു എന്ന് അദ്ദേഹത്തിന് മനസ്സിലായപ്പോൾ അദ്ദേഹം അവരോട് ഒരു പേനക്കത്തി ആവശ്യപ്പെട്ടു. അത് എന്തിന് വേണ്ടിയായിരുന്നു? തന്നെ വധിച്ചു കളഞ്ഞാൽ ശത്രുക്കൾ ശരീരം വികൃതമാക്കുകയും ജനങ്ങൾക്കിടയിൽ തന്റെ അവയവങ്ങൾ പ്രദർശിപ്പിക്കാനും ഇടയുണ്ട്. ജനങ്ങൾ തന്റെ ശരീരം അറപ്പോടെയോ വെറുപ്പോടെയോ കണ്ടുകൂടാ. ഒരു മുസ്‌ലിം എന്ന സ്ഥിതിക്ക് താൻ വൃത്തിയുള്ളവനാകണമല്ലോ എന്നാണ് അദ്ദേഹത്തിന്റെ ചിന്ത. അതിനാൽ തന്റെ ശരീരത്തിൽനിന്ന് നീക്കേണ്ടുന്നതായ രോമങ്ങളെല്ലാം നീക്കാനായിരുന്നു അദ്ദേഹം അവരോട് പേനക്കത്തി ആവശ്യപ്പെട്ടിരുന്നത്. അത് ഉപയോഗിച്ച് അദ്ദേഹം തന്റെ അവസാന യാത്രക്കായി വൃത്തിയായി. ഈ സമയത്ത് ഒരു സംഭവവും നടക്കുന്നുണ്ട്. തന്റെ കയ്യിൽ ആ കത്തി ഉണ്ടായിരിക്കെ ഹാരിഥിന്റെ മകളായ സയ്നബിന്റെ ചെറിയ കുട്ടി അദ്ദേഹത്തിന്റെ അരികിലേക്ക് ഇഴഞ്ഞുനീങ്ങിയെത്തി. ഖുബയ്ബ്ﷺ ആ കുട്ടിയെ എടുത്ത് തന്റെ മടിയിൽ ഇരുത്തി. ഈ രംഗം കണ്ടു നിൽക്കുന്ന



മാതാവ് സയ്നബ് ഭയന്നു. അത് മനസ്സിലായ ഖുബയ്ബ്ﷺ സയ്നബിനോട് ചോദിച്ചു: 'ഞാൻ ഈ കുഞ്ഞിനെ കൊല്ലുമെന്ന് നീ പേടിക്കുന്നുവോ? ഇൻശാ അല്ലാഹ്, ഞാൻ ഇവനെ വധിക്കുകയില്ല. ഇസ്‌ലാം ഭീകരതയുടെയും രക്തം ചിന്തലിന്റെയും മതമാണെന്നും, രക്തദാഹികളുടെയും കാമവെറിയന്മാരുടെയും കണ്ണിൽ ചോരയില്ലാത്തവരുടെയും കൂടാരമാണ് ഇസ്‌ലാം എന്നുമൊക്കെ പ്രചരിപ്പിക്കുന്ന അവിവേകികളായ ആളുകൾ ഈ സംഭവം മനസ്സിലാക്കുന്നത് നല്ലതാണ്. നിരപരാധിയായ ഒരു കുട്ടിയെ വെച്ച് വേണമെങ്കിൽ അദ്ദേഹത്തിന് രക്ഷപ്പെടാമായിരുന്നു. കാരുണ്യത്തിന്റെയും നീതിയുടെയും മതത്തിന്റെ അനുയായി ആയ സ്വഹാബിവര്യൻ അതിന് തുനിഞ്ഞില്ല. ആ കുട്ടിയുടെ മാതാവിനെ ആശ്വസിപ്പിക്കുകയാണ് ചെയ്തത്. ഖുബയ്ബ്ﷺനെക്കുറിച്ച് സയ്നബ് തന്നെ പറയുന്നത് നോക്കൂ:

'അല്ലാഹുവാണ സത്യം, ഖുബയ്ബിനെക്കാൾ ഉത്തമനായ ഒരു ബന്ധിയെ ഞാൻ തീരെ കണ്ടിട്ടില്ല. അല്ലാഹുവാണ സത്യം, മക്കയിൽ യാതൊരു ഫലവും ഇല്ലാതിരുന്നപ്പോഴും ഇരുമ്പിനാൽ കെട്ടിയിട്ടപ്പോഴും അദ്ദേഹം മുന്തിരിക്കുലകൾ കഴിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്.' അങ്ങനെ അവൾ പറഞ്ഞു: 'തീർച്ചയായും ഖുബയ്ബിന് അല്ലാഹു നൽകിയ ഭക്ഷണമായിരുന്നു ആ ഭക്ഷണം.'

അല്ലാഹുവിനെ സൂക്ഷിച്ചും അനുസരിച്ചും ജീവിക്കുന്നവർക്ക് അല്ലാഹു സഹായം നൽകും. അത്തരം ഒരു അത്ഭുത കാഴ്ചയാണ് ഈ സമയത്ത് ഖുബയ്ബിﷺന്റെ അരികിൽ സയ്നബ് കാണുന്നത്. മർയമിﷺന് പള്ളിയിൽവെച്ച് ആഹാരം നൽകപ്പെട്ട അത്ഭുത സംഭവം സകരിയ്യാ നബിﷺയുടെ ചരിത്രത്തിൽ നാം വിവരിച്ചത് ഓർക്കുന്നുണ്ടാകുമല്ലോ. ആ സംഭവം കൂടി ഇവിടെ നാം ചേർത്ത് വായിക്കേണ്ടതുണ്ട്. ഈ രണ്ട് സംഭവങ്ങളും അല്ലാഹു പ്രകടമാക്കിയ കറാമത്തിന് ഉദാഹരണമാണ്.

മക്കാ മുശ്‌രിക്കുകൾ പവിത്രമായി കണ്ടിരുന്ന സ്ഥലമായിരുന്നല്ലോ ഹറം. അവിടെവെച്ച് രക്തം ചിന്തുന്നത് അവർക്ക് ഇഷ്ടമായിരുന്നില്ല. ഒരു കൊലയാളി ഹറമിൽ അഭയം തേടിയാൽ പോലും അയാളെ അവർ അവിടെ വെച്ച് വധിക്കാറില്ലായിരുന്നു. അവിടെനിന്നും പുറത്തേക്ക് എത്തിച്ചതിന് ശേഷമായിരുന്നു വധിച്ചിരുന്നത്. ഖുബയ്ബിﷺനെ പാർപ്പിച്ചിരുന്നത് ഹറമിന്റെ പരിസരത്തായതിനാൽ അദ്ദേഹത്തെവധിക്കുന്നതിനായി അവർ ഹറമിൽനിന്നും പുറത്തേക്ക് കൊണ്ടുപോകാൻ തീരുമാനിച്ചു. ഹറമിന് പുറത്തുള്ള തൻഈം എന്ന സ്ഥലത്തേക്കാണ് അവർ കൊണ്ടുപോയത്. അവിടെയാണ് 'ആഇശ മസ്ജിദ്' എന്ന പേരിലുള്ള പള്ളി സ്ഥിതിചെയ്യുന്നത്. ആഇശﷺ ഉംറക്കായി

**"ഇന്ന് പലരും ഉംറക്കായി പോകുമ്പോൾ ഒന്നിലധികം തവണ ഉംറ നിർവഹിക്കുന്നതിനായി ഇഹ്റാമിൽ പ്രവേശിക്കുവാൻ തൻഈമിലെ ഈ പള്ളിയിൽ പോകാറുണ്ട്. അഞ്ചും പത്തും റിയാൽ നൽകി ടാക്സി വിളിച്ച് അവിടെ പോയി ഇഹ്റാമിൽ പ്രവേശിച്ച് ഉംറ നിർവഹിക്കുന്ന സമ്പ്രദായം പഠിപ്പിക്കപ്പെട്ടിട്ടില്ല. അങ്ങനെ ഒരു മീക്വാത്ത് നിശ്ചയിക്കപ്പെട്ടിട്ടുമില്ല. ഉംറ കർമം കഴിഞ്ഞ് മീക്വാത്ത് മുറിച്ച് കടന്നാൽ രണ്ടാമതും ഉംറ നിർവഹിക്കാം. അല്ലാതെയുള്ള ആവർത്തനം ഇസ്‌ലാം പഠിപ്പിച്ചിട്ടില്ല. ഉദാഹരണം: ഒരാൾ ഉംറ നിർവഹിച്ച് മദീനയിലേക്ക് പോയി. അവിടെ നിന്ന് മക്കയിലേക്ക് വീണ്ടും യാത്രതിരിക്കാൻ വിചാരിച്ചു. അപ്പോൾ അതിനിടയിലുള്ള അബ്‌യാർ അലി എന്ന സ്ഥലത്ത് വെച്ച് ഇഹ്റാമിൽ പ്രവേശിച്ച് വീണ്ടും ഉംറ നിർവഹിക്കാവുന്നതാണ്. നബിﷺ നിശ്ചയിച്ച ദുൽഹുലൈഫ എന്ന മീക്വാത്ത് ഇന്ന് അറിയപ്പെടുന്നത് 'അബ്‌യാർ അലി' എന്ന പേരിലാണ്. മസ്ജിദു ആഇശയിൽ പോയി ഇഹ്റാമിൽ പ്രവേശിച്ച് ഉംറ നിർവഹിക്കുന്ന സമ്പ്രദായം സ്വഹാബത്ത് ശീലിച്ചിട്ടില്ലാത്തതാണ്."**

വന്ന സമയത്ത് അത് നിർവഹിക്കാൻ പറ്റാത്ത സാഹചര്യം ഉണ്ടായി. അതിനാൽ രണ്ടാമതും ഇഹ്റാമിൽ പ്രവേശിക്കേണ്ടതായി വന്നു. ആ സമയത്ത് ഹറമിൽനിന്നും പുറത്തേക്ക് വരികയും ഈ പറയുന്ന സ്ഥലത്തുവെച്ച് ഇഹ്റാമിൽ പ്രവേശിക്കുകയും ചെയ്തു. പിന്നീട് അവർ ഉംറ നിർവഹിക്കുകയും ചെയ്തു. ഇന്ന് പലരും ഉംറക്കായി പോകുമ്പോൾ ഒന്നിലധികം തവണ ഉംറ നിർവഹിക്കുന്നതിനായി ഇഹ്റാമിൽ പ്രവേശിക്കുവാൻ തൻഈമിലെ ഈ പള്ളിയിൽ പോകാറുണ്ട്. അഞ്ചും പത്തും റിയാൽ നൽകി ടാക്സി വിളിച്ച് അവിടെ പോയി ഇഹ്റാമിൽ പ്ര

വേശിച്ച് ഉംറ നിർവഹിക്കുന്ന സമ്പ്രദായം പഠിപ്പിക്കപ്പെട്ടിട്ടില്ല. അങ്ങനെ ഒരു മീക്വാത്ത് നിശ്ചയിക്കപ്പെട്ടിട്ടുമില്ല. ഉംറ കർമം കഴിഞ്ഞ് മീക്വാത്ത് മുറിച്ച് കടന്നാൽ രണ്ടാമതും ഉംറ നിർവഹിക്കാം. അല്ലാതെയുള്ള ആവർത്തനം ഇസ്‌ലാം പഠിപ്പിച്ചിട്ടില്ല. ഉദാഹരണം: ഒരാൾ ഉംറ നിർവഹിച്ച് മദീനയിലേക്ക് പോയി. അവിടെ നിന്ന് മക്കയിലേക്ക് വീണ്ടും യാത്രതിരിക്കാൻ വിചാരിച്ചു. അപ്പോൾ അതിനിടയിലുള്ള അബ്‌യാർ അലി എന്ന സ്ഥലത്ത് വെച്ച് ഇഹ്‌റാമിൽ പ്രവേശിച്ച് വീണ്ടും ഉംറ നിർവഹിക്കാവുന്നതാണ്. നബിﷺ നിശ്ചയിച്ച ദുൽ ഹുലൈഫ എന്ന മീക്വാത്ത് ഇന്ന് അറിയപ്പെടുന്നത് 'അബ്‌യാർ അലി' എന്ന പേരിലാണ്. മസ്ജിദു ആഇശയിൽ പോയി ഇഹ്‌റാമിൽ പ്രവേശിച്ച് ഉംറ നിർവഹിക്കുന്ന സമ്പ്രദായം സ്വഹാബത്ത് ശീലിച്ചിട്ടില്ലാത്തതാണ്. ആഇശ رضي الله عنهاക്ക് മാത്രമായി നബിﷺ പ്രത്യേക സാഹചര്യത്തിൽ അനുവദിച്ച ഒരു ഇളവായിരുന്നു അത്. ഹറമിൽനിന്ന് തൻഈമിലേക്ക് സഹോദരൻ അബ്ദുർറഹ്മാന്റെ رضي الله عنه കൂടെയാണ് അവർ പോയിരുന്നത്. ആ സമയത്ത് സഹോദരൻ ഇഹ്‌റാമിൽ പ്രവേശിച്ചില്ല. പിൽക്കാലത്തും ഒരു സ്വഹാബിയും തൻഈമിൽ പോയി ഇഹ്‌റാമിൽ പ്രവേശിച്ച് ഉംറ നിർവഹിച്ചതായി ഒരു തെളിവുമില്ല.

ഖുബയ്ബ് رضي الله عنهനെ ഹറമിൽനിന്ന് തൻഈമിലേക്ക് ശത്രുക്കൾ കൊണ്ടുവന്നു. അവിടെ അദ്ദേഹത്തെ കൊല്ലാനായി കൊലമരം തയ്യാർ ചെയ്തു. അതിൽവെച്ച് അദ്ദേഹത്തെ അതിനിഷ്ഠൂരമായി ക്രൂശിച്ച് വധിക്കാനായിരുന്നു അവരുടെ പദ്ധതി. തന്നെ വധിക്കുന്നതിന് മുമ്പ് നിങ്ങൾ എന്നെ അറിയിക്കണം എന്ന് ഖുബയ്ബ് رضي الله عنه അവരോട് ആവശ്യപ്പെട്ടിരുന്നല്ലോ. അങ്ങനെ തൻഈമിൽ എത്തിയ സമയത്ത് അവർ അദ്ദേഹത്തോട് തന്നെ വധിക്കാൻ പോകുന്ന വിവരം അറിയിച്ചു. ആ സമയത്ത് ഖുബയ്ബ് رضي الله عنه അവരോട് പറഞ്ഞു:

'നിങ്ങൾ എന്നെ ഒഴിവാക്കൂ. ഞാൻ രണ്ട് റക്അത് നിമസ്കരിക്കട്ടെ.' അപ്പോൾ അവർ അദ്ദേഹത്തെ ഒഴിവാക്കി. അങ്ങനെ അദ്ദേഹം രണ്ട് റക്അത് നമസ്കരിച്ചു. എന്നിട്ട് അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണ സത്യം, കൊല്ലപ്പെടുന്നതിൽ പേടിയുള്ളവനാണ് എന്ന് എന്നെ പറ്റി നിങ്ങൾ വിചാരിക്കുമായിരുന്നില്ലെങ്കിൽ ഞാൻ (നിമസ്കാര സമയം) വർധിപ്പിക്കുമായിരുന്നു.' 'അല്ലാഹുവേ, അവരുടെ എണ്ണം നീ കണക്കാക്കേണമേ, അവരെ ഓരോരുത്തരേയും നീ വധിക്കേണമേ, അവരിൽ ഒരാളെയും നീ അവശേഷിപ്പിക്കരുതേ (എന്ന് അദ്ദേഹം ദുആ ചെയ്യുകയും ചെയ്തു)' (ദലാഇലുന്നുബുവ്വഃ, ബൈഹകി).

മറ്റൊരു റിപ്പോർട്ടിൽ ഖുബയ്ബ് رضي الله عنه ആ സമയത്ത് പ്രകടിപ്പിക്കുന്ന ഒരു വിഷമം ഇപ്രകാരം കാണാം: 'അല്ലാഹുവേ, നിന്റെ റസൂലിന് എന്നിൽ നിന്നുള്ള സലാം എത്തിക്കുന്നവനായി ഒരാളെയും ഞാൻ കാണുന്നില്ല. അതിനാൽ നീ അവിടുത്തേക്ക് എന്നിൽ നിന്നുള്ള സലാം എത്തിക്കേണമേ' (ദലാഇലുന്നുബുവ്വഃ, ബൈഹകി).

ബദ്ർ യുദ്ധത്തിൽ ഖുബയ്ബി رضي الله عنهന്റെ കരങ്ങളാൽ വധിക്കപ്പെട്ട ഹാരിഥിന്റെ മകൻ ഉക്ബയാണ് ഖുബയ്ബിനെ തൻഈമിൽവെച്ച് വധിച്ചത്.

ആസിമി رضي الله عنهന്റെ നേതൃത്വത്തിലുള്ള സംഘത്തിന് നേരിടേണ്ടി വന്ന വിഷമം മദീനയിൽ ജീവിച്ചിരിപ്പുള്ള മുഹമ്മദ് നബിﷺയോ മറ്റു മഹാന്മാരായ സ്വഹാബിമാരോ മഹതികളോ അറിയുന്നില്ല. അല്ലാഹുവേ, ഞങ്ങളെ പറ്റിയുള്ള വിവരം നീ റസൂലിന് അറിയിക്കേണമേ എന്ന് ആ സമയത്ത് ആസിം رضي الله عنه അല്ലാഹുവിനോട് പ്രാർഥിച്ചി



രുന്നുവല്ലോ. അതുപോലെ ഖുബയ്ബ്ؓ നബിﷺക്ക് തന്റെ സലാം എത്തിക്കുന്നതിനായി അല്ലാഹുവിനോട് പ്രാർഥിച്ചതും നാം കണ്ടു. ‘നബിയേ, ഞങ്ങൾ ശത്രുക്കളാൽ വലയം ചെയ്യപ്പെട്ടിരിക്കുകയാണ്. അങ്ങ് ഞങ്ങളെ കാണുന്നില്ലേ? ഞങ്ങളെ സഹായിക്കേണമേ...’ എന്ന് എന്തുകൊണ്ട് മദീനയിൽ ജീവിച്ചിരിപ്പുള്ള റസൂലിനോട് അവർ തേടിയില്ല? നബിﷺയുടെ മുഅ്ജിസതിലും പ്രത്യേകതകളിലും അവർക്ക് വിശ്വാസമില്ലാത്തതിനാലാണോ? അല്ല! നബിയോട് സ്നേഹവും ആദരവും ഇല്ലാത്തതിനാലാണോ? അല്ല! നബിﷺയുടെ കാഴ്ചക്കും കേൾവിക്കും അറിവിനും പരിതിയുണ്ട്. പരിധിക്കപ്പുറത്തുള്ള കാര്യങ്ങൾ അവിടുത്തേക്ക് അറിയാൻ സാധിക്കില്ല എന്നാണ് സ്വഹാബിമാർ മനസ്സിലാക്കിയിരുന്നത്. അതിനാൽ കാഴ്ചക്കോ കേൾവിക്കോ അറിവിനോ കഴിവിനോ യാതൊന്നും പരിധിയുമില്ലാത്ത അല്ലാഹുവിനോടാണ് സ്വഹാബിമാർ സഹായം തേടിയത്. അതാണ് ഇസ്‌ലാം പഠിപ്പിക്കുന്ന വിശ്വാസം.

ആസ്വിമിؓനെ വധിച്ച വിവരം ക്വുറയ്ശികൾ അറിഞ്ഞു. അവർ ഏറെ ആനന്ദിച്ചു. മൃതശരീരം വികൃതമാക്കുന്നതിന് ഉത്സാഹം കാണിച്ചു. തല അറുത്തുമാറ്റാൻ ക്വുറയ്ശികൾ വെമ്പൽകൊണ്ടു. ബദ്‌റിലെ ആസ്വിമിؓന്റെ യുദ്ധപ്രകടനത്തിൽ അരിശം പൂണ്ടവരായിരുന്നല്ലോ ക്വുറയ്ശികൾ. ‘ആസ്വിമിനെ കൊല്ലുകയും അവന്റെ തലയെടുത്ത് തലയോട്ടിയിൽ മദ്യം ഒഴിച്ച് മോന്തിക്കുടിക്കുകയും ചെയ്യുന്നത് വരെ വിശ്രമമില്ല’ എന്ന് ശപഥം ചെയ്ത സ്ത്രീ പോലും അവരിൽ ഉണ്ടായിരുന്നു. അവൾ അദ്ദേഹത്തിന്റെ കൊലയെ പറ്റിയുള്ള വാർത്ത കേട്ടമാത്രയിൽ എത്രമാത്രം ആനന്ദിച്ചിരിക്കുമെന്നത് ചിന്തിച്ചുനോക്കൂ. വാർത്ത കേട്ടപാടെ ആ പെണ്ണിന് ആസ്വിമിؓന്റെ തല കൊടുക്കാനായി ഒരു സംഘം അവിടേക്ക് തിരിച്ചു. എന്നാൽ അവർക്ക് അതിന് സാധിച്ചില്ല. ആസ്വിമിؓന്റെ മൃതശരീരത്തിന് അല്ലാഹു കാവൽ നൽകി. അദ്ദേഹത്തിന് അല്ലാഹു ഒരു കറാമത്ത് നൽകുകയാണ്. മരണത്തിന് ശേഷവും കറാമത്ത് ഉണ്ടാകും എന്നത് ഈ സംഭവം തെളിവാണെന്നത് നാം മനസ്സിലാക്കണം. അദ്ദേഹത്തിന്റെ മൃതശരീരത്തിന് ചുറ്റും ഒരുകൂട്ടം ആൺ തേനീച്ചകളെ അയച്ചുകൊണ്ട് അല്ലാഹു സംരക്ഷണം നൽകി. ശത്രുക്കൾക്ക് അദ്ദേഹത്തിന്റെ അടുത്തേക്ക് സമീപിക്കാൻ സാധിക്കുന്നില്ല.

ഖുബയ്ബ്ؓനെ വധിക്കുന്ന സമയത്ത് അബൂസുഫ്‌യാൻ ഇപ്രകാരം ചോദിച്ചു: ‘നിങ്ങൾ നിങ്ങളുടെ കുടുംബത്തിൽ ആയിരിക്കെ (നിങ്ങളെ വെറുതെ വിടുകയും, നിങ്ങൾക്ക് പകരം) മുഹമ്മദിനെ ഞങ്ങളുടെ അടുക്കൽ (കൊണ്ടുവരികയും എന്നിട്ട്) അദ്ദേഹത്തിന്റെ പിരടി ഞങ്ങൾ വെട്ടുകയും ചെയ്യുന്നത് നിങ്ങളെ സന്തോഷിപ്പിക്കുമോ?’ അപ്പോൾ അദ്ദേഹം പറഞ്ഞു: ‘ഇല്ല. അല്ലാഹുവാണ സത്യം, തീർച്ചയായും ഞാൻ എന്റെ കുടുംബത്തിൽ ആകുകയും മുഹമ്മദ് ﷺ, അദ്ദേഹം എവിടെയാണോ അവിടെനിന്ന് അദ്ദേഹത്തിന് ഒരു മുള്ള് തറച്ച് പ്രയാസപ്പെടുത്തുന്നുണ്ടെങ്കിൽ (പോലും) അത് എന്നെ സന്തോഷിപ്പിക്കുന്നതല്ല.’

“ അങ്ങ് ഞങ്ങളെ കാണുന്നില്ലേ? ഞങ്ങളെ സഹായിക്കേണമേ...’ എന്ന് എന്തുകൊണ്ട് മദീനയിൽ ജീവിച്ചിരിപ്പുള്ള റസൂലിനോട് സ്വഹാബിമാർ തേടിയില്ല? നബിﷺയുടെ മുഅ്ജിസതിലും പ്രത്യേകതകളിലും അവർക്ക് വിശ്വാസമില്ലാത്തതിനാലാണോ? അല്ല! നബിയോട് സ്നേഹവും ആദരവും ഇല്ലാത്തതിനാലാണോ? അല്ല! നബിﷺയുടെ കാഴ്ചക്കും കേൾവിക്കും അറിവിനും പരിതിയുണ്ട്. പരിധിക്കപ്പുറത്തുള്ള കാര്യങ്ങൾ അവിടുത്തേക്ക് അറിയാൻ സാധിക്കില്ല എന്നാണ് സ്വഹാബിമാർ മനസ്സിലാക്കിയിരുന്നത്. അതിനാൽ കാഴ്ചക്കോ കേൾവിക്കോ അറിവിനോ കഴിവിനോ യാതൊന്നും പരിധിയുമില്ലാത്ത അല്ലാഹുവിനോടാണ് സ്വഹാബിമാർ സഹായം തേടിയത്. അതാണ് ഇസ്‌ലാം പഠിപ്പിക്കുന്ന വിശ്വാസം. ”

ഈ മറുപടി കേട്ട അബൂ സുഫ്‌യാൻ പറഞ്ഞു: ‘ജനങ്ങളിൽ മുഹമ്മദിന്റെ ആളുകൾ മുഹമ്മദിനെ സ്നേഹിക്കുന്നത് പോലെ ഒരാളും ഒരാളെയും സ്നേഹിക്കുന്നത് ഞാൻ കണ്ടിട്ടില്ല.’

ഖുബയ്ബിؓനെ വധിച്ചതിന് ശേഷം സയ്ദിؓനെയും അവർ കൊലപ്പെടുത്തി. അദ്ദേഹത്തെ വധിച്ചത് സ്വഫ്‌വാൻ ഇബ്നു ഉമയ്യയായിരുന്നു. കാരണം സ്വഫ്‌വാന്റെ പിതാവ് ഉമയ്യത്തിനെ വധിച്ചത് സയ്ദ്ؓ ആയിരുന്നു.

(തുടരും)

വി വി ബഷീർ വടകര
mail@nerpatham.com

ലേഖനം



# ഇസ്‌ലാം വിമർശനം അന്നും ഇന്നും

ഇസ്‌ലാം ലോകരക്ഷിതാവിന്നുള്ള സമ്പൂർണ കീഴ്‌വണക്കത്തിന്റെയും സമാധാനത്തിന്റെയും മതമാണ്. അത് ഏതെങ്കിലും മനുഷ്യരുടെ ബുദ്ധിയിൽനിന്നും ഉരുത്തിരിഞ്ഞ പ്രത്യയശാസ്ത്രമല്ല, മറിച്ച് അത് ദൈവിക മതമാണ്. വിമർശനങ്ങൾ അതിന് പുത്തരിയല്ല. ഒരു ലക്ഷത്തിൽപരം പ്രവാചകന്മാരെ അല്ലാഹു മാർഗദർശനവുമായി നിയോഗിച്ചിട്ടുണ്ട്. അവർക്കെല്ലാം സമൂഹത്തിൽനിന്നും കൈപ്പേറിയ അനുഭവങ്ങൾ നേരിടേണ്ടിവന്നിട്ടുണ്ട്. കാരണം അവർ പ്രബോധനം ചെയ്തത് സമൂഹത്തിൽ നിലനിൽക്കുന്ന വിശ്വാസവൈകല്യങ്ങൾക്കും മറ്റു അധർമങ്ങൾക്കുമെതിരെയുള്ള സന്ദേശമാണ്. തങ്ങൾ ഏതൊരാദർശത്തിലും ആചാരങ്ങളിലും നിലകൊള്ളുന്നുവോ അത് ശരിയല്ലെന്നു പറയുന്നത് അംഗീകരിക്കുവാൻ സമൂഹത്തിലെ ബഹുഭൂരിഭാഗത്തിനും മനസ്സുവന്നില്ല. അതിനാൽ തങ്ങളാൽ കഴിയുംവിധം അവർ സത്യത്തിന്റെ ശബ്ദത്തെ ഇല്ലാതാക്കുവാൻ ശ്രമിച്ചു.

മുഹമ്മദ് നബിﷺയും ഈ എതിർപ്പിൽനിന്ന് രക്ഷപ്പെട്ടില്ല. ശത്രുക്കൾ നാനാവിധത്തിൽ എതിർപ്പ് പ്രകടിപ്പിച്ചു, വിമർശിച്ചു. ദുരാരോപണമുന്നയിച്ചു. എന്നാൽ ഇസ്‌ലാം അതിനെയെല്ലാം അതിജയിച്ചു. വർത്തമാനകാലത്തും ഈ

എതിർപ്പും വിമർശനങ്ങളും തുടർന്നുകൊണ്ടിരിക്കുന്നു. പ്രവാചകനെയും ക്വുർആനിനെയും ശരീഅത്തിനെയുമെല്ലാം യാതൊരു മയവുമില്ലാതെ വിമർശിക്കുകയും അപഹസിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. എന്നിട്ടും ഇസ്‌ലാം തളരുകയല്ല; വളരുകതന്നെയാണ്.

ഇസ്‌ലാമിനെ കീഴ്മേൽ മറിച്ചുകളയാം എന്ന ധാരണയിലാവാം ചില 'മേലധ്യക്ഷന്മാർ' ഇതുവരെ ആരും ഉന്നയിക്കാത്ത ആരോപണങ്ങളുമായി കടന്നുവരുന്നത്. എന്നാൽ ഏതൊരു വിമർശനത്തെയും മുസ്‌ലിംകൾ ഭയപ്പെടുന്നില്ല. കാരണം ആ വിമർശനങ്ങളുടെയെല്ലാം മുനയൊടിക്കുവാൻ അവരുടെ പക്കൽ മതത്തിന്റെ പ്രമാണങ്ങളുണ്ട്. പ്രമാണങ്ങളുടെയും ചരിത്രസത്യങ്ങളുടെയും അടിസ്ഥാനത്തിൽ മറുപടി നൽകാൻ മുസ്‌ലിംകൾക്ക് പ്രയാസമില്ല.

മഹാനായ നബിﷺ പതിമൂന്ന് വർഷക്കാലം മക്കയിൽ ജീവിച്ചത് അങ്ങേയറ്റം എതിർപ്പുകളും പീഡനങ്ങളും സഹിച്ചുകൊണ്ടാണ്. പക്ഷേ, എടുത്തുചാട്ടത്തിന്റെയും പ്രത്യാക്രമണത്തിന്റെയും മാർഗം അദ്ദേഹം അവലംബിച്ചില്ല. അല്ലാഹുവിന്റെ തീരുമാനത്തെ പ്രതീക്ഷിച്ച് ക്ഷമയോടെ നബിﷺയും അനുചരന്മാരും കാത്തിരുന്നു. സ്വയംകൃതമായ ചിന്തകൾ ഇസ്‌ലാമിന്റെ മേൽകെട്ടിവെച്ച് എടുത്തുചാടി പ്രതികരിക്കുന്ന ഇന്നത്തെ ചിലരുടെ പ്രവർത്തനങ്ങൾ ഇസ്‌ലാമിനും മുസ്‌ലിംകൾക്കും കോട്ടമല്ലാതെ നേട്ടമൊന്നും വരുത്തിവെക്കുന്നതല്ല. കേരളത്തിൽ നടന്ന കൈവെട്ടുകേസ് ഇതിനുദാഹരണമാണ്. പണ്ട് 'രംഗീല റസൂൽ' എന്ന പേരിൽ പുസ്തകമെഴുതിയ സ്വാമി ശ്രദ്ധാനന്ദയെ വധിച്ചുകൊണ്ട് ചില അവിവേകികൾ ചെയ്ത തെറ്റിന് ക്രൂശിക്കപ്പെട്ടത് ഇസ്‌ലാമാണ്. വിമർശനങ്ങളെ നേരിടുന്ന രീതിശാസ്ത്രം അവിവേകത്തിന്റെയും കടന്നാക്രമണത്തിന്റേതുമായിക്കൂടാ.

Colin Maineന്റെ The hand of Islam എന്ന പുസ്തകം ഇസ്‌ലാമിനെ മോശമായി ചിത്രീകരിച്ചപ്പോൾ യഥാർഥ ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്ന നിരവധി കൃതികൾ രചിക്കപ്പെട്ടത് തെറ്റുധാരണ തിരുത്തപ്പെടാൻ കാരണമാകുകയുണ്ടായി. ഇബ്നുവർറാകിന്റെ Why I am Not a Muslim എന്ന, ഇസ്‌ലാമിനെ ഭീകരവാദമായി ചാപ്പകുത്തുന്ന കൃതിയും വേണ്ടത്ര പ്രചാരണമാവാതെ പോയതും വിശ്വാസികളുടെ അവസരോചിതമായ ഇടപെടൽ മൂലമാണ്.

ലൗ ജിഹാദും നാർക്കോട്ടിക് ജിഹാദും ഉന്നയിക്കുന്നവർ അന്യസ്ത്രീപുരുഷ ബന്ധത്തിന്റെയും ലഹരിവസ്തുക്കളുടെയും വിഷയത്തിലുള്ള ഇസ്‌ലാമിന്റെ നിലപാട് അറിയാത്തവരൊന്നുമല്ല. ബഹുമതസമൂഹത്തിനിടയിൽ ഇസ്‌ലാമിനെ കരിവാരിത്തേക്കുക എന്ന ലക്ഷ്യം അവർ നടപ്പിലാക്കാൻ ശ്രമിക്കുന്നു എന്നു മാത്രം.



ഇസ്‌ലാം അനുസരിച്ചുള്ള ജീവിതവും അങ്ങനെ ജീവിക്കാൻ വേണ്ടിയുള്ള ത്യാഗപരിശ്രമങ്ങളുമാണ് ജിഹാദ്. അല്ലാതെ ആരെയെങ്കിലും അന്യായമായി ഉപദ്രവിക്കാനുള്ള മാർഗമല്ല. നാർകോട്ടിക് വസ്തുക്കളുടെ ഉപയോഗത്തിനെതിരെ ജിഹാദ് ചെയ്യേണ്ടവരാണ് മുസ്‌ലിംകൾ എന്നിരിക്കെ അവയെ ഇസ്‌ലാമിനായി ഉപയോഗപ്പെടുത്തുന്നു എന്ന ആരോപണം എന്തുമാത്രം ബാലിശവും അർഥശൂന്യവുമാണ്!

വിശുദ്ധ ക്വുർആൻ മദ്യത്തെക്കുറിച്ച് പറഞ്ഞു: "സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെച്ച് നോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ലേച്ഛവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജ്ജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം" (5:90).

സർവ തിന്മകളുടെയും മാതാവ് എന്നാണ് നബിﷺ മദ്യത്തെ വിശേഷിപ്പിച്ചിട്ടുള്ളത്. വിശ്വാസിസമൂഹം വൻപാപമായി കാണുന്ന ലഹരിവസ്തുക്കൾ മതപ്രചാരണത്തിന് ഉപയോഗിക്കുന്നു എന്ന അവാസ്തവം; ഇസ്‌ലാമിക പ്രബോധനരംഗത്ത് അടുത്ത കാലങ്ങളിൽ ഉണ്ടായ നവജാഗരണം ചിലരെയൊക്കെ വിഷമിപ്പിക്കുന്നു എന്നതിന് ഒരു ഉദാഹരണം മാത്രമാണ്. തങ്ങളുടെ ഇടയിൽ നിലനിൽക്കുന്ന തർക്കങ്ങളും അഭ്യന്തരപ്രശ്നങ്ങളും മൂടിവയ്ക്കാനുള്ള അടവായി ഇസ്‌ലാംവിമർശനം നടത്തുന്നവർ അറിയുക; സൂര്യപ്രകാശത്തെ മുറംകൊണ്ട് മറച്ചുവയ്ക്കാൻ ആർക്കും സാധ്യമല്ല.

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

കാഴ്ച

# സമൃദ്ധിയിലേക്കുള്ള യാത്രകൾ

മഴ പെയ്തുകൊണ്ടിരുന്നു. കാറിൽ ഞാനും അയാളും മാത്രം. നാല് മണിക്കൂർ നീണ്ട യാത്രക്കിടയിലാണ് ആ ചെറുപ്പക്കാരന്റെ യഥാർഥ ജീവിതം അറിഞ്ഞത്. സംസാരത്തിനിടയിൽ അയാളുടെ കണ്ണുകൾ നിറയുന്നതും തുടക്കുന്നതും കണ്ടു.

ഔദ്യോഗികമായും അല്ലാതെയും അറിയുന്ന ആളാണ്. എങ്കിലും കൂടുതൽ അറിയുന്നത് അന്നാണ്. പത്താം ക്ലാസ്സിൽ മാർക്ക് തീരെ കുറവ്. തുടർപഠനം നടക്കില്ല എന്ന് പറയേണ്ടതില്ലല്ലോ. കോഴിക്കടയിൽ കോഴിവെട്ട് തൊഴിലിൽ തുടക്കം. കല്യാണം പോലുള്ള ആഘോഷങ്ങളിൽ ലാഭം ചിന്തിക്കാതെ വെട്ടുകൂലി മാത്രം വാങ്ങി കച്ചവടം കൂട്ടി. അത് പിന്നങ്ങനെ വളർന്നു. കോഴി എത്തിക്കുന്ന കമ്മീഷൻ ഏജന്റായി പിന്നീട്. രാത്രി ഉറക്കം നഷ്ടപ്പെടുത്തി കഷ്ടപ്പെട്ട് പണിയെടുത്തു. കോഴിക്കുഞ്ഞുങ്ങളെയും തീറ്റയും മറ്റും ഏത്തിച്ച് കൊടുത്ത ശേഷം വളർച്ചയെത്തിയ കോഴിയെ തിരികെ വാങ്ങുന്ന ഇന്റഗ്രേഷൻ രീതിയിലേക്കത് വളർന്നു. പിന്നീട് കോഴിത്തീറ്റ വ്യാപാരത്തിലേക്കും. പത്താം തരത്തിൽ 100 മാർക്ക് തികയാത്ത പയ്യന്റെ വാർഷിക വിറ്റുവരവ് 100 കോടി കടന്നു. വ്യാപാര സംഘടനാനേതൃത്വത്തിലും സജീവമായി. ഷെഡിൽ കോഴിവെട്ട് ചെയ്തിരുന്നവന് 50ലേറെ കടമുറികൾ വാടകക്ക് കൊടുക്കാൻ ഉണ്ടായി. കോവിഡ് കാലത്ത് വ്യാപാരികൾ കഷ്ടപ്പെട്ട കാലത്ത് വാടക ഒഴിവാക്കി അവരുടെ കൂടെനിന്നു.

ഇറ താഴ്ന്ന, തല കുമ്പിട്ട് മാത്രം കയറാൻ പറ്റിയിരുന്ന ഓടിട്ട പുരയുടെ സ്ഥാനത്ത് വിശാലമായ വീട് പണിതു. പട്ടിണിയുടെ അരികുചാരി ജീവിച്ചവർക്ക് സുഭിക്ഷതയുടെ സമൃദ്ധി വന്നു. എല്ലാം സ്വന്തം കഴിവുകൊണ്ട് എന്ന് അഹങ്കരിച്ചില്ല. എല്ലാം സ്രഷ്ടാവിന്റെ കാരുണ്യം എന്നോർത്ത് വിനീതനായി.

മെഡിക്കൽ കോളേജിൽ ശസ്ത്രക്രിയ കഴിഞ്ഞ് പണ്ട് പെങ്ങൾ കിടന്ന കാലത്ത് കൂട്ടിനിരിക്കാൻ ആളില്ലാതെ കഷ്ടപ്പെട്ട കാലം മറന്നില്ല. പട്ടിണി കിടക്കാതെ അയൽവാസി ചേർത്തുപിടിച്ചതിന്റെ ഓർമ കൈവിട്ടില്ല. ചാരിറ്റി രംഗത്തും പാലിയേറ്റിവ് മേഖലയിലും കൂട്ടായ്മയുടെ മുന്നിൽ തന്നെ നിന്നു. കുട്ടിക്കാലത്ത് ചോദിക്കാതെ കിട്ടിയ കാരുണ്യം അർഹതപ്പെട്ടവർക്ക് തിരികെ കൊടുത്തുകൊണ്ടിരിക്കുന്നു.

കച്ചവടം ചെയ്ത് ജീവിക്കാൻ മറന്നുപോയ ഭൂരിപക്ഷം കച്ചവടക്കാരുടെ കൂട്ടത്തിൽ പെട്ടില്ല. ഒറ്റക്കും കൂട്ടായും കുടുംബമൊത്തും യാത്രചെയ്തു. 32 വിദേശ രാജ്യങ്ങൾവരെ അത് നീണ്ടു. യാത്ര ചെയ്തതിന്റെ ഇരട്ടിയിരട്ടി ഇനിയും സഞ്ചരിക്കണമെന്ന ആഗ്രഹം മനസ്സിലുണ്ടെന്ന് തുറന്നുപറഞ്ഞു. 45 വയസ്സ് തികഞ്ഞാൽ സജീവ വ്യാപാരം നിർത്തി കൂടുതൽ ലോകം കാണണം എന്ന മോഹത്തിലാണ്!

കുറച്ച് സമ്പത്തും ഐശ്വര്യവും കൈവന്നാൽ പിന്നിട്ട ദുരിത ജീവിതവഴികൾ മറക്കുകയും കഷ്ടപ്പെടുന്നവനെ കണ്ടില്ലെന്ന് നടിക്കുകയും ചെയ്യുന്നവരുണ്ട്. കച്ചവടം ചെയ്യാൻ മാത്രം ജനിച്ചവൻ എന്ന മട്ടിൽ രാവും പകലും അക്കാര്യം മാത്രം ചിന്തിച്ച് ഇണക്കും മക്കൾക്കും കുടുംബത്തതിനുമൊപ്പം ജീവിക്കാൻ മറന്നുപോകുന്ന വ്യാപാരികൾക്കിടയിൽ വേറിട്ട് നിൽക്കുന്ന ഇയാളിൽ നിന്ന് പഠിക്കാൻ ഏറെയുണ്ട്. ജീവിത യാത്രയിൽ കൂടുതൽ വിശാലമായി സഞ്ചരിക്കാൻ കഴിയട്ടെയെന്ന് ആശംസിച്ച് ഞാൻ യാത്ര പറഞ്ഞിറങ്ങി. അപ്പോൾ മഴ തോർന്നിരുന്നു.

"...അവർ നമസ്കാരം മുറപോലെ നിർവഹിക്കുകയും നാം അവർക്കു നൽകിയ ധനത്തിൽനിന്ന്, യാതൊരു ക്രയവിക്രയവും ചങ്ങാത്തവും നടക്കാത്ത ഒരു ദിവസം വരുന്നതിന് മുമ്പായി രഹസ്യമായും പരസ്യമായും അവർ (നല്ല വഴിയിൽ) ചെലവഴിക്കുകയും ചെയ്തുകൊള്ളട്ടെ" എന്ന ക്വുർആൻ വചനം (14:31) ഉൾക്കൊണ്ട് ജീവിക്കുന്ന ഇത്തരം ആളുകളാണ് സമൂഹത്തിൽ വളർന്നുവരേണ്ടത്.




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 OCTOBER 23

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-




WISDOM ISLAMIC ORGANIZATION
Relief
.......without boundaries

# വിസ്ഡം റിലീഫ്

നിരാലംബരും നിർധനരുമായ വിധവകൾക്ക്...
ഓർക്കാപ്പുറത്ത് പ്രകൃതി ദുരന്തത്തിനിരയായി കിടപ്പാടം നഷ്ടപ്പെട്ടവർക്ക്...
സ്വന്തമായി ഒരു വീടെന്ന സ്വപ്നം സാക്ഷാൽക്കരിക്കാൻ സാധിക്കാതെ
വാടകവീട്ടിൽ പ്രയാസപ്പെട്ട് കഴിഞ്ഞുകൂടുന്ന സാധു കുടുംബങ്ങൾക്ക്...
കൂലിവേല ചെയ്ത് ഉപജീവനം കണ്ടെത്തി,
അരമുറുക്കി കിട്ടിയതിൽ നിന്ന് ചില്ലറ മാറ്റി വച്ച്...
വീടുപണി ആരംഭിച്ച് പാതിവഴിയിൽ നിന്ന് പോയ,
കലങ്ങിയ കണ്ണുമായി കഴിഞ്ഞു കൂടുന്ന കുടുംബങ്ങൾക്ക്...
ആശ്വാസത്തിന്റെ തണലൊരുക്കാൻ
**നമുക്ക് കൈകോർക്കാം.**

## സ്നേഹസ്പർശം ഭവന നിർമാണ പദ്ധതി

**Wisdom Islamic Organization**
**Account No: 920010022468211**
**Axis Bank**
**Branch name: KALLAI ROAD**
**IFSC UTIB0001908**